ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം

പ്രതിപക്ഷനേതാവ്, ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, 2014 മേയ് 7-ന് സുപ്രീം കോടതി മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച് പുറപ്പെടുവിച്ച വിധിമൂലം ഉളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭയുടെ ചട്ടം 130 പ്രകാരം ചർച്ച ചെയ്യണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

പ്രതിപക്ഷനേതാവ്, ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, മുല്ലപ്പെരിയാർ ഉയർത്തുന്ന ആശങ്കകളിൽ നാം ഉണ്ണാനും ഉറങ്ങാനും തുടങ്ങിയിട്ട് പതിറ്റാണ്ടുകൾ പലതുകഴിഞ്ഞു. ചട്ടം 130 അനുസരിച്ചുതന്നെ മുല്ലപ്പെരിയാർ വിഷയം ഇത് മൂന്നാം തവണയാണ് കേരള നിയമസഭ ചർച്ച ചെയ്യുന്നത്. 'എന്നിട്ടും വഞ്ചി തിരുനക്കരത്തന്നെ' എന്ന അവസ്ഥയിലാണ്. അതുകൊണ്ട് തന്നെ പോയകാലങ്ങളിലെ നമ്മുടെ നിലപാടുകളിലെ പാളിച്ചകളും നടപടികളും പിഴവുകളുമൊക്കെ സ്പർശിച്ചു പോകാതിരിക്കാൻ കഴിയുകയില്ല. കാരണം ചരിത്രത്തിൽ നിന്നും ചരിത്രം നൽകുന്ന പാഠങ്ങളിൽ നിന്നും പലതും ഉൾക്കൊണ്ട് മാത്രമേ നമുക്ക് പുതിയ വെല്ലുവിളികൾ നേരിടാനും അവയെ മുറിച്ച് കടന്ന് മുന്നോട്ട് പോകാനും കഴിയൂ. മുല്ലപ്പെരിയാർ പ്രശ്നം ചട്ടം 130 അനുസരിച്ച് നമ്മുടെ നിയമസഭ ആദ്യം ചർച്ച ചെയ്തത് 1993 മാർച്ച് 31-നായിരുന്നു. അവസാനത്തെ ചർച്ച 2011 ഡിസംബർ 9-നായിരുന്നു.

ഈ ചർച്ച കഴിഞ്ഞ് കൃത്യം രണ്ടര വർഷം പിന്നിടുന്ന ഈ ഘട്ടത്തിൽ നാം വീണ്ടും ഈ വിഷയം ചർച്ച ചെയ്യാൻ സമ്മേളിച്ചിരിക്കുകയാണ്. നമുക്കറിയാം ഈ വിഷയത്തിൽ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ തമ്മിൽ ഒരഭിപ്രായ വ്യത്യാസമില്ല. മുൻപ്, ഇങ്ങനെ ചർച്ച ചെയ്തപ്പോഴും ഭരണ പ്രതിപക്ഷാംഗങ്ങൾക്കിടയിൽ ഒരു ഭിന്നതയും ഉണ്ടായിരുന്നില്ല. എന്നിട്ടും 21 വർഷം മുൻപ് ചർച്ച ചെയ്ത കാര്യങ്ങൾ തന്നെ വീണ്ടും ചർച്ച ചെയ്യേണ്ടി വന്നിരിക്കുകയാണ്. 1993 മാർച്ച് 31-ലെ ചർച്ചയ്ക്ക് മറുപടി പറഞ്ഞ അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ് ഒരു പ്രമേയം അവതരിപ്പിച്ചു. നദീജല കരാറുകളിൽ അന്തർഭവിച്ചിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നായിരുന്നു പ്രമേയം. ഈ പ്രമേയം സഭ ഏകകണ്ഠമായി പാസ്സാക്കുകയായിരുന്നു. ഒരു വർഷത്തിനുള്ളിൽ ആ കമ്മിറ്റി റിപ്പോർട്ട് നൽകി. പ്രസ്തുത കമ്മിറ്റിയുടെ രണ്ട് പ്രധാന ശുപാർശകൾ ഇവയായിരുന്നു. ഒന്ന്, സംസ്ഥാനത്തിന്റെ താല്പര്യം ഒരു വിധത്തിലും പരിഗണിക്കാതെ വളരെ ദീർഘകാലത്തേയ്ക്ക് ഒപ്പുവച്ച മുല്ലപ്പെരിയാർ കരാറിന് സ്വാതന്ത്ര്യലബ്ധിയോടുകൂടി നിയമസാധുത നഷ്ടപ്പെട്ടു എന്നാണ് സമിതിയുടെ സുചിന്തിതമായ അഭിപ്രായം. ഇക്കാര്യത്തിൽ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. രണ്ട്, സംസ്ഥാനത്തെ നദികളെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും സമഗ്രമായി പഠിക്കുന്നതിനും ദീർഘ വീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും മറ്റുമായി ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കണം. എന്നാൽ ഈ രണ്ടു ശിപാർശകളുടെ കാര്യത്തിലും നാം ഒന്നും ചെയ്തില്ല. ഇപ്പോൾ 20 കൊല്ലം കഴിഞ്ഞ് നമുക്കൊന്ന് തിരിഞ്ഞു

നോക്കിയാലോ? ഗവൺമെന്റുകൾ മാറി മാറി വന്നു. 1886-ൽ ഉണ്ടാക്കിയ കരാറാണല്ലോ ഇപ്പോൾ കീറാമുട്ടിയായിരിക്കുന്നത്? 128 വർഷം മുൻപ് രാജ ഭരണവും ബ്രിട്ടീഷ് ആധിപത്യവും നിലനിന്നിരുന്ന കാലത്ത് ഉണ്ടാക്കിയ കരാർ കാലഹരണപ്പെട്ടതാണെന്ന് നിയമത്തിന്റെയും തെളിവുകളുടെയും രേഖകളുടേയും അടിസ്ഥാനത്തിൽ സുപ്രീം കോടതിയെ ബോധ്യപ്പെടുത്തു ന്നതിൽ നമ്മൾ പരാജയപ്പെട്ടു. എന്തുകൊണ്ടാണിങ്ങനെ സംഭവിച്ചത്? കേസ് ആരംഭിച്ച് 10 വർഷം കഴിഞ്ഞാണ് കരാറിന് നിയമസാധുതയില്ലായെന്ന് ആദ്യ മായി കോടതിയിൽ വാദിച്ചത്. ഇപ്പോഴും അക്കാര്യം കോടതിയെ പൂർണ്ണ മായും ബോധ്യപ്പെടുത്താനായില്ല. എന്നാൽ കേരളത്തിന് ഏറ്റവും ദോഷകര മായ രീതിയിൽ സുപ്രീം കോടതിയിൽ നിന്നും തിരിച്ചടിയുണ്ടായത് 2005-2006 കാലയളവിലാണ്.

2005-ൽ കേന്ദ്ര സർക്കാർ നിയമിച്ച സാങ്കേതിക കമ്മിറ്റി നൽകിയ റിപ്പോർട്ട് കേരളത്തിന് എതിരായിരുന്നു. ഡാമിന്റെ സംഭരണശേഷി 136 അടിയിൽ നിന്നും 142 അടിയായി ഉയർത്തണമെന്നായിരുന്നു ആ റിപ്പോർട്ടിലെ ശിപാർശ. ഇതിന്മേൽ നടന്ന വാദങ്ങളിൽ സുപ്രീംകോടതിയിൽ ഫലപ്രദമായി ഇടപെടാൻ കേരളത്തിനുവേണ്ടി ആരും ഇല്ലാത്ത സ്ഥിതിയായിരുന്നു. സാങ്കേ തിക സമിതിയുടെ വാദം അംഗീകരിച്ചുകൊണ്ട് സുപ്രീംകോടതിയുടെ വിധിയും അന്നുണ്ടായി. അന്നത്തെ ആ ഇടക്കാല വിധിയാണ് അഞ്ചംഗ ഭരണഘടനാബഞ്ച് ഇപ്പോൾ ശരിവച്ചിരിക്കുന്നത്. ഇന്ത്യൻ ഇൻഡിപെന്റൻസ് ആക്ട് വന്നതിന്റെ ഫലമായി അതിനുമുമ്പുള്ള എല്ലാ ഉടമ്പടികളും കരാറു കളും കാലഹരണപ്പെടും; ഇത് രാഷ്ട്രീയ ഉടമ്പടികൾക്കും കരാറുകൾക്കും മാത്രമേ ബാധകമാകൂ എന്നാണ് സുപ്രീംകോടതി വ്യാഖ്യാനിച്ചിരിക്കുന്നത്.

ഇത് ശരിയല്ല. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന വ്യാഖ്യാനങ്ങളാണ് സുപ്രീംകോടതി ഇതിലൂടെ നടത്തിയിരിക്കുന്നത്. അതുപോലെതന്നെ അന്തർസംസ്ഥാന നദികളെക്കുറിച്ച് സുപ്രീം കോടതി ഇപ്പോൾ നടത്തിയിരിക്കുന്ന വ്യാഖ്യാനവും കേട്ട്കേഴ്‌വി ഇല്ലാത്തതാണ്. രണ്ട് സംസ്ഥാനങ്ങളിൽ കൂടി ഒഴുകുന്ന നദിയാണ് അന്തർസംസ്ഥാന നദി. പെരിയാർ ആകട്ടെ കേരളത്തിൽ തന്നെ ഉത്ഭവിച്ച് കേരളത്തിൽ അവസാനിക്കുന്ന നദിയാണ്. അതുകൊണ്ട് ഇതിനെ അന്തർസംസ്ഥാന നദിയായി പരിഗണിക്കാനാവില്ല. ഇത് കാര്യക്ഷമമായി സുപ്രീംകോടതിയെ ബോധ്യപ്പെടുത്തുന്ന കാര്യത്തിൽ നമ്മൾ പരാജയപ്പെട്ടിരിക്കുകയാണ്. തമിഴ്നാട്ടിൽ 114 ചതുരശ്ര കിലോമീറ്റർ പെരിയാറിന്റെ വൃഷ്ടിപ്രദേശമുണ്ടെന്നാണ് ഇതിനെ അന്തർ സംസ്ഥാന നദിയായി കണക്കാക്കുന്നതിന് പറയുന്ന ന്യായം. ഈ 114 ചതുരശ്ര കിലോമീറ്റർ വൃഷ്ടി പ്രദേശത്തിന്റെ കണക്ക് സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്താൻ തമിഴ്നാട് അവിടെ ഹാജരാക്കിയിരിക്കുന്നത് നമ്മുടെ പൊതുമരാമത്ത് വകുപ്പ് പണ്ടെങ്ങോ തയ്യാറാക്കിയ തെറ്റായ രേഖയാണെന്ന് നാം ഓർക്കണം. നമ്മുടെ ജലവിഭവത്തെക്കുറിച്ച് സമഗ്ര പഠനം നടത്തണമെന്ന രണ്ടാമത്തെ ശിപാർശയിന്മേൽ രണ്ട് പതിറ്റാണ്ട് പിന്നിട്ടിട്ടും നാം ഒരു പഠനവും നടത്തിയില്ല. 1958-ലെ വൈദ്യനാഥൻ കമ്മീഷനും 1974-ലെ ഭരതൻ കമ്മീഷനുമാണ് നമ്മുടെ ജലലഭ്യതയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുള്ളത്. ഈ രണ്ട് കമ്മീഷനുകളുടെയും പഠനം മഴവെള്ളലഭ്യത അടിസ്ഥാനപ്പെടുത്തിയായിരുന്നു. കേരളം ജലസമ്പന്നമാണെന്നത് ഒരു പഴയ ധാരണ മാത്രമാണ്. നമ്മുടെ സംസ്ഥാനം നാൾ ചെല്ലുന്തോറും അങ്ങേയറ്റം ജലദൗർലഭ്യം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ സ്ഥലഘടന ഒരു പലക ചരിച്ചു

വച്ചിരിക്കുന്നതുപോലെയാണ്. അതുകൊണ്ട് പശ്ചിമഘട്ടത്തിൽ പെയ്തു വീഴുന്ന മഴയുടെ നല്ല പങ്കും മണിക്കൂറുകൾക്കുള്ളിൽത്തന്നെ ഒഴുകി കടലിൽച്ചെന്ന് പതിക്കും. അതിനാൽ മൂവായിരം മില്ലീമീറ്റർ മഴയുടെയും 44 നദികളുടെയും ജലസമൃദ്ധിയെപ്പറ്റി നാം മേനി നടിക്കുന്നതിൽ വലിയ അർത്ഥമില്ല. മഴക്കാലത്ത് ഒന്നുരണ്ട് മാസമൊഴികെ നമ്മുടെ നദികളെല്ലാം വറ്റിവരണ്ട് കിടക്കുകയാണ് ചെയ്യുന്നത്. സ്വാഭാവിക നീരൊഴുക്ക് ഇല്ലാത്തതിനാൽ കടലിൽനിന്ന് ഉപ്പുവെള്ളം കയറി നദികളെല്ലാം മലീമസമാകുന്നു. ജലസംഭരണത്തിന്റെ കാര്യത്തിലും നാം വളരെ പിന്നിലാണ്. ഈ വസ്തുതകളൊക്കെ കണക്കിലെടുത്താണ് 1999-ൽ കേരളത്തിന്റെ ജലലഭ്യതയെപ്പറ്റിയും ജലസുരക്ഷയെ സംബന്ധിച്ചും പുതിയൊരു പഠനം നടത്തണമെന്ന് സംസ്ഥാന നിയമസഭ തീരുമാനിച്ചത്. എന്നാൽ ഇങ്ങനെയൊരു പഠനം ഇതുവരെ നടന്നിട്ടില്ല. ഉടൻതന്നെ പഠനം നടത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണം. പഠനത്തിന് വിദഗ്ധരെ നിയോഗിക്കുമ്പോൾ അവർ ഈ മേഖലയിലെ പ്രഗത്ഭരായിരിക്കണം. ഇത്തരമൊരു പഠനത്തിന്റെ അഭാവത്തിൽ കേരളത്തിന്റെ ജലലഭ്യത വളരെ കൂടുതലാണെന്ന മിഥ്യാധാരണയാണ് നിലനിൽക്കുന്നത്. ഇക്കാര്യം സുപ്രീംകോടതിയെ ആധികാരികമായി ബോദ്ധ്യപ്പെടുത്തുന്നതിനും നാം പരാജയപ്പെട്ടിരിക്കുകയാണ്. 2011 ഡിസംബർ 9-ാം തീയതി നടത്തിയ ചർച്ചയിലും സഭാംഗങ്ങൾ ഒരേ വികാരമാണ് പ്രകടിപ്പിച്ചത്. തുടർച്ചയായുണ്ടായ ഭൂകമ്പഭീഷണിയും ഡാമിന്റെ പഴക്കവുംമൂലം മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെപ്പറ്റിയും നിലനിൽപ്പിനെപ്പറ്റിപ്പോലും ഗുരുതരമായ ഭീഷണിയുണ്ടായ സാഹചര്യത്തിൽ ഡാമിലെ ജലനിരപ്പ് 120 അടിയാക്കി താഴ്ത്തുവാനും പുതിയ ഡാം നിർമ്മിക്കുവാനും

ലക്ഷക്കണക്കായ ജനങ്ങളുടെ സുരക്ഷയെ കണക്കിലെടുത്ത് കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ചും സഭ ചർച്ചചെയ്യണമെന്നായിരുന്നു അന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ചട്ടം 130 പ്രകാരം അവതരിപ്പിച്ച ഉപക്ഷേപം. ഭരണ-പ്രതിപക്ഷ അംഗങ്ങൾ പങ്കെടുത്ത ചർച്ചയ്ക്കൊടുവിൽ ചട്ടം 275 അനുസരിച്ച് മുഖ്യമന്ത്രി അവതരിപ്പിച്ച സബ്സ്റ്റാൻന്റീവ് മോഷനിൽ രണ്ടു കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന്, പുതിയ ഡാം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് കേരളാ നിയമസഭ അഭ്യർത്ഥിക്കുന്നു. രണ്ട്, പുതിയ ഡാമിന്റെ നിർമ്മാണംവരെ നിലവിലുള്ള ഡാമിന്റെ സുരക്ഷയ്ക്കുവേണ്ടി ജലനിരപ്പ് 120 അടിയായി താഴ്ത്തുവാൻ അടിയന്തിര നടപടികൾ കൈക്കൊള്ളണം. ഇക്കാര്യങ്ങൾ സഭ അംഗീകരിച്ചതിനുശേഷമുള്ള രണ്ടര വർഷക്കാലത്തിനിടയിൽ മേൽപ്പറഞ്ഞവയിൽ ഒന്നുപോലും നമുക്ക് അനുകൂലമാക്കിയെടുക്കുവാൻ കഴിഞ്ഞിട്ടില്ല. മുല്ലപ്പെരിയാർ ജലത്തിന്റെ അഭാവത്തിൽ 5 ജില്ലകളിൽ വരൾച്ചയും കൃഷിനാശവും ഉണ്ടാകുമെന്നും അത് രണ്ട് ലക്ഷം ഏക്കർ ഭൂമിയിലെ കൃഷിയെയും 6.8 ലക്ഷം കർഷകരെയും ബാധിക്കുമെന്നും അത് അനുവദിക്കാനാവുകയില്ലെന്നുമുള്ള തമിഴ്നാടിന്റെ വാദം അവർ സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്തി. എന്നാൽ നമ്മുടെ 5 ജില്ലകളിലെ 40 ലക്ഷം ജനങ്ങളും ആ 5 ജില്ലകൾ തന്നെയും അപ്പാടെ ഇല്ലാതാകുന്ന ഭീകര ദുരന്തത്തെപ്പറ്റി സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്താൻ നമുക്ക് സാധിച്ചില്ല. ഡാമിന്റെ തകർച്ചാസാധ്യതയും അത് സൃഷ്ടിക്കുന്ന ദുരന്തത്തിന്റെ ഭീകരതയും സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിൽ നാം പൂർണ്ണമായും പരാജയപ്പെട്ടു. ഡാം തകർന്നാൽ കേരളമാകെ അന്ധകാരത്തിലാകുമെന്ന കാര്യവും കോടതിയെ ബോദ്ധ്യപ്പെടു

ത്താൻ നമുക്കായില്ല. 2001–2006–ലെ യു.ഡി.എഫ്. സർക്കാർ കേസ് കൈകാര്യം ചെയ്തതിൽ കാട്ടിയ ഗുരുതരമായ അലംഭാവംമൂലമാണ് 2006–ലെ കോടതിവിധി നമുക്കെതിരായത്. സമാനമായ ഉത്തരവാദിത്വമില്ലായ്മയാണ് സർക്കാർ ഇപ്പോഴും ഈ കേസ് കൈകാര്യം ചെയ്യുന്നതിൽ കാണിച്ചത്. ഇതിന്റെ പ്രത്യക്ഷ തെളിവാണ് അഡ്വക്കേറ്റ് ജനറലിനെക്കൊണ്ട് ഹൈക്കോടതിയിൽ സർക്കാർ അബദ്ധപഞ്ചാംഗം വായിപ്പിച്ചത്. മുല്ലപ്പെരിയാർഡാം പൊട്ടിയാൽ അത് ഇടുക്കിഡാം താങ്ങിക്കൊള്ളുമെന്നും അത്തരമൊരു ഘട്ടത്തിൽ പ്രദേശവാസികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സർക്കാരിന് കഴിയുമെന്നുമായിരുന്നു അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ ബോധിപ്പിച്ചത്. ഇതും സുപ്രീംകോടതിയിൽ നമുക്ക് തിരിച്ചടിയായി. അഞ്ചംഗ ഭരണഘടനാബെഞ്ചിന്റെ വിധിയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ മാസം 12–ാം തീയതിയാണ് മുല്ലപ്പെരിയാർ വിഷയത്തിൽ സർവ്വകക്ഷിയോഗം ചേർന്നത്. നിയമസഭ അടിയന്തരമായി വിളിച്ചുചേർത്ത് പ്രശ്നം ചർച്ചചെയ്യണമെന്നായിരുന്നു പ്രതിപക്ഷം മുന്നോട്ടുവച്ച നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ട ഒന്ന്. എന്നാലിപ്പോൾ ഒരുമാസത്തോളം പിന്നിടുമ്പോഴാണ് നാം ചർച്ചയ്ക്ക് ഒരുങ്ങുന്നത്. സർവ്വകക്ഷിയോഗത്തിനുശേഷം കഴിഞ്ഞ ഒരുമാസക്കാലം സർക്കാർ പൂർണ്ണമായും നിഷ്ക്രിയമായിരുന്നു. പുതിയ ഡാം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന നിയമസഭയുടെ പ്രമേയം സംബന്ധിച്ച് തമിഴ്നാടുമായി നാം ചർച്ച ചെയ്യണം. ഇതിന് പ്രാദേശിക സങ്കുചിത തത്വങ്ങൾക്കപ്പുറം വിശാലകാഴ്ചപ്പാടുള്ളവരും തമിഴ്നാടിനെ സ്വാധീനിക്കാൻ കഴിയുന്നവരും സർവ്വാദരണീയരായവരെയും ഇടപെടുവിപ്പിക്കാൻ ആലോചിക്കണം. സുപ്രീംകോടതിവിധി ഇത്തരം ഒരു ചർച്ചയ്ക്ക് എതിരല്ല. എന്നുമാത്രമല്ല,

ഇരുസംസ്ഥാനങ്ങൾക്കും മുൻവിധികളൊന്നും കൂടാതെ പ്രശ്നം പരസ്പരം ചർച്ച ചെയ്യാവുന്നതാണെന്ന് ഇപ്പോഴത്തെ വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ജലനിരപ്പ് 120 അടിയായി താഴ്ത്തണമെന്നാണ് കഴിഞ്ഞ തവണ പ്രമേയത്തിൽ ആവശ്യപ്പെട്ടത്. എന്നിട്ടും നിലവിലുള്ള 136 അടിപോലും സംരക്ഷിക്കാനായില്ല. ജലനിരപ്പ് 120 അടി ആക്കണമെന്ന് ഉപോൽബലകമായ ഒരു വസ്തുതയും നമുക്ക് സുപ്രീംകോടതിയുടെ മുമ്പിൽ ഹാജരാക്കാൻ കഴിഞ്ഞില്ല. 1895-ൽ പണി പൂർത്തിയാക്കിയ ഡാമിന് 120 വയസ്സായി. നിർമ്മിച്ചവർ തന്നെ ഡാമിന്റെ ആയുസ്സ് നിശ്ചയിച്ചത് 50 വർഷമാണ്. അതായത് കൽപ്പിക്കപ്പെട്ട ആയുസ്സും കഴിഞ്ഞ് ഏഴ് പതിറ്റാണ്ട് കൂടി പിന്നിടുന്നു. ഈ കാലയളവിനുള്ളിൽ ഡാമിന് പല കേടുപാടുകളും സംഭവിച്ചിട്ടുണ്ട്. ഈ വസ്തുത പഠിക്കാതെ വിദഗ്ദ്ധ സമിതി തട്ടിക്കൂട്ടിയ റിപ്പോർട്ട് അതേപടി അംഗീകരിച്ചുകൊണ്ടാണ് 2006-ലെ വിധി വന്നത്. അന്ന് സുപ്രീംകോടതിയിൽ വിദഗ്ദ്ധസമിതിയുടെ കണ്ടെത്തലുകളെ ഖണ്ഡിക്കുന്നതിൽ നാം പരാജയപ്പെട്ടതാണ് ഇപ്പോഴത്തെ ദു:സ്ഥിതിക്ക് ഇടയാക്കിയത്. ഭരണഘടനാ ബഞ്ച് നിയോഗിച്ച ഉന്നതാധികാരസമിതിയും ഇക്കാര്യം ശരിവയ്ക്കുകയാണ് ചെയ്തത്. കോടതിക്ക് ഉന്നതാധികാര സമിതിയുടെ അഭിപ്രായം കണക്കിലെടുക്കുക മാത്രമേ ചെയ്യാൻ കഴിയൂ. എന്നാൽ സാമാന്യയുക്തിക്കുപോലും നിരക്കാത്ത ഒരു നിഗമനത്തിൽ ഉന്നതാധികാര സമിതി എങ്ങനെ എത്തിച്ചേർന്നുവെന്നത് ദുരൂഹമാണ്. ഉന്നതാധികാര സമിതിയിലുണ്ടായിരുന്ന ചിലരുടെ 'ചോറ് ഇങ്ങും കൂറ് അങ്ങും' ആയിരുന്നോ എന്നും സംശയിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. അതുകൊണ്ട് ഡാമിന്റെ ബലത്തെപ്പറ്റി കൃത്യ

മായി പരിശോധിക്കാൻ അന്താരാഷ്ട്രനിലവാരത്തിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കണം. 1979 മുതലാണ് മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടിയായി നിലനിർത്തിയിരിക്കുന്നത്. ഈ 136 അടിയിൽ നിന്നുള്ള വെള്ളമാണ് 1979 മുതൽ ഇപ്പോൾ വരെ തമിഴ്നാട് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ കാലയളവിലൊന്നും തമിഴ്നാടിന് വെള്ളത്തിന്റെ കാര്യത്തിൽ പ്രത്യേക ക്ഷീണമൊന്നും സംഭവിച്ചിട്ടില്ല. ഇപ്പോഴാകട്ടെ 1979-ൽ കൊണ്ടുപോയിരുന്നതിനെക്കാൾ കൂടുതൽ വെള്ളം തമിഴ്നാട് കൊണ്ടുപോകുന്നുമുണ്ട്. അപ്പോൾ പിന്നെ ജലനിരപ്പ് 142 അടിയായി എന്തിന് ഉയർത്തണം. ചുരുക്കത്തിൽ മുല്ലപ്പെരിയാർ വിഷയത്തിൽ നമ്മുടെ സ്ഥിതി പരമദയനീയമാണ്. സാങ്കേതികവും നിയമപരവുമായ കുരുക്കിൽ നിന്ന് എങ്ങനെ നമുക്ക് പുറത്തുകടക്കാൻ കഴിയുമെന്നാണ് ചിന്തിക്കേണ്ടത്. സുപ്രീംകോടതിയിൽ പുനപ്പരിശോധനാ ഹർജി നൽകാമെന്ന വാദമുണ്ട്. എന്നാൽ ദീർഘകാലമെടുത്ത് അഞ്ചംഗ ഭരണഘടനാ ബഞ്ച് കൈക്കൊണ്ട തീരുമാനം ഒരു റിവ്യൂ ഹർജികൊണ്ട് അസ്ഥിരപ്പെടുത്താമെന്ന് കരുതാൻ ആവില്ല. ഈ വസ്തുതകളുടെയെല്ലാം അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. കേസ് സുപ്രീംകോടതിയിൽ വിപുലമായ പൂർണ്ണ ഭരണഘടനാ ബഞ്ചിനെക്കൊണ്ട് പരിഗണിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനെയും രാഷ്ട്രപതിയെയും ഇടപെടുത്തുന്നതിനാവശ്യമായ പ്രമേയം ഈ സഭ പാസ്സാക്കണം. ലാർജർ ബഞ്ചിനുമുന്നിൽ കേസ് വാദം കേൾക്കുന്ന സ്ഥിതി ഉണ്ടായാൽ കേസ് നടത്തുന്നതിന് സഹായകമായ എല്ലാ രേഖകളും കോടതിയിൽ ഹാജ

രാക്കുന്നതിനും കേസ് നടത്തുന്നതിനും വേണ്ടി പ്രതിപക്ഷം ഉൾപ്പെടെയുള്ള സ്ഥിരം മോണിറ്ററിംഗ് സംവിധാനം ഉണ്ടാകണം. ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് സമഗ്രമായി പഠിക്കാൻ യോഗ്യതയുള്ള അന്താരാഷ്ട്ര വിദഗ്ദ്ധ സമിതിയെ നിയോഗിക്കണം. 1886-ൽ ബ്രിട്ടീഷുകാരുടെ ഭീഷണിക്കുവഴങ്ങി തിരുവിതാംകൂർ രാജാവ് പെരിയാറിന്റെ സ്വാഭാവിക നീരൊഴുക്കിനെ വഴി തിരിച്ചുവിടാനുള്ള മുല്ലപ്പെരിയാർ പാട്ടക്കരാർ ഒപ്പുവച്ച കാലം മുതൽ കേരളീയർ ഈ വിഷയത്തിൽ നീതിനിഷേധം അനുഭവിക്കുകയാണ്. ഒരു നൂറ്റാണ്ടിനുശേഷവും അതേ നീതിനിഷേധം ശക്തവും രൂക്ഷവുമായി തുടരുന്നത് പ്രതിഷേധാർഹമാണ്. ആ നീതിനിഷേധത്തിനെതിരെ കേരളീയർ ഒന്നടങ്കം പോരാടേണ്ട അവസ്ഥയാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. അത് തമിഴ്നാടിനോടോ മറ്റാർക്കെങ്കിലുമോ എതിരല്ല. കേരളത്തിനും കേരളീയർക്കും നീതിനിഷേധിക്കപ്പെടുന്ന അവസ്ഥ ഒഴിവാക്കിയേ മതിയാകൂ. ഇവിടെ പ്രതിപാദിച്ച വസ്തുതകളുടേയും സൂചിപ്പിച്ച നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സഭ ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യുകയും അതിന്റെയടിസ്ഥാനത്തിൽ ഏറ്റവും നിയമപരവും പ്രായോഗികവും കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സഹായകരവുമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ആ തീരുമാനങ്ങൾ വിജയകരമായി നടപ്പിലാക്കുന്നതിന് സഭ ഒരേ മനസ്സോടെയും വികാരത്തോടെയും നിലകൊള്ളുകയും വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, മുല്ലപ്പെരിയാർ വിഷയത്തിൽ വളരെ നിർഭാഗ്യകരമായ ഒരു വിധിയാണ് സുപ്രീംകോടതിയിൽ നിന്നും ഉണ്ടായിരിക്കുന്നത്. 2006-ൽ സുപ്രീംകോടതി പറഞ്ഞ വിധി ഒരിക്കൽകൂടി ഉറപ്പിക്കു

കയും ഇവിടെ പാസ്സാക്കിയ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ആക്റ്റ് ഭരണഘടനാവിരുദ്ധമാണെന്ന് പ്രഖ്യാപിക്കുകയുമാണ് സുപ്രീം കോടതി ചെയ്തത്. അതോടുകൂടി 2006-ലെ വിധി വീണ്ടും റീസ്റ്റോർ ചെയ്യുകയും പുതിയ വിധിയിൽ മറ്റു ചില കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി നമുക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യ മാണ് ഉണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇക്കാര്യം ഇവിടെ അവതരിപ്പിച്ചുകൊണ്ട് വളരെ നല്ലരീതിയിലുള്ള നിർദ്ദേശങ്ങളാണ് മുമ്പോട്ടുവച്ചത്. 2006-ലെ വിധിയുടെ ഉത്തരവാദിത്തം അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ശ്രദ്ധക്കുറവാണ് എന്നുപറഞ്ഞിട്ടുള്ള അഭിപ്രായത്തോട് എനിക്കത്ര യോജിപ്പില്ല. പരസ്പരം പഴിപറഞ്ഞ് മുമ്പോട്ടുപോകുന്നതിൽ അർത്ഥമില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം ഈ കേസ് പരമ്പര ആരംഭിച്ചിട്ട് പതിറ്റാണ്ടുകളായി. അതിനിടയിൽ പല ഗവൺമെന്റുകൾ വരികയും പോകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഏറ്റവും അവസാനം നമുക്ക് സംഭവിച്ചിരിക്കുന്നത് ഈ വിധിയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ നമ്മുടെ പ്രതിനിധിയായി പോയ ചിലയാളുകൾ പോലും 'ചോറ് ഇങ്ങും കൂറ് അങ്ങും' എന്നുള്ള രീതിയിലുള്ള പ്രവർത്തനമാണ് അവിടെ നടത്തിയത്. സുപ്രീം കോടതിയിൽ നിയോഗിച്ച എംപവേർഡ് കമ്മിറ്റിയിൽ കേരളത്തിന്റെ പ്രതിനിധിയായി പോയ വ്യക്തി കൂടി അംഗീകരിക്കുന്ന ഒരു റിപ്പോർട്ട് സുപ്രീം കോടതിയുടെ മുമ്പിൽ വന്നുകഴിയുമ്പോൾ സ്വാഭാവികമായും അക്കാര്യത്തിൽ നമുക്കെതിരായിട്ടുള്ള ഒരു വിധി ഉണ്ടായില്ലെങ്കിൽ മാത്രമേ നമുക്ക് അത്ഭുതമുള്ളൂ. അത് പൂർണ്ണമായും അംഗീകരിച്ചശേഷം ഒരനുബന്ധമായി അദ്ദേഹത്തിന്റെ ചില അഭിപ്രാ

യങ്ങൾ ഒരു കടലാസ്സിൽ കൂട്ടിച്ചേർത്തുവച്ചതുകൊണ്ട് ആ കമ്മിറ്റിയുടെ റിപ്പോർട്ടിനെ അംഗീകരിക്കുന്നില്ല എന്നുള്ള ഒരു പ്രശ്നം അവിടെ വരുന്നില്ല. അക്കാര്യത്തെക്കുറിച്ച് പരസ്പരം പഴിപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല എങ്കിലും കഴിഞ്ഞ ഗവൺമെന്റിന് അത്തരം ആളുകളെ നിയോഗിച്ച കാര്യത്തിൽ ഒരു ജാഗ്രതക്കുറവോ അല്ലെങ്കിൽ ആ വ്യക്തിയെ പഠിക്കുന്ന കാര്യത്തിൽ എവിടെയോ ഒരു തകരാർ സംഭവിച്ചു എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന ചില വ്യക്തിത്വങ്ങളുണ്ട്. ഉന്നത സ്ഥാനങ്ങളിൽ ഇരുന്നവരാണെങ്കിലും അങ്ങനെയുള്ള ആളുകൾക്ക് ഇത്തരം പോസ്റ്റിംഗുകൾ കൊടുക്കുമ്പോൾ പലപ്പോഴും താൽപ്പര്യങ്ങൾ കടന്നുവരുന്നത് മുമ്പും കണ്ടിട്ടുണ്ട്. അവിടെ നമുക്ക് ചെറിയ പിഴവുകൾ ഒക്കെ സംഭവിച്ചിട്ടുണ്ട്. എങ്കിലും ഇതൊന്നും പറഞ്ഞുപോയിട്ട് കാര്യമില്ലാത്ത അവസ്ഥയിലാണ് നിൽക്കുന്നത്.

ഇപ്പോഴത്തെ വിധിയിൽ തമിഴ്നാടിന്റെ വാദഗതികൾ പൂർണ്ണമായും അംഗീകരിച്ചിരിക്കുന്നു. അതുപോലെ തന്നെ 1886-ലെ തിരുവിതാംകൂർ രാജാവും മദ്രാസ്സ് പ്രസിഡൻസിയും തമ്മിലുള്ള കരാർ നിലനിൽക്കുന്നു. അവസാനമായി 1970-ൽ നമ്മൾ ഉണ്ടാക്കിയ അനുബന്ധ കരാർ നിലനിൽക്കുമെന്നും സുപ്രീംകോടതി പറഞ്ഞിരിക്കുകയാണ്. സുപ്രീംകോടതി വിധി, നിയമനിർമ്മാണം വഴി മറികടക്കാനാവില്ലെന്നും 2006-ലെ കേരള വാട്ടർ കൺസർവേഷൻ ആക്റ്റ് ഭരണഘടനാ വിരുദ്ധമാണെന്നും പറഞ്ഞിരിക്കുന്നു. ഏതായാലും ഡാമിന്റെ സുരക്ഷ സംബന്ധിച്ച് 2006-ലെ വിധി അതേപടി നിലനിൽക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. മുല്ലപ്പെരിയാർ ഡാം പൊട്ടിയാൽ അത് താങ്ങാനുള്ള ശേഷി ഇടുക്കി ഡാമിനുണ്ടെന്ന് മേത്താ കമ്മീഷൻ റിപ്പോർട്ടിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരുപക്ഷേ അതിന്റെ ചുവടു

പിടിച്ചുകൊണ്ടായിരിക്കാം നമ്മുടെ അഡ്വക്കേറ്റ് ജനറൽ കോടതിയിൽ പറഞ്ഞിരിക്കുന്നത്. എന്തായാലും അദ്ദേഹം അത് പറയാൻ പാടില്ലായിരുന്നു എന്നുള്ളതാണ് എല്ലാ വിഭാഗത്തിലുള്ള ആളുകളുടെയും അഭിപ്രായം. ഏതായാലും യുക്തിക്ക് നിരക്കാത്ത കാര്യങ്ങളാണ് ആ റിപ്പോർട്ടിൽ വന്നതും സുപ്രീം കോടതി അംഗീകരിച്ചതെന്നും വളരെ ദു:ഖത്തോടുകൂടി പറയേണ്ടി വന്നിരിക്കുകയാണ്. കാരണം, മഴക്കാലത്ത് ഡാമുകൾ നിറഞ്ഞുകിടക്കുന്ന സമയത്താണ് പൊട്ടലുണ്ടാകുന്നതെങ്കിൽ ഇടുക്കി ഡാം അതെങ്ങനെ താങ്ങുമെന്നതിനെക്കുറിച്ച് ലോജിക്കലായിട്ടുപോലും സ്ഥാപിക്കാൻ കഴിയാത്ത കാര്യം വളരെ പ്രധാനപ്പെട്ട എംപവർഡ് കമ്മിറ്റിയിലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതിൽനിന്നും ഇക്കാര്യത്തിൽ അവർ കാണിച്ചിട്ടുള്ള നിരുത്തരവാദപരമായ പ്രവർത്തനം എത്രമാത്രമാണെന്ന് നാം ആലോചിക്കേണ്ടതായിട്ടുണ്ട്. ഒരു ഡാമിന് 100 വർഷത്തിന് മുകളിൽ ആയുസ്സില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ 100 വർഷത്തിനിടയിൽ ബലക്ഷയമുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രണ്ടോ മൂന്നോ തവണ റെക്ടിഫിക്കേഷൻ ജോലികൾ നടത്തുകയും അങ്ങനെ മെയിന്റയിൻ ചെയ്തുകൊണ്ടുപോകുകയും ചെയ്യുന്ന ഡാമിന് കുഴപ്പമില്ലെന്ന് പറയുക മാത്രമല്ല, ജലനിരപ്പ് 136 അടിയിൽനിന്ന് 142 അടിയിലേയ്ക്ക് ഉയർത്തണമെന്നും, ഡാം ബലപ്പെടുത്തിക്കഴിഞ്ഞ് വേണ്ടിവന്നാൽ അത് 152 അടിയിലേയ്ക്ക് ഉയർത്തിയാൽപ്പോലും ദോഷമില്ലെന്നുമുള്ള ഒരു വിധിയുണ്ടായപ്പോൾ, നമുക്ക് കോടതിയുടെ പരാമർശത്തെ പരസ്യമായി ചോദ്യംചെയ്യാനാവില്ലെങ്കിലും ഒരു മലയാളി എന്നുള്ള നിലയിൽ, ഇതിന്റെ ഏറ്റവും കൂടുതൽ ദോഷം അനുഭവിക്കുന്ന ജനവിഭാഗങ്ങളിൽപ്പെടുന്നയാൾ എന്ന നിലയിൽ എനിക്കും ഈ സഭയിലിരിക്കുന്ന ആളുകൾക്കും എതിർക്കാതിരിക്കാൻ കഴിയില്ല എന്നുള്ളതാണ് സത്യം.

ഇതിനകത്ത് ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിൽ 'നിർഭയനായി ജീവിക്കാനുള്ള പൗരന്റെ അവകാശം' അനുവദിച്ചിട്ടുണ്ട്. ആ അവകാശത്തിൻമേലുള്ള കടന്നുകയറ്റമാണോ ഇതെന്നുപോലും നമുക്ക് സംശയം തോന്നിപ്പോകും. കാരണം ഭരണഘടനാപരമായി നമുക്ക് നൽകിയിരിക്കുന്ന അവകാശം ഇവിടെ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. മാത്രമല്ല, മറ്റൊരു പ്രധാന കാര്യം, ജലനിരപ്പ് 136 ൽ നിന്ന് 142-ഓ, 152-ഓ ആക്കിയാൽപ്പോലും യഥാർത്ഥത്തിൽ തമിഴ്നാടിന് ഇതുകൊണ്ട് യാതൊരു പ്രയോജനവും കിട്ടില്ലായെന്നാണ് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് വിദഗ്ദ്ധർ പറയുന്നത്. 1896-ൽ, ഈ ഡാം പണിയുന്നയവസരത്തിൽ 60,000 ഏക്കർ സ്ഥലത്ത് മാത്രമാണ് അവർ കൃഷി ചെയ്തിരുന്നത്. ഡാമിന്റെ അപകടാവസ്ഥ പരിഗണിച്ച് അതിന്റെ കപ്പാസിറ്റി 136 അടി ആക്കി ചുരുക്കിയ 1979-80-ൽ 1,71,000 ഏക്കർ സ്ഥലത്താണ് അവിടെ കൃഷി ചെയ്തിരുന്നത്. ജലനിരപ്പ് 136 അടിയിലേയ്ക്ക് താഴ്ത്തിയതിനുശേഷം, 1994-95-ൽ 2,30,000 ഏക്കർ സ്ഥലത്ത് ഈ വെള്ളം ഉപയോഗിച്ചുകൊണ്ടുള്ള കൃഷി തമിഴ്നാട്ടിൽ നടന്നിരുന്നു. ഇപ്പോൾ അത് രണ്ടരലക്ഷം ഏക്കർ സ്ഥലത്തായി ഉയർന്നിട്ടുണ്ട്. ജലനിരപ്പ് 136 അടിയായി താഴ്ത്തിയപ്പോഴും തമിഴ്നാട്ടിൽ കൃഷിഭൂമിയുടെ വ്യാപ്തി കൂടുകയാണുണ്ടായത്. വെള്ളം കൂടുതൽ മേഖലയിൽ കൃഷിക്ക് ഉപയോഗിക്കാൻ കഴിയുകയാണുണ്ടായത്. കൃഷിയാവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല, കരിഞ്ഞുണങ്ങിപ്പോകുന്നു, അവരുടെ കൃഷി നശിപ്പിക്കുന്നു എന്നൊക്കെയുള്ള ആർഗ്യുമെന്റ് സുപ്രീം കോടതി അംഗീകരിച്ചത് നമുക്കൊട്ടും അംഗീകരിക്കാൻ കഴിയാത്ത കാര്യമാണ്. കാരണം, കണക്കുകളുടെ അടിസ്ഥാനത്തിൽ അത്തരത്തിലുള്ള ഒരു സാഹചര്യം അവിടെയില്ലെന്നുള്ള കാര്യം നമുക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുപോലെ വൈദ്യുതി ഉല്പാദനം, യഥാർത്ഥത്തിൽ

ആദ്യത്തെ കരാറിലുള്ളതല്ല. രണ്ടാമത്തെ കരാറിനിടയ്ക്ക് ആരോടും ചോദി ക്കാതെയാണ് വൈദ്യുതി ഉല്പാദനം ആരംഭിച്ചത്. എന്നാൽ 1970-ൽ സി. അച്യുതമേനോന്റെ കാലത്ത് നമ്മളത് റെഗുലറൈസ് ചെയ്തുകൊടുത്തു. അന്നത്തെക്കാലത്ത് അതിൽ വലിയ പ്രശ്നമില്ലാത്തതുകൊണ്ടാവാം അങ്ങനെ ചെയ്തിട്ടുള്ളത്. ഏതായാലും ആ കരാറിന്റെ അടിസ്ഥാനത്തിൽ നമുക്ക് കിട്ടിയിട്ടുള്ളത് 8100 ഏക്കർ ഭൂമിയുടെ പാട്ടം മാത്രമാണ്. ഈ പാട്ട മെന്നുപറയുന്നത് ഏക്കറിന് 30 രൂപവെച്ച് ഒരു വർഷം 2,43,000/- രൂപയാണ് നമുക്ക് ലഭിക്കുന്നത്. അതുപോലെ വൈദ്യുതിയിനത്തിൽ നമുക്ക് കിട്ടുന്നത് 7.87 ലക്ഷം രൂപയാണ്. ആ കരാറനുസരിച്ച് നമുക്ക് ആകെ കിട്ടുന്നത് 10,30,000/- രൂപയാണ്. കൂടാതെ മീൻപിടിക്കാനുള്ള അവകാശം കൂടി കിട്ടി യിട്ടുണ്ട്. മീൻപിടുത്തം അവിടെ നടക്കുന്നുണ്ടോയെന്നുള്ളതിനെക്കുറിച്ച് എനിക്കറിയില്ല. ഏതായാലും മീൻ പിടിച്ചാൽ എത്ര രൂപ കിട്ടുമെന്നുള്ളതിനെ ക്കുറിച്ചുള്ള കണക്ക് എന്റെ കൈയ്യിൽ ലഭ്യമല്ല എന്നുള്ളതും സത്യമാണ്. യഥാർത്ഥത്തിൽ ഈ പത്ത് ലക്ഷം രൂപ കൂടി തമിഴ്നാട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് വേണമെങ്കിൽ നമുക്ക് സംഭാവന ചെയ്യാം. അവരുടെ വൈദ്യുതി ഉൽപാദനത്തിന്റെ കാര്യം എടുത്താൽ, അവിടുത്തെ പവർ ഹൗസിലേയ്ക്ക് കൊണ്ടുപോകുന്നതിനായി ഒരു നിശ്ചിത അളവിലാണ് അവിടെ വെള്ളം സംഭരിച്ചുവെയ്ക്കുന്നത്. ആ ജലനിരപ്പ് കൂട്ടേണ്ട കാര്യ മില്ല. കൃത്യമായിട്ട് ഒരേ നിരപ്പിലാണ് എപ്പോഴും വെള്ളം നിൽക്കുന്നത്. വെള്ളം കൂടുതൽ വന്നിട്ടും കാര്യമില്ല. എന്നിട്ടും ജലനിരപ്പ് 142 ആയും 152 ആയും ഉയർത്തണമെന്ന് അവർ പറയുന്നതിൽ ഒരു ലോജിക്കുമില്ല. അതേ സമയം ജലനിരപ്പ് 136 അടി കഴിയുമ്പോൾ വെള്ളം സ്പിൽവേ വഴി കവി ഞ്ഞൊഴുകിയാൽ ബലക്ഷയമുള്ള ഈ ഡാമിനെ ഒരു പരിധിവരെ സംരക്ഷി

ക്കാൻ കഴിയും. മാത്രമല്ല മിച്ചമുള്ള ജലം ഇടുക്കി പദ്ധതിയിലേയ്ക്ക് ഒഴുകി വരുകയും ചെയ്യും. അതുപോലും ഉണ്ടാകരുതെന്ന നിർബന്ധബുദ്ധിയോടു കൂടിയ ഒരു നിലപാട് തമിഴ്നാട് കൈക്കൊള്ളുമ്പോൾ അതിനനുകൂലമായ ഒരു വിധി ഉണ്ടായിട്ടുള്ളത് ഏറ്റവും വേദനാജനകമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ നിയമപരമായുള്ള സാദ്ധ്യതകൾ നോക്കിയേ മതിയാകൂ. നിയമപരമായി ചില സാദ്ധ്യതകൾ നമുക്കുണ്ടെന്ന് ചില നിയമ വിദഗ്ദ്ധർ പറയുന്നു. രണ്ട് പ്രാവശ്യം സുപ്രീം കോടതിയുടെ വിധി വന്നു, അന്തിമ വിധിആയിനിൽക്കുന്നു. പക്ഷേ, നമ്മെ സംബന്ധിച്ചിടത്തോളം വളരെ വലിയൊരു പ്രശ്നം നിലനിൽക്കുന്നു. ഇവിടെ സുപ്രീം കോടതി പ്രധാനമായും ഉപജീവനത്തിനുവേണ്ടിയുള്ള ഒരു ജനതയുടെ ആവശ്യത്തിനനുകൂലമായി നിൽക്കുകയാണ്. മറുഭാഗത്ത് അതിജീവനത്തിനുവേണ്ടിയുള്ള ഒരു ജനതയുടെ മുറവിളിയാണ് കേൾക്കുന്നത്. ഉപജീവനമാണോ അതിജീവനമാണോ ഏറ്റവും പ്രധാനപ്പെട്ടതെന്നതാണ് ഇവിടുത്തെ വിഷയം. ഇക്കാര്യം എവിടെയാണ് അവതരിപ്പിക്കാൻ കഴിയുന്നതെന്ന് നമ്മൾ ഒന്നിച്ചിരുന്ന് ആലോചിക്കേണ്ടതാണ്. നാം ഇതിനെക്കുറിച്ച് അന്വേഷിക്കണം, നിയമ വിദഗ്ദ്ധരുമായി കൂടിയാലോചന നടത്തി ഇക്കാര്യത്തിൽ നമുക്ക് എവിടംവരെ പോകാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ചിന്തിക്കണം.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം തീരുകയാണ്.

ശ്രീ. ജോസഫ് വാഴക്കൻ: കേന്ദ്ര ഗവൺമെന്റിന്റെ മുന്നിലേയ്ക്ക് നമുക്ക് ഈ വിഷയം കൊണ്ടുവരണം. ഉപജീവനത്തിനുവേണ്ടി സുപ്രീം കോടതിക്ക് ഒരു വിധി പറയാമെങ്കിൽ, ഒരു നാട്ടിലെ നാൽപത് ലക്ഷം ജനങ്ങളുടെ അതിജീവനത്തിനുവേണ്ടി, ഏറ്റവും ഭീതിനിറഞ്ഞ സാഹചര്യത്തിൽ ജീവിക്കുന്ന അവസ്ഥയിൽനിന്ന് രക്ഷപെടാനുള്ള അവസരത്തിനുവേണ്ടി

നമുക്ക് മുട്ടാവുന്ന മുഴുവൻ വാതിലുകളിലും മുട്ടണം. അതിന് ലഭിക്കാവുന്ന നിയമോപദേശം മുഴുവൻ ലഭ്യമാക്കിക്കൊണ്ട്, സുപ്രീം കോടതിയെയാണോ കേന്ദ്ര ഗവൺമെന്റിനെയാണോ മറ്റേതെങ്കിലും ബോഡിയെയാണോ സമീപി ക്കേണ്ടത്, ആ മാർഗ്ഗങ്ങളൊക്കെ തേടിക്കൊണ്ട്, ഒരു നാട്ടിലെ ജനതയുടെ ജീവിക്കാനുള്ള അവകാശത്തിനുവേണ്ടിയിട്ടുള്ള ഈ പോരാട്ടത്തിൽ ഈ സഭ ഒന്നിച്ചുനിന്ന് പ്രവർത്തിക്കണം. അത് കക്ഷിരാഷ്ട്രീയത്തിന് വേണ്ടിയുള്ള വാദപ്രതിവാദങ്ങളിലേയ്ക്ക് പോകാൻ പാടില്ല.

മി. ചെയർമാൻ: അങ്ങ് കൺക്ലൂഡ് ചെയ്യണം. അങ്ങേയ്ക്ക് അനുവദി ച്ചിരുന്ന സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ: സർ, എനിക്ക് ഒരു നിർദ്ദേശം കൂടി വയ്ക്കാ നുണ്ട്. ഇടുക്കിയെ സംബന്ധിച്ചിടത്തോളം, ഇടുക്കിയിൽ കഴിഞ്ഞ കുറെക്കാ ലമായി എല്ലാ പ്രശ്നത്തിനും, ഏത് വിഷയമുണ്ടായാലും ബന്ദ് പ്രഖ്യാപിക്കു കയാണ്. ഓരോ രാഷ്ട്രീയ പാർട്ടിയും അവരവരുടെ താൽപര്യത്തിനു വേണ്ടി എല്ലാ ദിവസവും ബന്ദ് പ്രഖ്യാപിച്ച് അവിടത്തെ ജനജീവിതം ദുസ്സഹ മാക്കാതെ നിയമപരമായ യുദ്ധവുമായി മുന്നോട്ടുപോകാനുള്ള ഒരു ശ്രമ മാണ് നടത്തേണ്ടതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് ഈ നിയമസഭ ഒന്നിച്ചുനിന്നുകൊണ്ട് ഇതിനുവേണ്ട പരിഹാരം തേടേണ്ട താണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. കേരളം മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട് ഒരിക്കൽ കൂടി നീതിക്കുവേണ്ടി നിലവിളിക്കുന്നു എന്നുള്ളതാണ് ഈ ഉപക്ഷേപവു മായി ബന്ധപ്പെട്ട് എനിക്കു തോന്നുന്നൊരു കാര്യം. നിയമസഭാ സാമാജിക എന്നുള്ള പരിമിതിയിൽ നിന്നുകൊണ്ടുമാത്രമാണ് ഈ ഉപക്ഷേപത്തെ

പിൻതാങ്ങേണ്ട സാഹചര്യം ഉണ്ടായത്. ഈ നിലവിളി ഇന്നോ ഇന്നലെയോ ആരംഭിച്ചതല്ല, കാലങ്ങളായുള്ളതാണ്. ബഹുമാനപ്പെട്ട സ്പീക്കർ, നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള ഈ പുസ്തകം, ഏതാണ്ട് 354 പേജോളം വരുന്നതാണ്. ഇത്തരം പുസ്തകങ്ങൾ ഇനിയും പബ്ലിഷ് ചെയ്യേണ്ട സാഹചര്യം കേരളത്തിന് ഉണ്ടാകാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കാനേ കഴിയു. കോടതി വിധി നമുക്ക് അനുകൂലമാകും എന്നുള്ള വിശ്വാസമായിരുന്നു ഇത്രയും കാലം ഉണ്ടായിരുന്നത്. കേരളത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഗണിച്ച് അവ പരിഹരിക്കാവുന്ന തരത്തിലുള്ള ഒരു വിധിയായിരിക്കും കോടതിയിൽ നിന്നുണ്ടാകുക എന്നൊക്കെയാണ് പറഞ്ഞിരുന്നതെങ്കിലും കോടതി വിധി നമുക്ക് അനുകൂലമായില്ല. ഇതുവരെ എല്ലാവരും പറഞ്ഞിരുന്നത് കേരളത്തിന്റെ പ്രശ്നങ്ങൾ കോടതി കേൾക്കാതിരിക്കില്ലെന്നും നമുക്ക് അനുകൂലമായ ഒരു വിധിയുണ്ടാകുമെന്നുമായിരുന്നു. ഇതുമായി ബന്ധപ്പെട്ട ആളുകൾ നടത്തിയിരുന്ന അഭിപ്രായ പ്രകടനങ്ങൾ എല്ലാമെടുത്ത് പരിശോധിച്ചുകഴിഞ്ഞാൽ പ്രതീക്ഷ നൽകുന്ന ഒട്ടനവധി നിർദ്ദേശങ്ങൾ വന്നിരുന്നു. കോടതിയിൽനിന്നുപോലും പലപ്പോഴും പ്രതീക്ഷ നൽകുന്ന കാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഏറ്റവും നല്ല ഡോക്ടറെ വച്ച്, ഏറ്റവും നല്ല ചികിത്സ നൽകി, എല്ലാ മരുന്നുകളും കൊടുത്തിട്ടും രോഗി മരിച്ചുപോയി എന്നുപറയുന്ന ഒരവസ്ഥയിൽ നിന്ന് സംസാരിക്കേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. ഈ ചർച്ചയിൽ പങ്കെടുക്കുന്ന ആളുകളുടെ മനസ്സിലെ വികാരങ്ങൾ എന്താണെന്ന് എനിക്കറിയില്ല. ഇതിൽ പങ്കെടുക്കുന്ന ആളുകളുടെ വാക്കുകൾ ശ്രദ്ധിച്ചാൽ എന്തായാലും ഒരു കാര്യം ഉറപ്പാണ് – ഒരു നിരാശ എല്ലാവർക്കും ഉണ്ട്. ഭരണഘടനാ ബെഞ്ചിന്റെ വിധിയാണ് വന്നി

രിക്കുന്നത്. കേരളത്തിലെ മൂന്നുകോടി മുപ്പത്തിയൊന്ന് ലക്ഷം ജനങ്ങളെ അക്ഷരാർത്ഥത്തിൽ ആശങ്കപ്പെടുത്തുന്ന ഒരു കാര്യത്തിൽ ഇനി നമ്മൾ കൊടുക്കുന്ന പെറ്റീഷന് ഒരു ചടങ്ങ് എന്നതിനപ്പുറം സ്ഥായിയായ ഒരു പ്രശ്നപരിഹാരം കോടതിയിൽ നിന്നുണ്ടാകില്ല എന്ന ഉത്തമ ബോധ്യത്തിൽ, ഇതുമാത്രമാണ് ഒരു ഫെഡറൽ സംവിധാനത്തിൽ ചെയ്യാനുള്ളതെന്നും നമ്മുടെ മുന്നിൽ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല എന്നു പറയുന്ന ഒരു നിസ്സഹായാവസ്ഥയാണ് ഇപ്പോഴുള്ളത്. ഇപ്പോൾ പുതിയ പുതിയ ഡോക്ടർമാർ ഓരോരോ രംഗങ്ങളിൽ ഇറങ്ങിക്കൊണ്ടിരിക്കുകയാണ്. 'നിയമജാലകം' എന്ന പുതിയൊരു മാസികയിൽ ജസ്റ്റിസ് നാരായണക്കുറുപ്പ് എഴുതിയിരിക്കുന്നത്, മുല്ലപ്പെരിയാർ വിഷയത്തിൽ  അദ്ദേഹമായിരുന്നുവെങ്കിൽ ഒപ്പിടുമായിരുന്നില്ല എന്നാണ്. എന്നുപറഞ്ഞാൽ, ജസ്റ്റീസ് കെ. ടി. തോമസിനെ കേരളം തള്ളിപ്പറയുന്നുണ്ടോ; അദ്ദേഹം പറഞ്ഞിരിക്കുന്ന കാര്യങ്ങളോട് കേരളം യോജിക്കുന്നുണ്ടോ? അദ്ദേഹത്തിന് കിട്ടിയിരിക്കുന്ന വസ്തുതാപരമായ പിശകുകൾ കോടതി വിധിയിൽത്തന്നെയുണ്ട്. അതിൽ ഇടുക്കി ജില്ല എന്നല്ല തേക്കടി ജില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. 'തേക്കടി ജില്ലയുമായി ബന്ധപ്പെട്ട മുല്ലപ്പെരിയാർ ഡാം' എന്ന് കോടതി വിധിയുടെ മുൻപേജിൽ പറയുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു. അതായത്, വസ്തുതാപരമായ പിശകുകളും പ്രശ്നങ്ങളും കോടതി വിധിയിൽ പോലും ഉണ്ടായിരിക്കുന്നു. ജസ്റ്റിസ് കെ.ടി. തോമസ് ഒപ്പിട്ടിരിക്കുന്ന സ്റ്റേറ്റ്മെന്റുകൾ വായിച്ചുനോക്കിയാൽ നിരവധി തെറ്റുകൾ കാണാൻ സാധിക്കും. കേരളത്തിൽ നിന്നുള്ള ഉദ്യോഗസ്ഥൻമാർ ആരും തന്നെ ജസ്റ്റീസ്. കെ. ടി. തോമസിന് ഇത്തരം റിപ്പോർട്ടുകൾ നൽകിയിട്ടില്ല എന്നിരിക്കെ ഇത്തരം റിപ്പോർട്ടുകൾ അദ്ദേഹത്തിന് നൽകിയതാരാ

ണെന്ന് പരിശോധിക്കേണ്ടതുണ്ട്. വസ്തുതാപരമായ ഒട്ടനവധി പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പു മന്ത്രി. ശ്രീ. പി. ജെ. ജോസഫിനെ അദ്ദേഹത്തിന്റെ ഉറക്കം നഷ്ടപ്പെട്ടെന്നുപറഞ്ഞ് പല ആളുകളും ചർച്ചകളിൽ ആക്ഷേപിച്ചിട്ടുണ്ട്. നിയമസഭാ സെക്രട്ടേറിയറ്റ് പ്രിന്റ് ചെയ്ത് തന്നിരിക്കുന്ന ഈ പുസ്തകം ബഹുമാനപ്പെട്ട അംഗങ്ങൾ വായിച്ചു നോക്കണം. ശ്രീ. പി. ജെ. ജോസഫിന്റെ ഉറക്കം നഷ്ടപ്പെടാനുള്ള കാരണം ഇതിൽ പറഞ്ഞിരിക്കുന്നു. മുല്ലപ്പെരിയാറിൽ അപകടം ഉണ്ടാകാനുള്ള സാധ്യതയുണ്ട്, എപ്പോൾ വേണമെങ്കിലും ദുരന്തമുണ്ടാകാം എന്നാണ് ഇതുമായി ബന്ധപ്പെട്ട വിദഗ്ദ്ധർ നിയമസഭാ സബ്ജക്റ്റ് കമ്മിറ്റിയിൽ ഹാജരായി പറഞ്ഞിട്ടുള്ളത്. ഡാം ഇപ്പോൾത്തന്നെ പൊട്ടുമെന്ന് പറഞ്ഞിട്ടും എന്താണ് പൊട്ടാത്തതെന്ന് പറഞ്ഞ് ചിലർ പരിഹസിക്കുകയാണ്. വളരെ ഉത്തരവാദിത്തപ്പെട്ട ആളുകൾ തന്നെ ഇങ്ങനെ ചോദിക്കുന്നു. ഇത്തരം നിരുത്തരവാദപരമായി നടത്തുന്ന ചർച്ചകൾ ഇനിയെങ്കിലും നിയന്ത്രിക്കേണ്ടതാണ്. ഒത്തൊരുമയോടുകൂടി, ഒരു മനസ്സായി ഈ വിഷയത്തെ കാണുന്ന തരത്തിലുള്ള മനോഭാവം നമുക്ക് ഉണ്ടാകണം. പക്ഷേ അത് ഉണ്ടാകുന്നില്ല എന്നുള്ളതാണ് പ്രശ്നം. വേണ്ടവിധത്തിൽ പഠിക്കാതെ ലാഘവത്തോടുകൂടി ഈ വിഷയങ്ങളെ കൈകാര്യം ചെയ്യുന്നതുകൊണ്ടാണ് ഇത്തരം നിരുത്തരവാദപരമായ പ്രസ്താവനകൾ ഉത്തരവാദിത്തപ്പെട്ടവരിൽനിന്നും ഉണ്ടാകുന്നത്. നിയമസഭാ സമിതിയുടെ ശുപാർശയുടെ ഭാഗമായി പറഞ്ഞിട്ടുള്ള ഒരുകാര്യം, മുല്ലപ്പെരിയാർ അണക്കെട്ട് സീസ്മിക് സോൺ 4-ലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ 7.5 വരെ തീവ്രതയുള്ള ഭൂചലനങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നാണ് ശാസ്ത്രജ്ഞർ അറിയിച്ചിട്ടുള്ളത്.

നിയമസഭാ സബ്ജക്റ്റ് കമ്മിറ്റിയുടെ മുൻപിൽ വന്നിട്ടുള്ള ശുപാർശയുടെ വസ്തുതകൾ, വെളിപ്പെടുത്തലിന്റെ രേഖകൾ, വിശദമായ വിവരങ്ങൾ എന്നിവ ഈ പുസ്തകത്തിന്റെ ഭാഗമായി കൊടുത്തിരിക്കുകയാണ്. 1957–ൽ കേരള സംസ്ഥാനം രൂപീകൃതമായ നാൾ മുതൽ ഈ കാലഘട്ടം വരെ പീരുമേട് നിയോജക മണ്ഡലത്തിൽ നിന്നും ഈ നിയമസഭയിൽ വന്നിട്ടുള്ള എല്ലാ എം.എൽ.എ–മാരും ഇതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ നിയമസഭയുടെ മുമ്പിലേയ്ക്ക് കൊണ്ടുവരുന്നതിൽ ജാഗ്രത കാണിച്ചിട്ടുണ്ട്. ഒരു പ്രശ്നങ്ങൾക്കും ഒരു കാലഘട്ടത്തിലും പരിഹാരം ഉണ്ടാക്കാൻ കഴി ഞ്ഞില്ല എന്ന ദൗർഭാഗ്യകരമായ സാഹചര്യം മാറ്റുന്നതിനായി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ് ഇനിയെങ്കിലും ക്രിയാത്മക മായി ഈ വിഷയങ്ങളിൽ ഇടപെടണം. അങ്ങ് ഒരുപാട് വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ട്. സമയപരിമിതികൊണ്ട് ഞാനവയൊന്നും ആവർത്തിക്കുന്നി ല്ല. സബ്ജക്ട് കമ്മിറ്റിയുടെ മുൻപാകെ അഡ്വക്കേറ്റ് ജനറലിനെ വിളിച്ചു വരു ത്തണമെന്ന് ഒരിക്കൽ തീരുമാനിച്ചിരുന്നതാണ്. അദ്ദേഹം എത്തിയില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ നിയമസഭയിലും അദ്ദേഹത്തിന്റെ അസാന്നിദ്ധ്യമുണ്ട്. അഡ്വക്കേറ്റ് ജനറലിനെ ഈ നിയമസഭയിലേക്ക് വിളിച്ചുവരുത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിനു മുമ്പായിത്തന്നെ ഡിബേറ്റ് ചെയ്യേണ്ട സാഹചര്യം എന്താണ് എന്ന് സബ്ജക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ വായിച്ചുകഴിഞ്ഞാൽ വ്യക്തമാണ്. ഇനിയെന്താണ് ചെയ്യാൻ കഴിയുക എന്ന് ചിന്തിച്ച് നിസ്സഹായമായി നിൽക്കാതെ മുന്നോട്ടുള്ള പ്രയാണം എങ്ങനെയാ യിരിക്കണം എന്നുള്ളതിനെക്കുറിച്ച് വ്യക്തമായൊരു ധാരണയുണ്ടാക്കാൻ

സംസ്ഥാന സർക്കാരിന് കഴിയുമോ? 142 അടിയായി ജലം നിജപ്പെടുത്തുക എന്നുപറയുന്നത് അസംഭാവ്യമായ കാര്യമാണ്. വെള്ളം ഓവർഫ്ളോ ചെയ്യുന്നതിനുള്ള ഷട്ടറുകൾ 136 അടിയിലാണ് സ്ഥാപിച്ചിരിക്കുന്നത്. 142 അടിയിൽ ഷട്ടറുകളില്ല. അതുകൊണ്ടുതന്നെ 142 അടിയിൽനിന്ന് മാക്സിമം വാട്ടർ ലെവലായ 155 അടിയിലേക്ക് വെള്ളമെത്തിയാൽ അത് ഡാമിന്റെ സുരക്ഷയെ ഗുരുതരമായി ബാധിക്കും എന്നതിൽ ഒരു സംശയവും വേണ്ട. ഈ സാഹചര്യത്തിൽ ഇനിയെങ്കിലും ആലസ്യം വിട്ടുണർന്ന്, ആളുകളെ കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി നടത്തുന്ന ചടങ്ങുപരിപാടികൾക്കുപരിയായി പ്രശ്നങ്ങളിൽ  വിശദമായി ഇടപെടാൻ നമുക്ക് കഴിയണം എന്നുള്ളതാണ് ഈ അവസരത്തിൽസഭയുടെ ശ്രദ്ധയിൽപെടുത്താനുള്ളത്. നിറുത്തിവച്ച ഡിസാസ്റ്റർ മാനേജ്മെന്റ് സെല്ലിന്റെ പ്രവർത്തനങ്ങളടക്കം നിയമസഭ തന്നെ അംഗീകരിച്ചിട്ടുള്ള നിർദ്ദേശങ്ങളെങ്കിലും നടപ്പിലാക്കാൻ  തയ്യാറാകണം. 21-ാം തീയതി ബഹുമാന്യനായ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പങ്കെടുക്കുന്ന,  ഫയർ സ്റ്റേഷൻ ഉദ്ഘാടനച്ചടങ്ങ് അവിടെ നടക്കുന്നുണ്ട്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്........

ശ്രീമതി ഇ.എസ്. ബിജിമോൾ: സർ, ഡിസാസ്റ്റർ മാനേജ്മെന്റ് സെല്ലിന്റെ പ്രവർത്തനത്തെ സംബന്ധിച്ച്ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിക്കുകയാണ്. ഒരിക്കൽ ഈ നിയമസഭക്കുള്ളിൽ വാഗ്ദാനം ചെയ്യപ്പെട്ടതാണത്. അടിയന്തരമായി അതിന്റെ പ്രവർത്തനങ്ങൾ വീണ്ടും ആരംഭിക്കണം. ഇവിടെ വാരിക്കോരി പറഞ്ഞിരിക്കുന്ന ഒട്ടനവധി

കാര്യങ്ങൾ അവാസ്തവവും അർദ്ധസത്യങ്ങളുമാണ്. സംഭവിക്കാത്ത പല കാര്യങ്ങളും സംഭവിച്ചു എന്ന് പല റിപ്പോർട്ടിന്റെയും ഭാഗമായി വരുന്നത് ഈ നിയമസഭയ്ക്ക് നാണക്കേടാണ്. ആളുകളെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടാതെ, വിശ്വാസത്തിലെടുത്തുകൊണ്ട് ഒരു കർമ്മപദ്ധതിക്ക് രൂപം നൽകുകയും ഇനിയും ഒരു കോടതി വിധിക്കുവേണ്ടി കാത്തുനിൽക്കാതെ ഈ വിഷയത്തിൽ എന്താണ് ചെയ്യാൻ സാധിക്കുക എന്നതിൽ കേരള നിയമ സഭയുടെയും ഗവൺമെന്റിന്റെയും അടിയന്തരമായ ഇടപെടൽ ഉണ്ടാകണ മെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മുല്ലപ്പെരിയാർ വിഷയം വീണ്ടും ഇവിടെ ചർച്ച ചെയ്യുകയാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയനുസ രിച്ച് ഡാമിന്റെ ജലനിരപ്പ് 142 അടിയായി ഉയരുകയും പുതിയ ഡാം എന്ന സങ്കൽപ്പം തകരുകയും ചെയ്യുമെന്നുമാത്രമല്ല, അറ്റകുറ്റപ്പണികൾ നടത്താൻപോലും കേരളത്തിന് സാധിക്കാത്തൊരു സാഹചര്യമുണ്ടാവുകയും ചെയ്യുമെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. മുല്ലപ്പെരിയാർ അണക്കെട്ടിനെ ക്കുറിച്ചും അണക്കെട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും ആലോചന തുടങ്ങിയത് 1789 മുതലാണ്. അന്നുമുതൽ നാളിതുവരെ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ഇതുസംബന്ധിച്ചൊരു തീരുമാനത്തിലെ ത്തിച്ചേരുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനുത്തരവാദികളായ വരെ പഴിപറഞ്ഞതുകൊണ്ട് യാതൊരു പ്രയോജനമുണ്ടെന്ന് തോന്നുന്നില്ല. സ്വാഭാവികമായും ഇനി അങ്ങനെ സംഭവിക്കാതിരിക്കാനുള്ള ജാഗ്രതയെന്ന നിലയിൽ അക്കാര്യങ്ങളെപ്പറ്റി ആലോചിക്കാവുന്നതും അന്വേഷിക്കാവുന്നതു മാണ്. ഇതിൽ രാഷ്ട്രീയമോ, സാങ്കേതികമോ, സാമ്പത്തികമോ,

നിയമപരമോ, ഭരണപരമോ ആയ പ്രശ്നങ്ങളുണ്ടാകാം. ഏത് വിഷയവും അങ്ങനെയാണ്. നിയമപരമായൊരു പ്രശ്നം നിയമപരമായൊരു പ്രശ്നം മാത്രമായി അവശേഷിക്കില്ല. അതിനൊരു സോഷ്യൽ–ഇക്കണോമിക് ഇംപാക്ട് ഉണ്ടാകും. ബഹുമാനപ്പെട്ട സുപ്രീം കോടതി ഇതിന്റെ നിയമപരമായ പ്രശ്നത്തിന്മേൽ മാത്രമാണ് അഭിപ്രായം പറഞ്ഞിരിക്കുന്നത്. പക്ഷേ, ഇത്തരത്തിൽ നിയമപരമായ പ്രശ്നത്തിന് പരിഹാരം കാണുമ്പോൾ സ്വാഭാവികമായും നിയമം മനുഷ്യർക്കും സമൂഹത്തിനും വേണ്ടിയുള്ളതാണെന്നുള്ള കാഴ്ചപ്പാട് എല്ലാവർക്കുമുണ്ട്. നിയമപരമായൊരു പ്രശ്നത്തിന്മേൽ സുപ്രീം കോടതി അഭിപ്രായം പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഇനിയുള്ള ഏക മാർഗ്ഗം ഇതിന്മേൽ രാഷ്ട്രീയ പരിഹാരം കാണലാണ്. കേരളത്തിന് കുറച്ചെങ്കിലും പ്രയോജനകരമായ രീതിയിൽ ഔട്ട് ഓഫ് കോർട്ട് സെറ്റിൽമെന്റ് നടത്താൻ എന്താണ് വഴിയെന്നതിനെക്കുറിച്ച് അന്വേഷിക്കൽ മാത്രമാണ് കേരളത്തിനുമുന്നിലുള്ള ഏക പോംവഴി. ലോകത്തുള്ള ഏതൊരു അണക്കെട്ടിനും കൊടുക്കാവുന്ന മാക്സിമം ഗ്യാരന്റി പിരീഡ് 50 വർഷം മാത്രമാണ്. മുല്ലപ്പെരിയാർ ഡാമിനും 50 വർഷത്തെ ഗ്യാരന്റിയാണ് നൽകിയിരുന്നത്. ഏറ്റവും പുതിയ ടെക്നോളജി ഉപയോഗിച്ച് പണിത ഡാമാണെങ്കിൽ 50 വർഷമെന്നുള്ളത് 60 ആകുമെന്നുമാത്രം. അങ്ങനെ അൻപതോ അറുപതോ വർഷം മാത്രം ആയുസ്സുള്ള ഒരു ഡാമിന് എങ്ങനെയാണ് 900 വർഷത്തെ കരാറുണ്ടാക്കുന്നത്? ഗ്യാരന്റി പിരീഡിനപ്പുറം ആ ഡാം ഉണ്ടാകുമോ ഇല്ലയോയെന്നുപോലും പറയുവാൻ സാധിക്കില്ല. അൻപത് വർഷം കഴിഞ്ഞാൽ അതിന്റെ ഗ്യാരന്റി തീർന്നു. അങ്ങനെയൊരു ഡാമിന് ചോർച്ചയുണ്ടോ, ദ്വാരങ്ങൾ വീണിട്ടുണ്ടോ, ഡാമിന്റെ നിർമ്മാണ വസ്തു

ക്കൾ തകർച്ച സംഭവിച്ചിട്ടുണ്ടോ എന്നൊന്നും പരിശോധിക്കുന്നതിൽ കാര്യമില്ല. ഒരു പക്ഷേ, ലോകാവസാനം വരെ അത് പൊട്ടിയില്ലെന്നോ അല്ലെങ്കിൽ ഇപ്പോൾത്തന്നെ പൊട്ടിയെന്നോ വരാം. എന്തായാലും ഗ്യാരന്റി പിരീഡ് കഴിഞ്ഞൊരു ഡാമായതുകൊണ്ടും പുതിയൊരു അണക്കെട്ട് ഉണ്ടാക്കുന്നതാണ് ബുദ്ധിയെന്നുള്ളതുകൊണ്ടുമാണ് അന്ന് അങ്ങനെയൊരു പ്രമേയം പാസ്സാക്കുകയും നിയമനിർമ്മാണം നടത്തുകയും ചെയ്തത്. എന്നാൽ ഇപ്പോഴത്തെ കോടതിവിധിയോടെ ആ നിയമനിർമ്മാണവും ഇല്ലാതായിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഇവിടെ പറഞ്ഞതുപോലെ ഇതിന്മേൽ കേരളത്തിനുമുന്നിലുള്ള ഏക പരിഹാരമെന്നുപറയുന്നത് ഈ വിഷയം സുപ്രീം കോടതിയുടെ ഒരു ഫുൾ ബഞ്ചിന്റെ പരിഗണനയിലേയ്ക്ക് എങ്ങനെ കൊണ്ടുവരാമെന്നതിനെപ്പറ്റി ആലോചിക്കുകയാണ്. കേന്ദ്രത്തിൽ വന്നിട്ടുള്ള ഭരണമാറ്റവും കേന്ദ്രവും തമിഴ്നാടുമായുള്ള ബന്ധവും പരിഗണിക്കുമ്പോൾ ഈ വിഷയത്തിന്മേൽ രാഷ്ട്രീയപരമായ പരിഹാരം കാണുന്നതിൽ അത്ര സുതാര്യമായ സാഹചര്യമല്ല ഇപ്പോൾ നിലനിൽക്കുന്നത്. രാഷ്ട്രീയമായ പരിഹാരം കാണൽ ഉപേക്ഷിക്കണമെന്നല്ല ഞാൻ പറഞ്ഞതിനർത്ഥം. ഇതുസംബന്ധിച്ച എല്ലാ വശങ്ങളെപ്പറ്റിയും ആലോചിച്ച് മുന്നിലേയ്ക്കുള്ള വഴിയെന്താണെന്നതിനെക്കുറിച്ച് മാത്രമാണ് ആലോചിക്കേണ്ടത്. ഭരണകക്ഷി–പ്രതിപക്ഷ വ്യത്യാസമില്ലാതെ സഭ ഒന്നടങ്കം വികാരപരമായി എന്ത് തീരുമാനമെടുത്താലും ഇന്നത്തെ സാഹചര്യത്തിൽ ആ തീരുമാനങ്ങൾക്കൊന്നും യാതൊരു പ്രസക്തിയുമില്ല. ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ പറഞ്ഞതുപോലെ, സാഹചര്യങ്ങളെല്ലാം ഒരു വഴിത്തിരിവിലെത്തി നിൽക്കുകയാണ്. നിരാശയല്ല വേണ്ടത്, ഇനി എങ്ങനെ മുന്നോട്ടുപോകണമെന്ന് വളരെ ബുദ്ധിപരമായി ചിന്തിക്കണം. അതിന് സാധി

ക്കുമോ എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. അണക്കെട്ടിന്റെ പ്രശ്നത്തിൽ മാത്രമല്ല, തമിഴ്നാട്, കർണ്ണാടക പോലുള്ള സംസ്ഥാനങ്ങൾക്ക് കേന്ദ്ര ത്തിൽനിന്നും അവരുടെ അവകാശങ്ങളും ആവശ്യങ്ങളും നേടിയെടുക്കുന്ന തിനും അവർക്കാവശ്യമുള്ള കാര്യങ്ങൾ നിറവേറ്റുന്നതിനുമായി വളരെ വിപു ലമായ സംവിധാനമുണ്ട്. കേരളത്തിന് ഒരുകാലത്തും അങ്ങനെയൊരു സംവി ധാനമുണ്ടായിട്ടില്ലെന്നു മാത്രമല്ല, അങ്ങനെയൊരു സംവിധാനത്തെക്കുറിച്ച് ആലോചിച്ചിട്ടുപോലുമില്ല. ഈ വിഷയത്തിൽ മാത്രമല്ല, ഏത് വിഷയമെടുത്ത് പരിശോധിച്ചാലും അക്കാര്യം മനസ്സിലാകും. സമാന്തരമായൊരു മന്ത്രിസഭ തന്നെ അവർക്കായി ഡൽഹിയിൽ പ്രവർത്തിക്കുകയാണ്. ഓരോ ഡിപ്പാർട്ടു മെന്റിൽ നിന്നും പൊളിറ്റിക്കലായി നേടേണ്ട കാര്യങ്ങൾക്കും മറ്റുമായി പ്രത്യേകം പ്രത്യേകം സംവിധാനങ്ങളാണുള്ളത്. നിർഭാഗ്യവശാൽ കേരളം അത്തരമൊരു സാഹചര്യത്തിലേയ്ക്ക് ഇതുവരെ പോയിട്ടില്ല. ഡാം സേഫ്ടി യെപ്പറ്റി പറയുകയാണെങ്കിൽ, ലോകത്തിൽ അഞ്ഞൂറിലേറെ ഡാമുകൾ ഇതി നോടകംതന്നെ തകർന്നിട്ടുണ്ട്. മുല്ലപ്പെരിയാർ കൂടാതെ ഇടുക്കിയിൽ പത്ത് ഡാമുകളുണ്ട്. മുല്ലപ്പെരിയാർ ഡാം പണിതിരിക്കുന്നത് ഡാം പണിയാൻ പാടി ല്ലാത്തൊരു പ്രദേശത്താണ്. അവിടെ വെള്ളം കെട്ടിനിർത്തിയാൽ അതിന്റെ ഇംപാക്ട് ഉണ്ടാകും, ഡാം ഇൻഡ്യൂസ്ഡ് ആയിട്ടുള്ള ട്രെമർ ഉണ്ടാകുമെന്നും ഭൂകമ്പമുണ്ടാകുമെന്നൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. അത്തര മൊരു സ്ഥലത്ത് ഇപ്പോൾത്തന്നെ പത്തിലേറെ ഡാമുകൾ പണിതുകഴിഞ്ഞു. അതുകൊണ്ട് മുല്ലപ്പെരിയാറിന്റെ സേഫ്റ്റിയുടെ കാര്യത്തിൽ മാത്രമല്ല, ബാക്കിയുള്ള ഡാമുകളുടെ കാര്യത്തിലും ആർക്കും ഗ്യാരന്റി പറയാൻ സാധിക്കാത്ത ഭയാനകമായൊരു സ്ഥിതിവിശേഷമാണ് ഇപ്പോൾ

കേരളത്തിലുള്ളത്. ആധുനിക ഡാമുകൾ പണിതാൽപോലും 60 വർഷത്തിലേറെ ആയുസ്സുണ്ടാവില്ലെന്നു മാത്രമല്ല, അതിന്റെ അറ്റകുറ്റപ്പണികൾപോലും നടത്താൻ വളരെ പ്രയാസകരമാണ്. എന്നാലിപ്പോൾ മുല്ലപ്പെരിയാർ കേരളത്തിലല്ലെന്നുപോലും എസ്റ്റാബ്ലിഷ് ചെയ്യുന്ന സാഹചര്യം നിലനിൽക്കെ പഴയ പ്രമേയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയൊരു അണക്കെട്ട് പണിയുകയാണെങ്കിൽത്തന്നെ 900 വർഷത്തിനിടയിൽ ഇത്തരത്തിൽ പതിനാറ് അണക്കെട്ടുകൾ പണിയേണ്ടിവരും. അങ്ങനെ പണിയുന്ന ഓരോ അണക്കെട്ടിന്റെയും അറ്റകുറ്റപ്പണികളും ഡാമിന്റെ മേൽനോട്ടാവകാശവും തമിഴ്നാടിന് കിട്ടിക്കഴിഞ്ഞാൽ പിന്നീട് ഈ പ്രദേശങ്ങൾ മുഴുവൻ ആ സംസ്ഥാനത്തോട് ചേരുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ മാറും. അങ്ങനെ വൈൽഡായിട്ടുള്ള ഇമാജിനേഷനിലേയ്ക്ക് ഞാൻ പോകുന്നില്ല. പക്ഷേ, നിലവിലുള്ള സാഹചര്യം കേരളത്തിന് അനുകൂലമല്ല. ഇത്തരം പ്രതികൂലമായ സാഹചര്യത്തെ മറികടക്കുന്നതിനായി ഒരു ടണൽ നിർമ്മാണത്തിനുള്ള പ്രൊപ്പോസലിനെപ്പറ്റി മുമ്പ് പറയുകയുണ്ടായി. അൻപത് കോടി രൂപയുണ്ടെങ്കിൽ ഇത്തരമൊരു ടണൽ നിർമ്മിക്കാൻ പറ്റുമെങ്കിൽ 1000 കോടി രൂപ ഉണ്ടെങ്കിൽ മാത്രമേ ഇന്നത്തെ സാഹചര്യത്തിൽ ഒരു അണക്കെട്ട് നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ ടണൽ നിർമ്മിക്കാൻ സാധിക്കുമോയെന്നും താൽക്കാലികമായെങ്കിലും നിലവിലുള്ള ഡാമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ മറ്റേതെങ്കിലും വഴിയുണ്ടോയെന്ന് ആലോചിക്കുകയും കേന്ദ്രഗവൺമെന്റിനേയും ഈ വിഷയത്തിൽ ഇൻവോൾവ്ഡായിട്ടുള്ള സംസ്ഥാനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് രാഷ്ട്രീയ പരിഹാരം കാണാൻ സാധിക്കുമോയെന്നും ആലോചിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അതല്ലാതെ ഈ വിഷയത്തെ മറികട

ക്കാൻ കേരളത്തിനുമുന്നിൽ മറ്റ് യാതൊരു ഉപാധികളുമില്ലാത്ത സാഹചര്യമാണ് ഇപ്പോൾ സംജാതമായിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചാൽ കേരളത്തിന് ഒരുപാട് വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. ഈ ഡാമിന്റെ നിർമ്മാണത്തിനുശേഷം വന്നിട്ടുള്ള മാറ്റങ്ങൾ, കരാർ പുതുക്കിക്കൊടുത്തത് എന്നിങ്ങനെ പല തരത്തിലുള്ള വീഴ്ചകൾ നമ്മുടെ ഭാഗത്ത് സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇവിടെ നടത്തുന്ന ചർച്ചകൾക്ക് യാതൊരു പ്രസക്തിയുമില്ല. കാരണം, റെലവന്റായിട്ടുള്ള ഒരു സബ്ജക്ടല്ല ഇത്. കേരളത്തിലെ നാല്പത് ലക്ഷത്തോളം വരുന്ന ആളുകളുടെ സുരക്ഷിതത്വം ഉറപ്പാക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ ഇതുവരെ കഴിഞ്ഞതെല്ലാം മറന്ന് ഇതിന്മേൽ അടുത്ത നടപടിയെന്താണെന്നതിനെപ്പറ്റി ആലോചിക്കുകയും അതിന് വീഴ്ചകൾ സംഭവിക്കാതിരിക്കാൻ രാഷ്ട്രീയമായി എങ്ങനെ നേരിടാമെന്നതിനെപ്പറ്റിയുമാണ് ആലോചിക്കേണ്ടത്. ഇവിടെ ശ്രീ. ജോസഫ് വാഴക്കൻ പറഞ്ഞതുപോലെ അതിനായി ഇവിടെയൊരു ഹർത്താലോ, ബന്ദോ, പ്രതിഷേധമോ പ്രകടിപ്പിച്ച് ഇനിയും നഷ്ടത്തിലേയ്ക്ക് കൊണ്ടുപോകാതെ പോസീറ്റീവായ, ക്രിയേറ്റീവായിട്ടുള്ള, നടപടികളെടുത്ത് എല്ലാ സാധ്യതകളും എക്സ്പ്ലോയിറ്റ് ചെയ്തുപോവുകയാണ് ഏക പോംവഴി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ കുറ്റപ്പെടുത്തുന്നില്ല. ഈ വിഷയത്തിന്മേൽ സുപ്രീം കോടതിയിൽ വാദിച്ച കേരളത്തിലെ അഭിഭാഷകർ ശരിയായ രീതിയിലാണോ വാദിച്ചതെന്നും ഇതുസംബന്ധിച്ച് കേരളത്തിന് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നും അന്വേഷിച്ച് പോയാൽ കുറ്റം ചെയ്തവരെ ശിക്ഷിക്കാമെന്നല്ലാതെ കേരളത്തിന്റെ ആവശ്യം നടക്കുകയില്ല. ഇതുസംബന്ധിച്ച് വ്യക്തമായിട്ടുള്ള കാര്യങ്ങൾ സുപ്രീം കോടതിയെ ബോധ്യപ്പെടുത്താനോ അതിനനു

സരിച്ച് പ്രവർത്തിക്കാനോ കേരളത്തിന് സാധിച്ചിട്ടില്ലായിരിക്കാം. അക്കാര്യങ്ങൾ പരിശോധിക്കുന്നതിന് ഞാൻ എതിരല്ല. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ രാഷ്ട്രീയമായൊരു പരിഹാരം കാണുതിനുവേണ്ടിയുള്ള സജീവമായൊരു ഇടപെടലാണ് ഈ ഘട്ടത്തിൽ ആവശ്യമായിട്ടുള്ളതെന്നുമാത്രം ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീമതി ജമീലാ പ്രകാശം</u>: സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അവതരിപ്പിച്ച ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽ സുപ്രീംകോടതിയുടെ ഏറ്റവും ഒടുവിലത്തെ വിധിയെത്തുടർന്ന് ഉളവായിട്ടുള്ള സ്ഥിതിവിശേഷത്തെപ്പറ്റിയുള്ള ചർച്ചയാണ് ഇവിടെ ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഇങ്ങനെ ഒരു വിധിയിലേക്ക് നയിച്ച സാഹചര്യങ്ങൾ നമ്മൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. കാലാകാലങ്ങളിൽ അന്തർസംസ്ഥാന നദീജലം കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നുവെന്നും അവരുടെ വരുമാനത്തിന്റെ അളവും സ്രോതസ്സും എപ്രകാരമാണെന്നും അന്വേഷണവിധേയമാക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച ചർച്ചകൾക്കും കേസ് നടത്തിപ്പിനും മറ്റും കേരളത്തിൽനിന്നും പോകുന്ന ഉദ്യോഗസ്ഥർക്ക് തമിഴ്നാടിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ അവരുടെയോ ഉറ്റബന്ധുക്കളുടെയോ പേരിൽ വസ്തുവകകളുണ്ടോ എന്നും പരിശോധിച്ച് കണ്ടെത്തേണ്ടതുണ്ട്. ഇത്തരത്തിലുള്ള അന്വേഷണം ഉദ്യോഗസ്ഥരിൽമാത്രം ഒതുക്കിനിർത്താതെ രാഷ്ട്രീയ നേതാക്കൾക്കും ബാധകമാക്കേണ്ടതാണ്. ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട ചില ഉദ്യോഗസ്ഥർക്ക് കേരളത്തിലെ ചില പ്രധാന നഗരങ്ങളിലുള്ള ഫ്ളാറ്റു

കളെക്കുറിച്ചും അവരുടെ ചില ബന്ധുക്കളുടെ പേരിലുള്ള വിദേശ കറൻസി അക്കൗണ്ടുകളിൽ ചെന്നുചേർന്നിട്ടുള്ള പണത്തെ സംബന്ധിച്ചുമുള്ള അടക്കിപ്പിടിച്ച സംഭാഷണങ്ങൾ ഭരണത്തിന്റെ ഇടനാഴികളിൽ നേരിയ തോതിലുള്ള ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ, മാനേജുമെന്റ് തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള 3 അംഗ സമിതിയിലേക്ക് കേരളത്തിൽനിന്നും നിയുക്തനായിരിക്കുന്ന അംഗത്തിന്റെ പ്രവർത്തനങ്ങളും ഇപ്പോൾ ഉള്ള അംഗത്തിന്റെയും ഇനി വരാൻപോകുന്ന അംഗങ്ങളുടെയും പ്രവർത്തനങ്ങൾ സൂക്ഷ്മവും സമഗ്രവും കർശനവുമായ നീരീക്ഷണത്തിനും വിശകലനത്തിനും വിധേയമാക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഇക്കഴിഞ്ഞ വർഷങ്ങളിൽ മുല്ലപ്പെരിയാർ അണക്കെട്ട് തകരുമെന്നുള്ള ആശങ്കയും അതേത്തുടർന്നുള്ള പരിഭ്രാന്തിയും ഈ സഭയ്ക്ക് അകത്തും പുറത്തും സൃഷ്ടിച്ച നാടകീയ സംഭവവികാസങ്ങൾ എല്ലാവർക്കും ഓർമ്മയുള്ളതാണ്. അതിന് നായകത്വം വഹിച്ചവരുടെ വിശ്വാസ്യത പരിശോധനാ വിധേയമാക്കേണ്ടതുണ്ട്. തമിഴ്നാട് ഗവൺമെന്റ് എല്ലാ വർഷവും അവരുടെ ബഡ്ജറ്റിൽ 'ഫെസിലിറ്റേഷൻ ചാർജസ്' എന്ന ശീർഷകത്തിൽ ഒരു നിശ്ചിത തുക മാറ്റിവയ്ക്കാറുണ്ട് എന്നത് ഇന്ന് പരക്കെ എല്ലാവർക്കും അറിയാവുന്ന പരസ്യമായ ഒരു രഹസ്യമായിത്തീർന്നിരിക്കുന്നു. ഉദാഹരണത്തിന് ശിരുവാണി അണക്കെട്ടിന്റെ മെയിന്റനൻസ് എന്ന പേരിൽ വൻ തുക, ആവശ്യമുള്ളതിലും എത്രയോ ഇരട്ടി വർഷംതോറും നൽകിവരുന്നു. ഇതിന് യാതൊരു ആഡിറ്റും വൗച്ചറും ബില്ലുമൊന്നുമില്ല. ഈ തുകകൾ എങ്ങനെ ചെലവഴിക്കപ്പെടുന്നുവെന്നും ഇത് ആരുടെയൊക്കെ കൈകളിലാണ് എത്തിച്ചേർന്നിരിക്കുന്നതെന്നും ശരി

യായ രീതിയിലുള്ള ഒരു അന്വേഷണം നടത്തിയാൽ പല ഉള്ളുകള്ളികളും പുറത്തുവരും. ഈ പശ്ചാത്തലത്തിലാണ് അടുത്ത കാലത്തായി എന്റെ ശ്രദ്ധയിൽപ്പെട്ട 2 കത്തുകളിലേക്ക് അങ്ങയുടെയും ഈ സഭയുടെയും ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള സെൻട്രൽ വാട്ടർ കമ്മിഷനിലെ ഡാം സേഫ്റ്റി മോണിറ്ററിംഗ് ഡയറക്ടറേറ്റിലെ മെമ്പർ സെക്രട്ടറി ഒപ്പിട്ടിരിക്കുന്ന 15-04-2014-ൽ പുറപ്പെടുവിച്ച കത്താണ് ഒന്നാമത്തേത്. 27-12-2013-ൽ ചേർന്ന നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ 32-ാമത് യോഗത്തിലെ തീരുമാനത്തിൽ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ജലവിഭവ വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈനിംഗ് വിഭാഗം ചീഫ് എൻജിനീയർ എഴുതിയ കത്തിനുള്ള മറുപടി കത്തായിട്ടാണ് മെമ്പർ സെക്രട്ടറി കേന്ദ്രത്തിൽനിന്നും ഈ കത്ത് എഴുതിയിരിക്കുന്നത്. 27-12-2013-ൽ ചേർന്ന പ്രസ്തുത യോഗത്തിൽവച്ച് മുല്ലപ്പെരിയാർ, പെരുവാരിപ്പള്ളം, പറമ്പിക്കുളം, തുണക്കടവ് എന്നീ 4 ഡാമുകളെ സംബന്ധിച്ച് -These dams are owned, operated and maintained by Tamil Nadu എന്ന രീതിയിൽ മാറ്റംവരുത്തുവാൻ തീരുമാനിച്ചിരുന്നു. അതിൽ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ടാണ് നമ്മൾ ഇവിടെനിന്നും ഒരു കത്തയച്ചത്. ആ യോഗത്തിൽ അന്ന് പങ്കെടുത്തിരുന്ന കേരളത്തിന്റെ പ്രതിനിധികൾ ആ തീരുമാനത്തിനെതിരായി എതിർപ്പുകളൊന്നും രേഖപ്പെടുത്തിയിട്ടില്ലെന്നാണ് നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ മെമ്പർ സെക്രട്ടറിയുടെ കത്തിൽ പറഞ്ഞിരിക്കുന്നത്. പ്രസ്തുത കത്തിൽ പറഞ്ഞിരിക്കുന്നത്, No objections were raised by the representatives from

the State of Government of Kerala and accordingly the aforesaid request of Tamil Nadu has accepted. ഇതെല്ലാം 'owned by Tamil Nadu' ആയി. ഇപ്പോൾ നെയ്യാർ ഡാമും അവർക്ക് വേണമെന്ന് പറഞ്ഞുതുടങ്ങിരിക്കുന്നു. പ്രസ്തുത യോഗത്തിൽ പങ്കെടുത്തിരുന്ന കേരളത്തിന്റെ പ്രതിനിധികൾ ആരൊക്കെയായിരുന്നുവെന്നും ആ യോഗത്തിൽ പങ്കെടുക്കുന്നതിനുമുമ്പ് ഗവൺമെന്റ്തലത്തിൽ എന്തെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിരുന്നോ എന്നും വ്യക്തമാക്കപ്പെടേണ്ടതുണ്ട്. യോഗ റിപ്പോർട്ടിൽ പങ്കെടുത്ത ആളുകളുടെ പേരുണ്ട്. നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ കേരളത്തിന് ദോഷകരവും അപമാനകരവുമായ തീരുമാനം എപ്പോഴാണ് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതെന്നും ആ തീരുമാനത്തിനെതിരെ ഒരക്ഷരം ഉരിയാടാത്ത കേരളത്തിലെ പ്രതിനിധികളുടെ പേർക്ക് എന്ത് നടപടിയാണ് കൈക്കൊണ്ടതെന്നും അറിയാൻ ആഗ്രഹമുണ്ട്. തമിഴ്നാട് ഗവൺമെന്റിന്റെ പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേരളത്തിലെ ജലവിഭവ വകുപ്പിന്റെ ചുമതല വഹിക്കുന്ന അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് അയച്ച കത്താണ് രണ്ടാമത്തെ കത്ത്. ഇവരാരും ജൂനിയർ ഉദ്യോഗസ്ഥരല്ല. കേരള ഡാം സേഫ്റ്റി അതോറിറ്റി 2014 മേയ് 12-ാം തീയതി മുതൽ 14-ാം തീയതി വരെ പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകൾ പരിശോധിക്കുവാൻ വേണ്ടി നടത്താനുദ്ദേശിച്ചിരുന്ന സന്ദർശനത്തിന്റെ ആവശ്യമില്ലെന്ന് പ്രതിപാദിക്കുന്നതാണ് ഈ കത്ത്. പ്രസ്തുത മൂന്ന് അണക്കെട്ടുകളും owned, operated and maintained by Government of Tamil Nadu ആണെന്നും തമിഴ്നാട് സർക്കാരിന്റെ ഡാം

സേഫ്റ്റി ഡയറക്ടറേറ്റ് ഈ അണക്കെട്ടുകളുടെ സുരക്ഷാ കാര്യങ്ങൾ ഇട യ്ക്കിടയ്ക്ക് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും ആയതിനാൽ കേരള ഡാം സേഫ്റ്റി അതോറിറ്റിക്കാർ ഇനി മുതൽ അങ്ങോട്ടുചെന്ന് പരിശോധി ക്കേണ്ട കാര്യമില്ലെന്നും തമിഴ്നാട് സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തറപ്പിച്ചു പറഞ്ഞിരിക്കുന്നു. തമിഴ്നാട് സർക്കാരിനെ സംബന്ധിച്ചിടത്തോളം 27-12-2013-ലെ നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ തീരുമാനം നിലവിൽ വന്നിരിക്കുകയാണ്. ഈ സാഹചര്യ ത്തിൽ എന്ത് നടപടിയാണ് കേരളാ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളതെന്നും എന്ത് നടപടിയാണ് കൈക്കൊള്ളാനായി ഉദ്ദേശിക്കുന്നതെന്നും ജനങ്ങൾക്ക് അറിയാനുള്ള ആഗ്രഹമുണ്ട്. അവരുടെ ആശങ്ക ദൂരീകരിക്കുന്നതിന് ഈ കാര്യങ്ങളൊക്കെ ആവശ്യവുമാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, മുല്ലപ്പെരിയാർ വിഷയം സഭാ സമ്മേളന ത്തിന്റെ ആദ്യ ദിവസം തന്നെ ചർച്ച ചെയ്യപ്പെടുന്നുവെന്നുള്ളത് വളരെ സ്വാഗ താർഹമാണ്. കേരളത്തിലെ 40 ലക്ഷത്തിലധികം ജനങ്ങളുടെ നിലനിൽപ്പിന് ഭീഷണിയുള്ള ഒരു കാര്യത്തിൽ പരമോന്നത നീതിപീഠം നൽകിയ വിധി അത്യന്തം നിർഭാഗ്യകരമായിപ്പോയി. മുല്ലപ്പെരിയാർ വിഷയത്തിലുണ്ടായി ട്ടുള്ള സുപ്രീംകോടതി വിധി മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള കോടതി വിധികളിൽനിന്നും വ്യത്യസ്തവും നിരാശാജനകവുമാണെന്ന് പറയാതിരി ക്കാൻ നിർവ്വാഹമില്ല. 2006-ലെ സുപ്രീംകോടതി വിധിയിൽ കേരളത്തിന് അനുകൂലമായ യാതൊന്നും കാണാൻ കഴിഞ്ഞില്ല. പ്രസ്തുത വിധിയെ അപ്പാടെ അംഗീകരിച്ചുകൊണ്ടുള്ള ഒരു തീരുമാനമാണ് ഇന്ന് ഈ വിധിയി ലൂടെ ഭരണഘടനാ ബഞ്ച് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ വിവിധ താൽപ്പ

ര്യങ്ങൾക്ക് ഒരു പരിഗണനയും നൽകിയിട്ടില്ല. നിയമനിർമ്മാണ സഭയുടെ നടപടികളിന്മേൽ പ്രതിഷേധം അറിയിച്ചുകൊണ്ടുള്ള ഒരു ഉത്തരവായി മാത്രമേ ഈ വിധി ന്യായത്തെ വിലയിരുത്താൻ കഴിയുകയുള്ളൂ. സംസ്ഥാനത്തിന് ഭരണഘടനാപരമായി ലഭിക്കേണ്ട സാമാന്യ നീതിപോലും ലഭിച്ചിട്ടുണ്ടോ എന്ന് ഈ നിയമസഭയും നിയമസഭയിലെ അംഗങ്ങളും വിലയിരുത്തപ്പെടേണ്ടതായിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളം മുന്നോട്ടുവച്ച വസ്തുതകൾക്കൊന്നും എംപവേർഡ് കമ്മിറ്റിയോ സുപ്രീംകോടതിയോ അർഹിക്കുന്ന പരിഗണന നൽകിയില്ല. ഉന്നതാധികാര സമിതിയുടെ തീരുമാനം ഏകപക്ഷീയമായിരുന്നു എന്ന് ചർച്ച ചെയ്യപ്പെടുമ്പോഴും 'ഒരിടത്തും ചർച്ച ചെയ്യപ്പെടാത്ത ടണൽ' എന്ന ഒരു ആശയം ഈ വിധിയുമായി ബന്ധപ്പെട്ട് കേൾക്കാനിടയായി. ഇത് ഒരിടത്തും ചർച്ച ചെയ്യപ്പെട്ടതായി ഇതുവരെയും യാതൊരു അറിവുമില്ല. ഇതൊക്കെ വളരെ ഗൗരവത്തോടുകൂടിയാണ് കാണേണ്ടത്. സർ, അണക്കെട്ടിന്റെ ജലനിരപ്പ് 136 അടിയിൽനിന്ന് 142 അടിയായി ഉയർത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളും അതുമൂലം ഒരു വിഭാഗം ജനങ്ങളുടെ ജീവനും സ്വത്തിനുമുണ്ടാകുന്ന കഷ്ടനഷ്ടവും സംബന്ധിച്ച് വിശദമായ പരിശോധന ഈ വിധിന്യായത്തിൽ ഒരിടത്തും കാണാൻ കഴിയുന്നില്ല. ഇവിടെ പല മെമ്പർമാരും വിലയിരുത്തിയത് ഞാൻ സസൂക്ഷ്മം ശ്രദ്ധിക്കുകയായിരുന്നു. സുപ്രീം കോടതിയുടെ മുമ്പിൽ വിവിധ ഗവൺമെന്റുകൾ കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ള, കേസ് നടത്തിപ്പുമായി ബന്ധപ്പെട്ടിട്ടുള്ള പ്രശ്നങ്ങളിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അന്വേഷിക്കാം. പക്ഷേ സാമാന്യനീതി നിഷേധിക്കുന്ന തലത്തിലേക്ക് കാര്യങ്ങൾ വരുമ്പോൾ അതിലുള്ള പ്രതിഷേധവും ദു:ഖവും നിരാശയും ഈ സഭയിൽ പറയേണ്ടിവ

രും. 2006 ഫെബ്രുവരി 27-ലെ സുപ്രീം കോടതിവിധിയെ മറികടക്കാനാണ് 2006 മാർച്ച് 15-ന് നിയമസഭ നിയമം കൊണ്ടുവന്നതെന്നുള്ള കണ്ടെത്തൽ, ഒരുപക്ഷേ സുപ്രീം കോടതിപോലും ആ നിലയിൽ ചിന്തിച്ചിട്ടുണ്ടോയെന്ന് നമുക്ക് ആശങ്കയുണ്ട്. മാത്രമല്ല, കേസ്സിന്റെ വിചാരണവേളയിൽ പലപ്പോഴും കേരളത്തിന്റെ വാദങ്ങളെ സംബന്ധിച്ച് പല ഘട്ടങ്ങളിലും ബഹുമാനപ്പെട്ട കോടതി അനുകൂലമായ പരാമർശങ്ങൾ നടത്തിയെങ്കിലും അന്തിമവിധിയിൽ പ്രസ്തുത വാദഗതികൾ നിരാകരിക്കപ്പെട്ടത് ഖേദകരമായിപ്പോയി. സുപ്രീം കോടതി ഈ വാദഗതികളെ സംബന്ധിച്ച്, പല ഘട്ടങ്ങളിലും കേരളത്തിന്റെ വാദഗതികൾ അനുകൂലമായി പരാമർശിക്കപ്പെട്ടുവെന്നുള്ള യാഥാർത്ഥ്യവും ഇതിനുമുമ്പ് കാണാൻ കഴിയുന്നുവെന്നുള്ളത് നിസ്സാരമായി കാണാൻ കഴിയില്ല. കേരളത്തെ സംബന്ധിച്ച് മുല്ലപ്പെരിയാർ വിഷയത്തിൽ നമ്മൾ വളരെ വ്യക്തമായി പറഞ്ഞു, തമിഴ്നാടിന് വെള്ളവും കേരളത്തിന് സുരക്ഷ യും. 136 അടിയിൽത്തന്നെ ആവശ്യമായ ജലം തമിഴ്നാടിന് കിട്ടിക്കൊണ്ടിരി ക്കുകയാണ്. 142 അടിയാക്കേണ്ട യാതൊരു കാര്യവുമില്ല. ഒരിക്കലും ജലം കൊടുക്കുന്ന കാര്യത്തിൽ സംസ്ഥാനം തടസ്സം പറഞ്ഞിട്ടില്ല. നമ്മുടെ കേസ്സിനെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ സുരക്ഷയെന്ന ആശയം മാത്രം മുൻനിർത്തിയാണ് പ്രവർത്തിച്ചിട്ടുള്ളത്. തമിഴ്നാടിന് ജലം കൊടുക്ക ണമെന്നുള്ള കാര്യത്തിൽ തർക്കമുന്നയിച്ച് ഒരു ഘട്ടത്തിൽ ഒരു വിഷയവും രൂപപ്പെട്ടുവന്നിട്ടില്ല. വിട്ടുവീഴ്ചയിലൂന്നിയ കേരളത്തിന്റെ ഈ നിലപാട് സുപ്രീം കോടതിപോലും കണക്കിലെടുക്കാതിരുന്നത് അത്യന്തം ഖേദകര മായിപ്പോയിയെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. 1895-ൽ നിർമ്മിച്ച മുല്ലപ്പെരിയാർ ഡാമിന്റെ ചോർച്ച ശക്തമാകാൻ തുടങ്ങിയത് 1964 മുതലാണ്.

ഈ സാഹചര്യത്തിൽ സെൻട്രൽ വാട്ടർ കമ്മീഷൻ തമിഴ്നാട് ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 1964-ലും 1978-ലും 1979-ലും പരിശോധന നടത്തി. ഡാം സുരക്ഷിതമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ജലനിരപ്പ് 136 അടിയായി ചുരുക്കി. 1300 അടി താഴെ പുതിയൊരു ഡാം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്കുള്ള ചർച്ചകളും ആരംഭിക്കുകയുണ്ടായി. ഈ സാഹചര്യങ്ങളൊക്കെ നിലനിർത്തി ചിന്തിക്കുമ്പോൾ സുപ്രീം കോടതി ഈ വിധിയുമായി ബന്ധപ്പെടുത്തിയിട്ടുള്ള കാര്യങ്ങളിൽ കേരളത്തിന്റെ വാദങ്ങൾക്ക് എത്രത്തോളം പ്രസക്തമായിട്ടുള്ള നിലപാട് സ്വീകരിച്ചുവെന്ന് ചിന്തിക്കേണ്ടതായിവരും. 1979 മുതൽ ഇക്കാലമത്രയും 136 അടിയിൽത്തന്നെ നിൽക്കുകയാണ്. 142 അടിയായി ഉയർത്തിയാൽ കേരളത്തിന്റെ അഭിമാനമായ പെരിയാർ ടൈഗർ റിസർവ്വിലെ 7158 ഹെക്ടർ വനം വെള്ളത്തിനടിയിലാകും. ജലവിതാനം 136 അടിയായി നിലനിർത്തിയാൽ രൂപപ്പെട്ട സസ്യജന്തുജാലങ്ങളുടെ ആവാസവ്യവസ്ഥ പൂർണ്ണമായും വെള്ളത്തിനടിയിലാകും. പെരിയാർ ടൈഗർ റിസർവ്വുമായി ബന്ധപ്പെട്ട്, പാരിസ്ഥിതിക വിഷയുമായി ബന്ധപ്പെട്ട്, അവിടത്തെ സസ്യജന്തുജാലങ്ങളുമായി ബന്ധപ്പെട്ട് യാതൊരുവക പരിഗണനയും ചർച്ചയും സഭയ്ക്കകത്തുണ്ടായിട്ടില്ല എന്നുള്ളത് വളരെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ആയിരക്കണക്കിന് വന്യജീവികളും വൈവിധ്യമാർന്ന സസ്യലതാദികളും അടങ്ങിയ ഒരു പ്രദേശത്തിന്റെ ആവാസവ്യവസ്ഥതന്നെ ഈയൊരു വിഷയംകൊണ്ട് തകിടം മറിയുകയാണ്. മൂന്നരപതിറ്റാണ്ടുകൊണ്ട് അണക്കെട്ടിന് ചുറ്റുമുള്ള പ്രദേശങ്ങളിൽ വനം പുഷ്ടിപ്പെട്ടു. വന്യമൃഗങ്ങളുടെ സ്വൈരവിഹാരം ശക്തിപ്പെട്ടു. സുപ്രീം കോടതി പ്രഖ്യാപിച്ച ഈ വിധി നടപ്പാക്കിയാൽ 1980-ലെ വൈൽഡ് ലൈഫ്

പ്രൊട്ടക്ഷൻ ആക്ടിന് എതിരാകുന്ന പ്രവൃത്തിയായി മാറും. 1980-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് 26(എ) സബ്സെക്ഷൻ (3)-ൽ പറയുന്നത്, No alteration of the boundaries of sanctuaries shall be made except on a resolution passed by the Legislature of the State എന്നാണ്. ഈ ആക്ടിലെ വ്യവസ്ഥയനുസരിച്ച് റൂൾ 30 പ്രകാരം ഒരു റെസല്യൂഷൻ മൂവ് ചെയ്ത് വൈൽഡ് ലൈഫ് സാങ്ച്വറിയുടെ അതിര് നിശ്ചയിക്കാൻ ഈ നിയമസഭയ്ക്ക് കഴിയും. 2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി ബില്ലിലെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് യശ:ശരീരനായ ടി. എം. ജേക്കബ് സാർ ഇക്കാര്യം ഈ സഭയിൽ ചൂണ്ടിക്കാണിച്ചത് ഏറെ ശ്രദ്ധേയമാണ്. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്തുമ്പോൾ വന്യജീവി മേഖലയിലുണ്ടാകുന്ന ഗുരുതര പ്രശ്നങ്ങൾ കേരള സുപ്രീം കോടതി സമർപ്പിക്കുന്ന മുല്ലപ്പെരിയാർ പുന:പരിശോധനാ ഹർജിയിൽ വളരെ ശക്തമായ വാദമുഖങ്ങൾ നമ്മൾ ഉന്നയിക്കേണ്ടതുണ്ട്. ജൈവസമ്പത്തിന് നാശം സംഭവിക്കുന്ന കാരണത്താലാണ് സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിനായി പേപ്പാറ ഡാമിന്റെ ജലനിരപ്പ് മൂന്നടിപോലും ഉയർത്താൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നൽകാതിരിക്കുന്നതെന്ന കാര്യം ഇവിടെ വളരെ പ്രസക്തമാണ്. 142 അടിയായി ജലനിരപ്പുയർത്തിയാൽ വനവിസ്തൃതി കുറയുമെന്നതിനാൽ സംരക്ഷിത വനപ്രദേശത്തിന് ദോഷകരമാകുന്ന വാദമുഖങ്ങളുയർത്താൻ നമുക്ക് കഴിയണം. ഈ നിലയിലുള്ള പ്രശ്നങ്ങളൊന്നും തന്നെ പരിഗണിക്കാതെ ഇവിടെ വന്നിട്ടുള്ള വിധിയെ സംബന്ധിച്ചിടത്തോളം വളരെ ദു:ഖത്തിലും ആശങ്കയിലുമാണ്. ഇടുക്കിയിൽനിന്നുള്ള ജനപ്രതിനിധി

യെന്നുള്ള നിലയിൽ അവിടെ നടക്കുന്ന സമരങ്ങളിൽ സ്വാഭാവിക നീതിക്കു വേണ്ടിയുള്ള പോരാട്ടം അതിജീവനത്തിനുവേണ്ടിയുള്ള പോരാട്ടമാണെന്ന് ഇവിടെ സംസാരിച്ചു. മുല്ലപ്പെരിയാർ സമരപ്പന്തലിൽ 7 വർഷമായി നടക്കുന്ന പോരാട്ടമാണ്. കേരള സംസ്ഥാനത്ത് 16 വർഷത്തിലധികമായി നടക്കുന്ന വാദങ്ങളും കേസ്സുകളും തമിഴ്നാടിന്റെ വാദവുമായി ബന്ധപ്പെട്ട് ഉപജീവന മാണ് അവരുടെ ലക്ഷ്യമെങ്കിൽ ഇവിടെ ജീവൽപ്രശ്നമായ അതിജീവനമാണ് നമ്മുടെ പ്രശ്നം. അതിന് കരുതൽ നമുക്കുണ്ടാകണം. അതിന് നിയമപര മായും പ്രായോഗികമായും ഏതൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമോ അതിലേക്ക് പോകാൻ കഴിയുന്ന പ്രാപ്യമായ നടപടികൾ സ്വീകരി ക്കാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ സഭയിൽ ചർച്ച ചെയ്യപ്പെടു ന്നുവെന്നുള്ളത് എന്തൊക്കെപ്പറഞ്ഞാലും കേരളത്തിലേയും ഇതുമായി ബന്ധ പ്പെട്ട് നിൽക്കുന്ന സാധാരണക്കാരായ ജനങ്ങൾക്കും വീണ്ടും ആശ്വാസകരമാ ണ്. അതോടൊപ്പംതന്നെ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ..... കാലാവസ്ഥയിൽ മാറ്റംവന്നു, കാലവർഷം ശക്തമാകുന്നു, ഭീതിയും അവ രുടെ ബുദ്ധിമുട്ടുകളും വർദ്ധിച്ചുവരുന്നു. അതുപോലെ സംസ്ഥാന താൽപര്യ ത്തിനനുസരിച്ച് ഇന്നത്തെ നിലയിൽ, ഈ സാഹചര്യത്തിൽ കഴിയാവുന്ന തെല്ലാം ചെയ്യാൻ ഈ ഗവൺമെന്റും തയ്യാറാകണം. അവരുടെ ആശങ്കകൾ ദൂരീകരിക്കാൻ കഴിയത്തക്കനിലയിൽ നമുക്ക് ആ ബുദ്ധിമുട്ടുകൾ മാറ്റേണ്ടതാ യിട്ടുണ്ട്. ഈ ചർച്ചകൾ നടക്കുമ്പോൾ ഭൂകമ്പവുമായി ബന്ധപ്പെട്ടുള്ള ആശ ങ്കകൾ ജനങ്ങളുടെ ഹൃദയത്തിലേക്ക് വരികയാണ്. മഴ ശക്തമാകുന്നു, ജലനി രപ്പ് ഉയരുന്നു, വീണ്ടും ഭൂകമ്പ സാധ്യതകൾ കാണുന്നു. അത്തരം സാധ്യത കൾ വർദ്ധിച്ചുവരുന്ന ഘട്ടത്തിലാണ് ഈ വിഷയത്തിന്റെ ഗൗരവം കൂടുതലാ

യിട്ടുണ്ടായിട്ടുള്ളത്. ഇത് സുപ്രീം കോടതിയെ ധരിപ്പിച്ചിട്ടുപോലും പരമോന്നത നീതിപീഠം അത് പരിഹരിച്ചില്ല, അത് കാണാൻ കഴിഞ്ഞില്ലെന്ന് പറയുന്നതിൽ ഏറെ വൈരുദ്ധ്യമുണ്ട്. ഞാൻ സുപ്രീം കോടതിയെ ഒരിക്കലും വിമർശിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ നീതിപീഠത്തിന്റെ മുന്നിൽ സാമാന്യനീതിയും അതിജീവനവും ജനം ആഗ്രഹിക്കുന്ന സ്ഥിതിയിൽ കാണാൻ കഴിയാത്തതിലുള്ള ദു:ഖവും വേദനയും ഖേദവുമാണ് പ്രകടിപ്പിക്കുന്നത്. കാലാവസ്ഥ മാറുന്ന ഈ സാഹചര്യത്തിൽ അവിടത്തെ ജനങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്താൻ ഈ സംസ്ഥാന ഗവൺമെന്റിന് കഴിയുമെങ്കിൽ ഒരു കാര്യം ഞാൻ ആവശ്യപ്പെടുന്നു, പുതിയ ഡാമും പുതിയ കരാറും..........

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഒരു മിനിട്ടുകൂടി...... പുതിയ കരാറും പുതിയ ഡാമും; വിട്ടുവീഴ്ച സംസ്ഥാനം ചെയ്തുകൊണ്ടാണെങ്കിലും തമിഴ്നാടുമായി ഇനിയും നമ്മൾ ഇത് ചർച്ച ചെയ്യണം. രാഷ്ട്രീയമായ ചർച്ചകൾ തുടരണം. കരാറിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ഈ നാൽപത് ലക്ഷത്തോളം വരുന്ന ജനങ്ങൾക്കുവേണ്ടി വിട്ടുവീഴ്ച ചെയ്തുകൊണ്ട് അൽപ്പം നഷ്ടം സഹിക്കേണ്ടിവന്നാലും ജനങ്ങളുടെ സുരക്ഷയെ ലക്ഷ്യം വച്ചുകൊണ്ട് ഒരു പുതിയ ഡാം എന്ന സങ്കൽപ്പത്തിന് തമിഴ്നാടുമായി യോജിച്ച് പ്രവർത്തിക്കാൻ തയ്യാറാകേണ്ടതാണ്. ജനങ്ങളുടെ ഭീതിയകറ്റാനും അതിജീവനത്തിനുംവേണ്ടിയുള്ള പോരാട്ടത്തിൽ സാധാരണക്കാരെ രക്ഷിക്കാനും ഈ ഗവൺമെന്റ് തയ്യാറാകണം. അതിനുവേണ്ടിയുള്ള പ്രവൃത്തികളിൽ ഒരുമിച്ച് നിന്നുകൊണ്ട് മുന്നോട്ടുപോകാനും ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും നിയമപരമായി നമുക്ക്

ഏതുതലംവരെ പോകാൻ കഴിയുമെന്ന് കൂടിയാലോചിക്കാനും ഈ ചർച്ച അതിനൊരു വേദിയായി അതിന് ഇൻസ്പിറേഷൻ നൽകട്ടേയെന്നുമാത്രം പ്രാർത്ഥിച്ചുകൊണ്ട് ഈ വിഷയം ജനങ്ങളുടെ ആത്മാർത്ഥത നിറഞ്ഞ പ്രാർത്ഥനയുടെ ഫലമായി നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമായി കാണാൻ പരമോന്നത നീതിപീഠത്തിന് ഈ റിവ്യൂ ഹർജി പരിഗണിക്കുമ്പോൾ തോന്നലുണ്ടാകണമേയെന്ന് ഒരിക്കൽക്കൂടി പ്രാർത്ഥിക്കുക മാത്രമാണ് ഈ സന്ദർഭത്തിൽ ചെയ്യുന്നത്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, പ്രതിപക്ഷ നേതാവ് ഇവിടെ ചട്ടം 130 അനുസരിച്ച് അവതരിപ്പിച്ച ഉപക്ഷേപത്തോട് ഞാൻ എന്റെ പൂർണ്ണപിന്തുണ പ്രഖ്യാപിക്കുകയാണ്. ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ നിയമസഭ പലവട്ടം ചർച്ച ചെയ്തൊരു പ്രശ്നമാണ് ഇത്. അങ്ങനെയൊക്കെ ചർച്ച ചെയ്തിട്ടും കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും അഞ്ചുജില്ലകളിലെ 40 ലക്ഷം ജനങ്ങളെ സംബന്ധിച്ചിടത്തോളം വഞ്ചി തിരുനക്കരെതന്നെയാണ്. നമ്മളൊരു നിസ്സഹായവസ്ഥയിലാണോ ഇപ്പോൾ ഇവിടെ നിൽക്കുന്നതെന്നാണ് തോന്നുന്നത്. സുപ്രീം കോടതിയുടെ വിധി ഈ ആശങ്ക വർദ്ധിപ്പിക്കുകയും ജനങ്ങളെ വല്ലാതെ ഭയപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ഈ വിധിയിൽ രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച കാര്യമാണ്. ആ സുരക്ഷ സംബന്ധിച്ച് കോടതി എത്തിച്ചേർന്ന നിഗമനങ്ങളിലെ യുക്തി എന്താണെന്ന് ചോദ്യം ചെയ്യാൻ നമുക്ക് എന്തെങ്കിലും മാർഗ്ഗമുണ്ടോ? രണ്ട്, കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമം റദ്ദുചെയ്യാൻ ഏതെങ്കിലും കോടതിക്ക് അധികാരമുണ്ടോ; അങ്ങനെയുണ്ടെങ്കിൽ നിയമസഭയ്ക്കുള്ള അധികാ

രത്തിനുമേൽ കോടതികളുടെ കടന്നുകയറ്റമായി അതിനെ കാണാൻ കഴിയുമോ; അങ്ങനെ കഴിയുമെങ്കിൽ രാഷ്ട്രപതിയെക്കൊണ്ട് ഈ പ്രശ്നത്തിൽ ഇടപെടീക്കുവാൻ അതൊരു മാർഗ്ഗമായി നമുക്ക് സ്വീകരിക്കാൻ പറ്റുമോ? അതാണ് പരിശോധിക്കേണ്ടത്. ഇവിടെയൊരു പ്രമേയം പാസ്സാക്കിയാൽ ജനങ്ങളുടെ ആശങ്ക മാറുകയില്ല. മൂന്നാമത്തെ വിഷയം, നമ്മൾ എന്തുതന്നെ പ്രമേയം പാസ്സാക്കിയാലും ഏത് നടപടികളുമായി ഒറ്റക്കെട്ടായി മുന്നോട്ടുനീങ്ങിയാലും അടുത്തൊന്നും പുതിയൊരു ഡാം പണിയാൻ അനുമതി നമുക്ക് ലഭിക്കുമെന്ന് തോന്നുന്നില്ല. അത്തരമൊരു സാഹചര്യത്തിൽ 40 ലക്ഷം ജനങ്ങളുടെ ആശങ്കയകറ്റാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്? എല്ലാ സുരക്ഷാ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ടെന്നാണ് നമ്മുടെ ഗവൺമെന്റിനുവേണ്ടി അഡ്വക്കേറ്റ് ജനറൽ കോടതിയിൽ വാദിച്ചത്. ഇവിടെ എല്ലാവരും പരിഹസിച്ചതുപോലെ ഇടുക്കി അണക്കെട്ട് ഈ ജലമെല്ലാം താങ്ങിക്കൊള്ളുമെന്ന വിചിത്രമായ വാദം ഉന്നയിച്ചാൽ അതിൽ നമ്മുടെ രാജ്യത്തിലെ ജനങ്ങൾ തൃപ്തരാണോ? അതുകൊണ്ട് ഇന്നത്തെ ഈ ചർച്ച അവസാനിക്കുമ്പോൾ ജനങ്ങൾ പ്രതീക്ഷിക്കുന്നത് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി എന്ത് നേടുമെന്നതിനേക്കാൾ ഈ ഗവൺമെന്റ് ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്നാണ്. ഫലപ്രദമായ അത്തരം നടപടികളുടെ ഒരു പ്രഖ്യാപനം ഈ ചർച്ച അവസാനിക്കുമ്പോൾ ഈ സഭയിലുണ്ടാകണമെന്നുമാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ കാര്യത്തിൽ എല്ലാവരും പ്രകടിപ്പിച്ച അഭിപ്രായത്തോട് യോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് കൊണ്ടുവന്ന പ്രമേയത്തെ പൂർണ്ണമായി ഞാൻ പിന്താങ്ങുകയാണ്. താരതമ്യ പഠനത്തിനു പോലും സാധ്യതയില്ലാത്ത ലോകത്തിലെതന്നെ പ്രത്യേകതയുള്ള ഡാമാണ് മുല്ലപ്പെരിയാർ ഡാം. 119 വർഷം പഴക്കമുള്ള ഡാമിന്റെ നിർമ്മാണം നടത്തിയിരിക്കുന്നത് സുർക്കിയും പാറക്കഷണങ്ങളും കൊണ്ടുമാത്രമാണ്. കേരളത്തിലെ അഞ്ച് ജില്ലകളിലെ നാൽപ്പത് ലക്ഷം ജനങ്ങളുടെ ജീവനെയും സ്വത്തിനെയും ഭീതിയുടെ മുൾമുനയിൽ നിർത്തിയാണ് മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണെന്ന വിചിത്രമായ കണ്ടെത്തൽ സുപ്രീം കോടതി നടത്തിയിരിക്കുന്നത്. സുപ്രീം കോടതിയോടുള്ള സർവ്വൈകമായ ബഹുമാനം നിലനിർത്തികൊണ്ട് ഞാൻ പറയുന്നത് ഒരു സംസ്ഥാനത്തെ മുഴുവൻ ഭീതിയിൽ ആഴ്ത്തി നിയമം വ്യാഖ്യാനിക്കപ്പെടുമ്പോൾ ആ നാട്ടിലെ ജനങ്ങളുടെ ഭീതിരഹിതമായി ജീവിക്കാനുള്ള ഭരണഘടന അനുശാസിക്കുന്ന അവകാശം കൂടി കണക്കിലെടുക്കേണ്ടതായിരുന്നു. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളം ഉന്നയിച്ച അതീവ പ്രാധാന്യമുള്ള വാദം കേന്ദ്രജല കമ്മീഷന്റെ പക്ഷപാതപരമായ നിലപാടും വസ്തുതാവിരുദ്ധമായ കണക്കുകളുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകളുമാണ്. ജസ്റ്റിസ് ആനന്ദ് കമ്മിറ്റി നിയമിക്കുന്നതിനാധാരമായ സുപ്രീംകോടതി വിധി മുമ്പാകെ ഉള്ള വാദത്തിൽ കേന്ദ്ര ജലകമ്മീഷനെ മാറ്റിനിർത്തികൊണ്ടുള്ള സ്വതന്ത്രമായ പഠനം ആവശ്യമാണെന്ന് കേരളം ആവശ്യപ്പെടുകയും തത്വത്തിൽ അംഗീകരിക്കുകയും ചെയ്തതാണ്. എന്നാൽ കേരളത്തിൽ അംഗീകരിക്കപ്പെട്ട ഈ ആവശ്യം നിരാകരിച്ച് ജസ്റ്റിസ്

ആനന്ദ് കമ്മിറ്റിയും കേന്ദ്ര ജല കമ്മീഷനെ ആശ്രയിക്കുകയും കേന്ദ്ര ജല കമ്മീഷന്റെ താല്പര്യത്തിന് അനുസൃതമായ റിപ്പോർട്ടുകൾ സുപ്രീം കോടതിയിൽ ഫയൽ ചെയ്യുകയുമാണ് ഉണ്ടായിട്ടുള്ളത്. ജല കമ്മീഷന്റെ പക്ഷപാതപരമായ നിലപാടുകളാണ് കേരള നിയമസഭ ഒരു കാലത്ത് പാസ്സാക്കിയ നിയമം അസാധുവാക്കുവാൻ സുപ്രീംകോടതിയെ പ്രേരിപ്പിച്ചിട്ടുള്ളത്. 1979 –ലും 1981–ലും കേരളവും തമിഴ്നാടും കേന്ദ്ര ജലകമ്മീഷനും സംയുക്തമായി നടത്തിയ പരിശോധനയിൽ മുല്ലപ്പെരിയാർ ഡാം സുരക്ഷിതമല്ലെന്ന് കണ്ടെത്തിയതാണ്. നിലവിലുള്ള ഡാമിന്റെ 1300 മീറ്റർ താഴെ പുതിയ ഡാം നിർമ്മിക്കാമെന്ന് അന്ന് പരസ്പരം ഒരു ധാരണയുണ്ടായിരുന്നു. ഒപ്പിട്ട രേഖകളും നമുക്ക് കാണുവാൻ കഴിയുന്നുണ്ട്. ഇത്രയും രേഖകളെല്ലാം കേരളം സുപ്രീം കോടതി മുമ്പാകെ ഹാജരാക്കിയിട്ടുപോലും കേരള ജനതയുടെ ആവശ്യം അംഗീകരിക്കാൻ കഴിയാതെപോയി. 1979–ലും 1981–ലും ഡാം സുരക്ഷിതമല്ലെന്ന് കണ്ടെത്തുകയും ഡാമിന് ശാശ്വത പരിഹാരം പുതിയ ഡാമാണെന്നും അറ്റകുറ്റ പണികൾകൊണ്ട് ഡാമിനെ ശാശ്വതമായി നിലനിർത്താൻ കഴിയില്ലെന്നും സമ്മതിച്ച തമിഴ്നാടും ജലകമ്മീഷനും 2006–ലും 2013–ലും ഡാം സുരക്ഷിതമാണെന്ന് പറയുന്നതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമാക്കണം. കേന്ദ്ര ജലകമ്മീഷന്റെ വസ്തുതാ വിരുദ്ധവും അടിസ്ഥാനരഹിതവുമായതും അശാസ്ത്രീയവുമായ റിപ്പോർട്ടാണ് കേരളത്തിനെതിരെ ഈ വിധി ഉണ്ടാകാൻ കാരണമായത്. ആയതിനാൽ കേരളത്തിൽ കേന്ദ്ര സർക്കാർ മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് സ്വതന്ത്ര ഏജൻസിയെകൊണ്ട് ഒരു ശാസ്ത്രീയമായ പഠനം നടത്തുകയും കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താൻ ഉടൻ നടപടി എടുക്കണ

മെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. കേരളത്തിലെ ജനങ്ങളുടെ ആശങ്ക അകറ്റുവാൻ തീർച്ചയായിട്ടും ഈ നിയമസഭ അതിനാധാരമാകണം, കേന്ദ്ര ഗവൺമെന്റിനെ ഈ വിഷയം ധരിപ്പിക്കണം. റിവ്യൂ പെറ്റീഷൻ പരിഗണിക്കപ്പെടുന്നതിനുവേണ്ടിയുള്ള തുടർ നടപടികൾ ഉണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ അറിയിച്ചുകൊണ്ട് പ്രതിപക്ഷനേതാവ് അവതരിപ്പിച്ച പ്രമേയത്തെ ഒരിക്കൽ കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : സർ, പ്രതിപക്ഷ നേതാവ് ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ പൂർണ്ണമായി പിന്താങ്ങുകയാണ്. മുല്ലപ്പെരിയാർ കേസിൽ സുപ്രീംകോടതിയിൽനിന്നും നമുക്ക് എതിരായി വന്നിരിക്കുന്ന വിധി, യഥാർത്ഥത്തിൽ ഈ നാണംകെട്ട വിധി സംസ്ഥാന ഗവൺമെന്റിന്റെ കൂടി കഴിവില്ലായ്മയുടെ ഭാഗമായി ഇരന്നു വാങ്ങിച്ചതാണെന്ന് പറയാതിരിക്കാൻ കഴിയില്ല. അതിന് മൂന്നു കാരണങ്ങളാണുള്ളത്. ഒന്ന്, നമ്മുടെ എ.ജി. സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായമാണ് കോടതിയിൽ പറഞ്ഞത്. രണ്ട്, നമ്മുടെ പ്രതിനിധിയായ ജസ്റ്റിസ് കെ. ടി. തോമസ് സമിതിയിലെടുത്ത നിലപാട് പൂർണ്ണമായും കേരളത്തിനെതിരായിരുന്നു. മൂന്നാമതായി വിദഗ്ദ്ധ സമിതി അവസാനമായി ഡാമിന്റെ സുരക്ഷിതത്വം പരിശോധിക്കാൻ വന്നപ്പോൾ സംസ്ഥാന ഗവൺമെന്റ് എടുത്ത നിലപാടുകൾ. എന്നീ മൂന്ന് നിലപാടുകളാണ് യഥാർത്ഥത്തിൽ ഈ കേസ് കേരളത്തിന് ഇത്രയും എതിരായി വരാൻ ഇടയായിട്ടുള്ളത്. കേരളം ഉയർത്തിയ എല്ലാ വാദങ്ങളും കോടതി തള്ളിയിരിക്കുന്നു. ഇതൊരിക്കലും സംഭവിക്കാൻ പാടില്ലാത്ത കാര്യമാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. അതിലേറ്റവും അപകടകരമായ മറ്റൊരു

പ്രശ്നം ഉയർന്നുവരുന്നത് ഈ നദിയും അതുമായി ബന്ധപ്പെട്ട നമ്മുടെ അവകാശങ്ങളും നിഷേധിക്കുന്നു എന്നുള്ളതാണ്. അതുകൊണ്ടാണ് ഒരു കാര്യം ഞാൻ ഇവിടെ പ്രധാനമായും സൂചിപ്പിക്കുന്നത്. 1886 ഒക്ടോബർ 29–നാണ് തിരുവിതാംകൂർ മഹാരാജാവും ശ്രീമൂലം തിരുനാളും ബ്രിട്ടീഷ് ഭരണകൂടവും മുല്ലപ്പെരിയാർ ജലം തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുന്നതിന് പെരിയാർ ലീസ് എന്ന പേരിൽ ഒരു എഗ്രിമെന്റ് ഉണ്ടാക്കുന്നത്. തിരുവിതാംകൂറിന് വേണ്ടി ദിവാൻ വി. രാമയ്യങ്കാറും മദ്രാസിനുവേണ്ടി സ്റ്റേറ്റ് സെക്രട്ടറി ജെ. സി. <u>ഹാനിങ്ക്ടനും</u> കരാറിൽ ഒപ്പുവച്ചത്. ഇത് 999 വർഷത്തേക്കാണ്. അന്ന് പറഞ്ഞിരുന്നത് 8000 ഏക്കർ സ്ഥലത്ത് അണകെട്ടി വെള്ളം നിർത്താനും 100 ഏക്കർ സ്ഥലം ഡാം പണിയുന്നതിന് പ്രത്യേകം വേണമെന്നുമാണ്. ഇവിടെ ഈ നദി പൂർണ്ണമായും നമ്മുടെ സംസ്ഥാനത്തിന്റെ ഭാഗമാണ്. പെരിയാർ വന്യജീവി സങ്കേതത്തിന്റെ കിഴക്കുനിന്ന് ഉത്ഭവിക്കുന്ന പെരിയാറും മുല്ലത്തോടും സംഗമിക്കുന്ന സ്ഥലത്താണ് പെരിയാറുണ്ടായിരിക്കുന്നത്. ഇത് സംഗമിക്കുന്ന സ്ഥലത്തുതന്നെയാണ് ഡാമും നിർമ്മിച്ചിരിക്കുന്നത്. തമിഴ് നാടിന് സ്ഥലവും ഡാമുമായി യഥാർത്ഥത്തിൽ ഒരു തരത്തിലുള്ള അധികാരവും ഉള്ളതല്ല. ഈ കേസിന്റെ വിധിയിലൂടെ അതാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത് എന്നാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഡാം നിർമ്മിക്കുന്ന സമയത്ത് ഡാമിന്റെ ആയുസ്സ് നിർമ്മിച്ച ആളുതന്നെ പറഞ്ഞിരിക്കുന്നത് 50 വർഷം എന്നാണ്. ഇപ്പോൾ 120 വർഷമാകാൻ പോകുകയാണ്. എന്നാൽ ഈ ഡാമിന് ബലക്ഷയം ഉണ്ടെന്ന് പറഞ്ഞത് കേരളം ഉന്നയിച്ച ഒരു പ്രശ്നമല്ല. സെൻട്രൽ വാട്ടർ കമ്മീഷനാണ് ആദ്യമായി ഡാം സുരക്ഷിതമല്ലെന്നും അതുകൊണ്ട് പുതിയ ഡാം വേണമെന്ന നിർദ്ദേശവും വച്ചിരിക്കുന്ന

ത്. ഇപ്പോൾ ഈ വിധി വന്നപ്പോൾ ഒരു നിലയിലും നമുക്ക് ബാധിക്കുകയില്ല എന്ന അർത്ഥത്തിലാണ് വന്നിരിക്കുന്നത്. ഏതാണ്ട് 152 അടി ഉയരവും 1200 അടി നീളവുമുള്ള പ്രധാന ഡാമും 115 അടി ഉയരവും 242 നീളവുമുള്ള ബേബി ഡാമും 240 അടി നീളവും 20 അടി വീതിയുമുള്ള എർത്തേൺ ഡാമും ചേർന്നതാണ് ഈ ഡാം എന്നുപയുന്നുത്. ഈ ഡാം തകർന്നാൽ നമുക്ക് 450 കുടുംബങ്ങളെ മാത്രമേ ബാധിക്കുകയുള്ളു. അവരെ ഡാമിന്റെ അടിയിൽ തന്നെയുള്ള ഒരു സ്കൂൾ കെട്ടിടത്തിലേക്ക് മാറ്റി താമസിപ്പിക്കുന്നുണ്ടെന്നാണ് നമ്മുടെ എ.ജി. ഹൈക്കോടതിയിൽ കൊണ്ടുപോയി അഫിഡവിറ്റ് നൽകിയത്. മാത്രമല്ല ഇവിടെനിന്നുവരുന്ന 32–37 കിലോ മീറ്റർ അപ്പുറത്തുനിന്നുവരുന്ന വെള്ളം കുത്തനെ മലയുടെ മുകളിൽനിന്ന് ഒഴുകി വരുന്ന വെള്ളം ഇടുക്കി ഡാം തടഞ്ഞ് നിർത്തികൊള്ളുമെന്നുകൂടി പറഞ്ഞു. അപ്പോൾ പിന്നെ എങ്ങനെയാണ് നമുക്കെതിരായി വിധി വരാതിരിക്കുന്നത് എന്ന ഏറ്റവും പ്രധാനമായ കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ഇടയായത്. 119 –120 വർഷം പഴക്കമുള്ള ഈ ഡാമിൽ നിന്നും തമിഴ്നാടിന് വെള്ളം കൊടുക്കണമെന്നുള്ള കാര്യത്തിൽ കേരളത്തിന് ഒരു സംശയവുമില്ല. ഏറെ ആശങ്കയുണ്ടാക്കുന്ന രീതിയിലാണ് നാം ഇക്കാര്യങ്ങൾ പല തവണയും ചർച്ച ചെയ്തിട്ടുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഇത്തരം ഡാമുകൾക്കുണ്ടാകുന്ന ദുരന്തങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ ബോദ്ധ്യപ്പെടുത്തുകയാണ് ചെയ്യേണ്ടത്. ഒരുപക്ഷേ, ഇത് അറം പറ്റുന്ന വാക്കാകുമോ എന്നുപോലും ഭയക്കുകയാണ്. അങ്ങനെ സംഭവിക്കാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. കാരണം 'എന്റെ ഹൃദയ

രക്തത്തിൽ എഴുതിയ കരാർ' എന്നാണ് വിശാഖം തിരുനാൾ മഹാരാജാവ് ഇതിനെ വിശേഷിപ്പിച്ചത്. ഇതുപോലുള്ള ഡാമുകൾ തകർന്നിട്ടുണ്ട്. നിരന്തരമായി ജനകീയ സമിതികളിൽ ചർച്ചചെയ്യപ്പെട്ട വിഷയമാണ് 1975 -ലെ ചൈനയിലെ ദുരന്തം. ഇത് സമൂഹത്തിന് മുമ്പിൽ ബോദ്ധ്യപ്പെടുത്താൻ കഴിയണം. ചൈനയിലെ ഹെനാൻ പ്രൊവിൻസിലെ ബാൻകിയോ റിസർവോയർ ദുരന്തത്തിൽ 1,71,000 ആളുകൾ മരണപ്പെടുകയും 11 ദശലക്ഷം ഭവനങ്ങൾ നഷ്ടപ്പെടുകയും ചെയ്തു. അതൊരു വലിയ ദുരന്തമായി മാറി. കാരണം ഇതുപോലെ അവിടത്തെ ജനപ്രതിനിധികളും മറ്റും ഒരു കാലഘട്ടത്തിൽ ചർച്ച ചെയ്ത ഒരു വിഷയം വലിയ പ്രളയമായി മാറിയപ്പോൾ മഹാദുരന്തമായി മാറുകയായിരുന്നു. കാലിഫോർണിയയിൽ ഇത്തരത്തിലുള്ള ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ വിഷയങ്ങൾ ബഹുമാനപ്പെട്ട നീതിന്യായ കോടതിയുടെ മുമ്പിൽ ബോദ്ധ്യപ്പെടുത്തുന്നതിലാണ് നമ്മൾ പരാജയപ്പെടുന്നത്. അണക്കെട്ടിനെ സംബന്ധിച്ചിടത്തോളം വലിയ പ്രളയമായിരുന്നു 1943-ൽ ഉണ്ടായത്. അതിനു സമാനമായ ഒരു പ്രളയം ഇനിയും ഉണ്ടായാൽ തീർച്ചയായും മുല്ലപ്പെരിയാറിൽ അപകടമുണ്ടാകുമെന്നാണ് കണ്ടെത്തുന്നത്. 45 മിനിറ്റിനകം 36 കിലോമീറ്റർ ദൂരം വെള്ളമെത്തി ഇടുക്കി അണക്കെട്ടിൽ എന്ത് മഹാദുരന്തവും സംഭവിക്കാമെന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. ഈ കാര്യങ്ങളാണ് ബോദ്ധ്യപ്പെടുത്തേണ്ടത്. തമിഴ്നാട് ഇക്കാര്യത്തിൽ ഹോംവർക്ക് ചെയ്താണ് വരുന്നതെന്ന് ഇവിടെ പറയുകയുണ്ടായി. അതിനെക്കാൾ ഉപരി തമിഴ്നാടിന്റെ ഐക്യമാണ്. കാരണം ഇത്തരം വിഷയങ്ങളിൽ തമിഴ്നാടിന് ആവശ്യമായ വെള്ളം, വിഭവങ്ങൾ, അവരുടെ

നിലനിൽപ്പ് തുടങ്ങിയ കാര്യങ്ങളിൽ ആ സംസ്ഥാനത്ത് ഉണ്ടായതു പോലുള്ള ഒന്നിച്ചുള്ള മൂവ്മെന്റ് ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിയുന്നുണ്ടോയെന്ന കാര്യം സംശയമാണ്. ഇവിടെ രാഷ്ട്രീയമായ സാഹചര്യങ്ങളുണ്ട്. 2006-ൽ ശ്രീ. ടി.കെ. മിത്തൽ അദ്ധ്യക്ഷനായ സമിതി ജലനിരപ്പ് ഉയർത്താൻ അനുകൂലിക്കുകയാണ് ചെയ്തത്. അന്ന് ശ്രീ. എം. കെ. പരമേശ്വരൻ നായർ കേരളത്തിന്റെ പ്രതിനിധിയായിരുന്നപ്പോഴും ജലനിരപ്പ് ഉയർത്തുന്നതിന് വിരോധമില്ലെന്ന നിലപാടാണ് എടുത്തത്. ആ കോടതി വിധിയുടെ അടിസ്ഥാനത്തിൽ റിവ്യൂ നൽകാമായിരുന്നു. എന്നാൽ അന്ന് നിയമമുണ്ടാക്കി. ആ നിയമം ഉണ്ടാക്കുമ്പോൾ കൂടുതൽ പരിരക്ഷ കിട്ടുമെന്നാണ് കരുതിയത്. 2004 ജൂൺ നാലിലെ സുപ്രീം കോടതി വിധി മറികടക്കാൻ വേണ്ടി പഞ്ചാബ് നിയമസഭയിൽ പാസ്സാക്കിയ പഞ്ചാബ് ടെർമിനേഷൻ ഓഫ് എഗ്രിമെന്റ് ബിൽ, ഹരിയാനയ്ക്ക് വെള്ളം നൽകാൻ പഞ്ചാബിൽ സത്ലജ്-യമുനാ കനാൽ നിർമ്മിക്കണമെന്ന സാഹചര്യത്തിൽ ഉണ്ടായ നിയമമാണ്. പഞ്ചാബിന്റെ നിയമം സംരക്ഷിക്കപ്പെട്ടു. ഇവിടത്തെ പ്രത്യേകത അതാണ്. പഞ്ചാബ് ഉണ്ടാക്കിയ ബില്ലും നിയമവും സംരക്ഷിക്കപ്പെടുകയാണുണ്ടായത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ആ ബില്ലിനെ ഒരിക്കലും ചോദ്യം ചെയ്തില്ല. കേരളം ഉണ്ടാക്കിയ ബില്ലിനെ ചോദ്യം ചെയ്യപ്പെട്ടപ്പോഴാണ് സുപ്രീം കോടതിയിൽ അവതരിപ്പിക്കപ്പെട്ടതിൽ എവിടെയാണ് വീഴ്ച പറ്റിയതെന്ന് നാം ചർച്ച ചെയ്യേണ്ടത്. ഇതുമാത്രമല്ല, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ഗുരുതരമായി കാണേണ്ടത്, 50 വർഷത്തേയ്ക്കാണ് ഡാം പണിഞ്ഞിട്ടുള്ളത് എന്നതാണ്. ഇപ്പോൾ 120 വർഷം പിന്നിട്ടിട്ടും ഈ നാട്ടിലെ ജനങ്ങൾക്ക് ഒരപകടം ഉണ്ടാവുമ്പോൾ

ആ നാട്ടിലെ ജനങ്ങൾക്ക് വേണ്ടിയാണ് കോടതി എന്നുള്ള രീതിയിൽ ബോദ്ധ്യപ്പെടുത്താൻ സാധിക്കാതെ വന്നു. അതാണ് വലിയ പ്രശ്നമായി ട്ടുള്ളത്. മാത്രമല്ല, 1970–ൽ ഈ കരാർ ഉണ്ടാക്കുമ്പോഴും നമുക്ക് ചില പാളിച്ചകൾ ഉണ്ടായിട്ടുണ്ട്. 1970–ൽ പഴയ കരാറിൽ കേരള സർക്കാർ എടുത്ത തീരുമാനമെന്താണ്; കരാർ പുതുക്കുമ്പോഴും വിദഗ്ദ്ധർ പറയുന്നത് ഡാമില്ലെങ്കിൽ വലിയ പ്രളയം മുല്ലപ്പെരിയാറിൽ ഉണ്ടാകുമെന്നും കൊച്ചി തുറമുഖത്ത് മണ്ണടിഞ്ഞ് വലിയ പ്രശ്നങ്ങൾ ഉണ്ടാകുമെന്നുമാണ്. ആ കരാർ പുതുക്കാനുള്ള ന്യായങ്ങൾ കണ്ടെത്താനാണ് ശ്രമിച്ചത്. അപ്പോഴും ഭാവിയിൽ ഉണ്ടാകുന്ന ദുരന്തത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടില്ല.

ശ്രീ. പി. സി. ജോർജ് : സർ, 1970–ൽ ബഹുമാനപ്പെട്ട അച്ചുതമേനോൻ ഒപ്പിട്ട എഗ്രിമെന്റിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, ഓരോ 30 കൊല്ലം കൂടുമ്പോഴും രണ്ട് സംസ്ഥാനങ്ങളും തമ്മിൽ ചർച്ചചെയ്ത് എഗ്രിമെന്റിൽ മാറ്റം വരുത്തേണ്ട കാര്യങ്ങൾ മാറ്റം വരുത്തണമെന്ന്. അതനുസരിച്ചാണ് തമിഴ്നാടുമായി 2000–ൽ ചർച്ച നടത്തിയത്. 14 വർഷമായിട്ടും ഇന്നുവരെ തമിഴ്നാട് അതിന് തയ്യാറായിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി, വിധി പറഞ്ഞപ്പോഴും 1970–ലെ എഗ്രിമെന്റിൽ 30 വർഷം കൂടുമ്പോൾ ചർച്ച ചെയ്യണമെന്ന് പറയുന്ന കാര്യം ബഹുമാനപ്പെട്ട ഭരണഘടന ബഞ്ചും മറന്നുപോയി. അത് ഈ സഭയിൽ ചർച്ച ചെയ്യേണ്ട കാര്യമല്ലേ. അങ്ങയുടെ പ്രസംഗത്തിൽ അതുംകൂടി വരണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ നമ്മൾ അന്യോന്യം ആശങ്കകൾ പങ്കുവയ്ക്കുകയാണ്. നമുക്ക് അനുകൂലമായ വാദഗതികൾ ഇങ്ങനെയൊക്കെയാണ് പോകേണ്ടത്

എന്നുമാത്രം പറഞ്ഞിട്ട് കാര്യമുണ്ടോ; ഇതുവരെയുള്ള കോടതിവിധിക ളെല്ലാം കേരളത്തിന് എതിരാണ്. ഈ കോടിതിവിധികൾ എന്തുകൊണ്ട് നമുക്കെതിരായി എന്നുപഠിക്കാതെ കോടതിയേയും വക്കീലിനേയും വക്കീലിനെ നിയമിച്ച ഗവൺമെന്റിനേയുമൊക്കെ കുറ്റപ്പെടുത്തി..... ഇതാണ് ഇതിന്റെ കാരണമെന്ന് സംതൃപ്തി അടയുന്നതിൽ എന്തർത്ഥമാണുള്ളത്; ആരാണെങ്കിലും ഒരു കേസുമായി മുന്നോട്ടുപോകുമ്പോൾ നമുക്കെതിരായി വരുന്ന വാദഗതികൾ എന്താണെന്ന് മുൻകൂട്ടി മനസ്സിലാക്കി അതിനൊരു പരിഹാരമുണ്ടാക്കാൻ ശ്രമിക്കേണ്ടതല്ലേ; നമുക്കെതിരായി വരുന്ന വാദഗതി കൾ എന്താണെന്നറിയാതെ നമ്മൾ നമ്മുടെ ഭാഗംമാത്രം പറഞ്ഞുകൊണ്ട് മുന്നോട്ടുപോയാൽ ഏത് കേസ്സിലാണ് വിജയിക്കാൻ കഴിയുന്നത്; നമുക്കി വിടെ പ്രധാനമായിട്ടുള്ളത് 1886-ലെ കരാറാണ്. നമ്മൾ സ്വീകരിച്ച വാദഗതി എന്താണ്; മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റും ഇന്ത്യാ കൗൺസിലും തമ്മിലുണ്ടാക്കിയ കരാറാണ്. ആ കരാർ ഇന്ത്യ സ്വതന്ത്രയായതോടുകൂടി സ്വയമേവ ഇല്ലാതാകും. അങ്ങനെ ഒരു വാദഗതിയുമായി നമ്മൾ മുന്നോട്ടു പോകുമ്പോൾ യഥാർത്ഥത്തിൽ നമ്മൾ മനസ്സിലാക്കേണ്ടിയിരുന്നത്, ഒരു ജനായത്ത ഭരണം കേരളത്തിലുണ്ടായ സമയത്ത് ഈ കരാർ സാധുവല്ല എന്നുപറഞ്ഞ് റദ്ദ് ചെയ്യുന്നതിനോ ഇതിനെതിരെ എന്തെങ്കിലും അഭിപ്രായം പറയുന്നതിനോ ഒരു ജനകീയ ഗവൺമെന്റ് തയ്യാറായോ; ഇപ്പോൾ അവസാന സമയത്ത്, ഇതെല്ലാം സ്വയമേവ അസാധുവാകും എന്നുപറയു ന്നതിൽ എന്താണർത്ഥം. 1970-ൽ ഒറിജിനൽ കരാറിന്റെ അടിസ്ഥാന ത്തിൽത്തന്നെ ഉപകരാറുണ്ടാക്കി. ഉപകരാറുണ്ടാക്കിയതിനുശേഷവും ഒറിജിനൽ കരാർ നിലനിൽക്കുന്നതല്ല എന്നുള്ള വാദവുമായി നമുക്കെങ്ങനെ

മുന്നോട്ടുപോകാൻ കഴിയും. 1970–ൽ ഉപകരാറുണ്ടാക്കുമ്പോൾത്തന്നെ 1886 –ൽ ഉണ്ടാക്കിയ കരാറിനെ നാം അംഗീകരിച്ചു എന്നതിന്റെ തെളിവല്ലേ അത്.

1970–കളിൽ ഉപകരാർ ഉണ്ട് എന്നുള്ളത് മനസ്സിലാക്കാതെ, 1947–ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഈ കരാറെല്ലാം റദ്ദ് ചെയ്തുവെന്ന വാദഗതിയുമായി പോയാൽ എവിടെ എത്തി നിൽക്കാൻ സാധിക്കും? ഡാമിന്റെ ഉയരം 152 അടി എന്നത് ആദ്യത്തെ കരാറിൽ ഉള്ളതാണ്. 1979–ലാണ് ആദ്യമായി ഡാം സുരക്ഷിതമല്ലായെന്ന വാദഗതിയുമായി നമ്മൾ പോകുന്നത്. 1979–ൽ സംസ്ഥാന ഗവൺമെന്റ് തമിഴ്നാട് ഗവൺമെന്റിനും കേന്ദ്ര ഗവൺമെന്റിനും ഡാം സുരക്ഷിതമല്ലായെന്ന ഒരു കത്ത് എഴുതി. ഡാം പരിശോധിക്കണമെന്നും കൂടി ആവശ്യപ്പെട്ടാണ് നമ്മൾ കേന്ദ്ര ഗവൺമെന്റിന് കത്തെഴുതിയത്. ജല കമ്മീഷന്റെ ചെയർമാൻ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ കേന്ദ ഗവൺമെന്റ് കേരളത്തിലേക്ക് അയച്ചു. അതിൽ കേരളത്തിന്റേയും തമിഴ്നാടിന്റേയും ഓരോ പ്രതിനിധി വീതമാണ് ഉണ്ടായിരുന്നത്. അവർ ഡാം പരിശോധിച്ചതിനുശേഷം മൂന്നു മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. ഒന്ന് – അടിയന്തരമായി പരിഹരിക്കണ്ടേ കാര്യങ്ങൾ, രണ്ട് – മീഡിയം ടേം മെഷേഴ്സ്, മൂന്ന് – ലോങ് ടേം മെഷേഴ്സ്. ഈ മൂന്നു മാർഗ്ഗങ്ങളും കണ്ടെത്തുന്നതിന് തമിഴ്നാട് ഗവൺമെന്റിനെ ചുമതലപ്പെടുത്തി. തമിഴ്നാട് ഗവൺമെന്റ് ഡാം ബലപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ നടത്തി. അതിനുശേഷം ഡാം ബലപ്പെടുത്തുന്നതുവരെ ഉയരം 136 അടിയായി

ക്രമീകരിക്കണമെന്നും അതിനുമുകളിലേക്ക് കൊണ്ടുവരാൻ പാടില്ലായെന്നും പറഞ്ഞു. ഡാം 136 അടിയിൽ നിന്നും മുന്നോട്ടുപോകാൻ കഴിയില്ല എന്ന് സംസ്ഥാന ഗവൺമെന്റ് ഒരു നിലപാട് സ്വീകരിക്കുകയും ചെയ്തു. അതിനെ തുടർന്നാണ് തമിഴ്നാട് ഗവൺമെന്റ് കോടതിയിൽ പോയത്. കോടതിയുടെ നിർദ്ദേശപ്രകാരം ബലപ്പെടുത്തൽ ശരിയാണോ, ഉയരം കൂട്ടാൻ സാധിക്കുമോ, ശരിയായ രീതിയിൽ ബലപ്പെടുത്തൽ നടത്തിയിട്ടുണ്ടോ എന്നൊക്കെ പരിശോധിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. അതിൽ ഡാമിന് ബലക്ഷയമില്ലായെന്നും 142 അടിയായി ഉയർത്തണമെന്നും പറഞ്ഞു. അതിനെതിരെയാണ് സംസ്ഥാന ഗവൺമെന്റ് കോടതിയിൽ കേസ് കൊടുത്തത്. ആ കേസിനുശേഷമാണ് 2006-ലെ വിധിയുണ്ടായത്. 2006-ലെ വിധി സംസ്ഥാന ഗവൺമെന്റ് ശരിയായ രീതിയിൽ പഠിച്ചില്ലായെന്ന് വേണം മനസ്സിലാക്കാൻ. സംസ്ഥാന ഗവൺമെന്റ് മനസ്സിലാക്കേണ്ട ഒരു കാര്യം, തമിഴ്നാട് സർക്കാർ എങ്ങനെയാണ് ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് എന്ന് സംസ്ഥാന ഗവൺമെന്റ് മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. അവിടത്തെ എല്ലാ രാഷ്ടീയ നേതൃത്വവും ഇക്കാര്യത്തിൽ ഒറ്റക്കെട്ടാണ്. ഇക്കാര്യത്തിൽ എല്ലാവരും ഒരേ അഭിപ്രായത്തോടുകൂടി മുന്നോട്ടു പോകുന്നു. ഉദ്യോഗസ്ഥന്മാർ നല്ല ഗൃഹപാഠം ചെയ്തുകൊണ്ടുതന്നെ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം എന്നുള്ള രീതിയിൽ മുന്നോട്ടുപോകുന്നു. അങ്ങനെ മുന്നോട്ടുപോകുമ്പോൾ രാഷ്ടീയ നേതൃത്വത്തിൽ യോജിപ്പില്ലായെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തത്തക്ക രീതിയിലുള്ള അഭിപ്രായങ്ങളുമായി കേരളം മുന്നോട്ടുപോകുന്നു. അത് ഉണ്ടാകാൻ പാടില്ല. രാഷ്ടീയ നേതൃത്വം യോജിച്ച നിലപാട് സ്വീകരിക്കണം. യോജിച്ച നിലപാടെ

ടുത്താൽ മാത്രം പോര, ഉദ്യോഗസ്ഥന്മാർ വ്യക്തമായ ഗൃഹപാഠം ചെയ്തുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. 2006-ലെ വിധി യെ മറികടക്കാൻ നമ്മൾ ഉപയോഗിച്ച മാർഗ്ഗം നിയമത്തിന്റെ മുന്നിൽ നിൽക്കുമോയെന്ന് ആലോചിക്കാതെയെടുത്ത തീരുമാനമാണ്. 2003-ലെ നിയമത്തിനൊരു ഭേദഗതി കൊണ്ടുവരികയാണ്. 2006-ലെ സുപ്രീം കോടതി വിധി വന്നതിനുശേഷം 18 ദിവസങ്ങൾക്കകമാണ് ആ ഭേദഗതിക്ക് ഒരു നിയമം കൊണ്ടുവരുന്നത്. അതിനകത്ത് മുല്ലപ്പെരിയാർ ഡാം ഷെഡ്യൂൾ വൺ ആയി രേഖപ്പെടുത്തുകയും 136 അടിയായി ഉയരം നിജപ്പെടുത്തുകയും അതിനെ ഡീകമ്മീഷൻ ചെയ്യുന്നതുവരെയുള്ള അധികാരം ഡാം സേഫ്റ്റി അതോറിറ്റിക്ക് നൽകികൊണ്ട് ഒരു നിയമം പാസ്സാക്കുകയാണ്. ഇതിനെയാണ് തമിഴ്നാട് ഗവൺമെന്റ് ചോദ്യം ചെയ്തത്. അത്തരമൊരു നിയമം പാസാകുന്നത് നിയമപരമായി നില നിൽക്കുമോ എന്നത് ഗൗരവമായി എടുത്ത ഒരു തീരുമാനമാണോ എന്നതിനെ സംബന്ധിച്ച് നമ്മൾ ആലോചിക്കണം. ഇപ്പോൾ സുപ്രീം കോടതി യുടെ അന്തിമവിധിയും വന്നുകഴിഞ്ഞു. 2006-ലെ വിധിയും അതിനുശേഷം സുപ്രീം കോടതിയുടെ അന്തിമവിധിയും വന്നു. കേരളത്തിലെ ജനങ്ങൾക്ക് ആശങ്കയുണ്ട്. കേരളത്തിലെ ജനങ്ങളുടെ ആശങ്ക അകറ്റാൻ നമുക്ക് എന്താണ് മാർഗ്ഗം? ഈ വിധിയെ മറികടക്കാൻ നമുക്ക് എന്തുചെയ്യാൻ സാധിക്കും? കേരളത്തിലെ ജനങ്ങൾക്ക് ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് ആശങ്കയുണ്ട് എന്ന് 2006-ലെ വിധിയിൽ പറഞ്ഞിട്ടുണ്ട്. 2006-ലെ വിധിയിൽ ഇപ്രകാരം പറഞ്ഞതിനെ ഒന്നുകൂടി വിപുലീകരിച്ച് ആ ആശങ്ക

എങ്ങനെ പരിഹരിക്കാമെന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിച്ചില്ല. ഒരു പുതിയ ഡാം എന്നുള്ള ഒരു കൺസെപ്റ്റുമായിട്ടാണ് നമ്മൾ മുന്നോട്ടു പോയത്. പുതിയ ഡാം എന്ന് പറയുമ്പോൾ, പഴയ ഡാം ഡീ-കമ്മീഷൻ ചെയ്യണം. പഴയ ഡാം ഡീ-കമ്മീഷൻ ചെയ്യണമെന്നുണ്ടെങ്കിൽ അതിനുള്ള ഡാറ്റാസ് നമ്മുടെ കയ്യിലുണ്ടോ; അതിനുള്ള പഠനം നമ്മൾ നടത്തിയിട്ടുണ്ടോ; അതിനുള്ള പഠനം നമ്മൾ മാത്രം നടത്തിയാൽ മതിയോ; ഈ ഡാം തമിഴ്നാടിന്റെ ഉടമസ്ഥതയിൽ കൊടുത്തതിനുശേഷം തമിഴ്നാടിന്റെ കൺസെന്റും കൺസൻസസ്സും ആവശ്യമല്ലേ; എന്നു മാത്രമല്ല മൂന്നാമതൊരു കക്ഷിയും അത്തരത്തിലുള്ള ഒരു കൺസൻസെസ്സിന്റെ ഭാഗമാകേണ്ടതല്ലേ? പുതിയ ഡാം എന്നുപറയുമ്പോൾ പഴയ ഡാം ഡീ-കമ്മീഷൻ ചെയ്യുക എന്നാണ് അതിന്റെ അർത്ഥം. അങ്ങനെ ഡീ-കമ്മീഷൻ ചെയ്യണം എന്ന വാദഗതിയുമായി, അത്തരം ഒരു നിലപാടുമായി കോടതിയിൽ പോയാൽ അതിന്റെ അടിസ്ഥാനപരമായ രേഖകളെ സംബന്ധിച്ച് ചോദിച്ചാൽ അത് സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാൻ നമുക്ക് കഴിയണം. ആ ഗൃഹപാഠം ചെയ്യാതെ മുമ്പോട്ടുപോയിട്ട് കാര്യമുണ്ടോ? 106.5 അടി ഉയരത്തിലാണ് ഇപ്പോൾ ടണലുള്ളത്. ആ ടണലിലൂടെയാണ് അവർ വെള്ളം കൊണ്ടുപോകുന്നത്. 1958-ൽ ആ ടണൽ വിപുലീകരിച്ചു, അതിന് വിസ്താരം കൂട്ടി. കൂടുതൽ വെള്ളം കൊണ്ടുപോകുന്നതിനുള്ള കാര്യങ്ങൾ ചെയ്തു. അതിനുശേഷമാണ് 1970-ൽ വൈദ്യുതി ഉണ്ടാക്കുന്നതിനുവേണ്ടി ഉപകരാർ ഉണ്ടാക്കിയത്. ആ ഉപകരാർ ഉണ്ടാക്കുമ്പോൾ 106.5 അടി ഉയരത്തിൽ ടണൽ വിപുലീകരിച്ചതിനുശേഷമാണ് അവർ ചെയ്യുന്നത്. വൈദ്യുതി ഉണ്ടാക്കുന്നതിന് അവർ അനുമതി കൊടുത്തുവെന്ന് പറയുമ്പോൾ ആദ്യം ഇന്ത്യക്ക് സ്വാതന്ത്ര്യം

ലഭിക്കുന്നതിനുമുമ്പുതന്നെ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ഒരു ശ്രമം അവർ നടത്തിയിരുന്നു. ആ ശ്രമത്തെ പരാജയപ്പെടുത്തിയത് അന്ന് ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യർ മദ്രാസ് ഹൈക്കോടതിയിൽ പോയി വാദിച്ചാണ്. പിന്നീട് വന്ന ജനകീയ ഗവൺമെന്റ് വൈദ്യുതി ഉണ്ടാക്കുന്നതിനുള്ള അനുമതി അവർക്ക് നിയമപരമായി കൊടുക്കുകയാണ് ചെയ്തത്. എന്തെല്ലാം മണ്ടത്തരങ്ങളാണ് നമ്മൾ കാലാകാലങ്ങളിൽ ചെയ്തത് എന്ന് ആലോചിക്കണം. 2006-ലെ വിധിയിൽ പറയുന്നത് **പാരാ 4(സി)-യിൽ പറയുന്നത്** 'more importantly, if this alternative is implemented in an agreed period of time, the fear perception in the minds of the people of the State of Kerala will be set at rest.' അതായത് കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ ഭീതി ഉണ്ടെന്ന് കോടതിക്ക് അന്ന് ബോദ്ധ്യമായിരുന്നു. ആ ഭീതി ഉണ്ട് എന്ന് കുറേക്കൂടി എസ്റ്റാബ്ലിഷ് ചെയ്ത് ഈ ആൾട്ടർനേറ്റീവ് സജഷനെക്കുറിച്ച് പഠിക്കാൻ നമ്മൾ എന്തുകൊണ്ട് തയ്യാറായില്ല? അത്തരമൊരു ആൾട്ടർനേറ്റ് സജഷൻ വേണമെന്ന ഒരു ചിന്ത യോടുകൂടി പോയിരുന്നെങ്കിൽ കുറെകൂടി ഫലപ്രദമായി ഇക്കാര്യങ്ങൾ നേടാൻ കഴിയുമായിരുന്നില്ലേ. ഇനിയാണെങ്കിലും ജഡ്ജിയേയും കോടതി യേയും വക്കീലിനേയും പ്രതിസ്ഥാനത്ത് നിർത്തി പോകുന്നതിനേക്കാൾ നല്ലത് അതാണ് എന്നതൊരു യാഥാർത്ഥ്യമാണ്. ഈ കോടതിവിധിയിൽ നിന്ന് നമുക്ക് എങ്ങനെ നമ്മുടെ ആവശ്യങ്ങൾ നേടി ജനങ്ങളുടെ ആശങ്ക അകറ്റു ന്നതിനുള്ള പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന നിലയിൽ ചിന്തിക്കാൻ കഴിയണം. ആ നിലയിൽ ചിന്തിച്ചെങ്കിൽ മാത്രമേ നമുക്ക് ഫലപ്രദമായി നമ്മൾ വീണ ഒരു അപകടത്തിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുകയുള്ളു.

അതിന് ശരിയായ രീതിയിൽ ഇപ്പോഴത്തെ ടണലിനുതാഴെ ഡാമിന്റെ സമ്മർദ്ദം കുറയ്ക്കുന്നതിനുവേണ്ടിയുള്ള ആൾട്ടർനേറ്റീവ് മെഷേഴ്സ് വേണമെന്ന കാര്യം അവർ സൂചിപ്പിച്ചപ്പോൾ അതിന്റെ ന്യായാന്യായങ്ങൾ പഠിച്ച് അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കേണ്ടതുണ്ട്. ഡൽഹി, റൂർക്കി ഐ.ഐ.റ്റി കളുടെ റിപ്പോർട്ടുകളുണ്ട്. കോടതിയുടെ എക്സ്പർട്ട് കമ്മിറ്റിക ളുടെ റിപ്പോർട്ടുള്ളപ്പോൾ അതിനെ എതിർക്കാൻ ഏകപക്ഷീയമായി നമ്മൾ നിയമിക്കുന്ന കമ്മീഷനോ പഠന റിപ്പോർട്ടിനോ കഴിയുമോ? എന്നു മാത്രമല്ല, നമ്മുടെ കേസിനെ ദുർബലപ്പെടുത്തുന്ന രീതിയിലുള്ള റിപ്പോർട്ടുകളാണ് രണ്ടിലും വന്നിരിക്കുന്നത്. അതുകൊണ്ട് നിയമപരമായി ചെയ്യേണ്ട കാര്യങ്ങ ളെന്ത് എന്നതിനെക്കുറിച്ച് ഗൗരവമായി കൂട്ടായി ആലോചിച്ച് തീരുമാനമെ ടുക്കണം. അതോടൊപ്പം കേന്ദ്ര ഗവൺമെന്റുമായും ഇരു സംസ്ഥാനങ്ങളു ടെയും ഭരണവുമായും ബന്ധപ്പെട്ട് രാഷ്ട്രീയ പരിഹാരമുണ്ടാക്കേണ്ടതും അനിവാര്യമാണെന്ന കാര്യത്തിൽ സംശയമില്ല. ഈ രണ്ട് മാർഗ്ഗങ്ങളിലൂടെ മുന്നോട്ടുപോകുന്നതിനുള്ള നടപടിയാണ് ആവശ്യമുള്ളതെന്ന് പറഞ്ഞു കൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പൂർണ്ണമായും പിന്തു ണയ്ക്കുകയാണ്. കേരളത്തെ സംബന്ധിച്ച് പൊതുതാല്പര്യം മുൻനിർത്തി വളരെ പ്രധാനപ്പെട്ട ഒരു ചർച്ചയാണ് നടന്നുകൊണ്ടിരിക്കുന്നത്. കേരള നിയമ സഭയിൽ മുല്ലപ്പെരിയാൽ വിഷയം സംബന്ധിച്ച ചർച്ച ആദ്യമായിട്ടല്ല നടക്കുന്നത്. പല പ്രാവശ്യവും ഇതുപോലുള്ള ചർച്ചകൾ നടക്കുകയും നമ്മൾ തന്നെ വാദിച്ച് ഒരുപാട് ജയങ്ങൾ നിയമസഭയിൽ നടത്തിയിട്ടുമുണ്ട്.

നിയമസഭയിൽ ഇത് സംബന്ധിച്ച് നമ്മൾ പല കാര്യങ്ങളും സ്ഥാപിച്ചു. ഇതുമായി ബന്ധപ്പെട്ട് നിയമസഭയുടെ എട്ടോളം റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ആ റിപ്പോർട്ടുകളിലെല്ലാം കേരളത്തിന്റെ വാദഗതികൾ നമ്മൾ അരക്കിട്ടുറപ്പിച്ച് സ്ഥാപിച്ചതാണ്. പക്ഷേ കോടതികളിൽ ഈ റിപ്പോർട്ടുകൾ സ്ഥാപിക്കാനോ ജയിക്കാനോ നമുക്ക് സാധിച്ചിട്ടില്ല എന്നതാണ് കേരളത്തിന്റെ ഏറ്റവും വലിയ ദുരന്തം. കേരളത്തിലെ ജനാധിപത്യ ഗവൺമെന്റിന് സംഭവിച്ചിരിക്കുന്ന കുറ്റകരമായ വീഴ്ചയാണ് അതിനുകാരണമായി എനിക്ക് തോന്നുന്നത്. നിയമസഭാ സമ്മേളനം ആരംഭിക്കുന്ന ദിവസം തന്നെ ഈ വിഷയം ചർച്ച ചെയ്യാൻ തീരുമാനിച്ചതാണ്. കോടിക്കണക്കിന് ജനങ്ങൾ താമസിക്കുന്ന കേരളത്തിൽ മുല്ലപ്പെരിയാർ ഡാം തകർന്നാൽ കേരളം രണ്ട് കഷണമായി മാറും, കേരളത്തിന്റെ ജനജീവിതം അതോടെ ഇല്ലാതാകും എന്നു പറയപ്പെടുന്ന വളരെ ഗൗരവായ ഈ വിഷയം സുപ്രീം കോടതിയിൽ പരാജയപ്പെട്ടതിനെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യാനായി വിളിച്ചുകൂട്ടിയിരിക്കുന്ന ഈ സമ്മേളനത്തിൽ 5 – ാം മന്ത്രിയടക്കം 21 മന്ത്രിമാരുള്ള മന്ത്രിസഭയിലെ നിയമ വകുപ്പ് മന്ത്രിയടക്കമുള്ളവരാരും ഈ ചർച്ച കേൾക്കാനില്ല. ഈ വിഷയത്തിന് രാഷ്ട്രീയമായ പരിഹാരമുണ്ടാക്കണമെന്ന് ബഹുമാന്യനായ ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട പോയിന്റാണ്. നിയമപരമായ പോരാട്ടങ്ങൾ പലതും നമ്മൾ നടത്തിയെങ്കിലും ഇതിന് പരിഹാരമുണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ഇന്ത്യയിൽ നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അദ്ദേഹത്തെ കാണാൻവേണ്ടി കേരളത്തിലെയും തമിഴ്നാട്ടിലെയും മുഖ്യമന്ത്രിമാർ പോയിരുന്നു. കേരളത്തിലെ മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി സൗഹാർദ്ദ ചർച്ച നടത്തിയെന്നാണ് പറഞ്ഞത്. പക്ഷേ തമിഴ്നാട് മുഖ്യമന്ത്രി പ്രധാനമന്ത്രിയെ

കാണാനായി പോയപ്പോൾ അവരുടെ ഫസ്റ്റ് പ്രയോറിറ്റി മുല്ലപ്പെരിയാർ വിഷയമായിരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ പ്രയോറിറ്റിയിൽ മുല്ലപ്പെരിയാർ വിഷയം ഉണ്ടോയെന്നതാണ് അതിൽനിന്ന് വ്യക്തമാകുന്ന കാര്യം. തമിഴ്നാടിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്യാൻ കിട്ടിയ ആദ്യ അവസരത്തിൽത്തന്നെ തമിഴ്നാട് മുഖ്യമന്ത്രി ചർച്ച ചെയ്തത് മുല്ലപ്പെരിയാർ വിഷയത്തെക്കുറിച്ചാണ്. 1886-ൽ ഉണ്ടാക്കിയ 999 വർഷത്തെ കരാറാണിത്. ഇനി 871 വർഷംകൂടി കരാർ നിലനിൽക്കുകയാണ്. 1895-ൽ ജോൺ പെൻക്വിക്ക് എന്ന ബ്രിട്ടീഷ് എഞ്ചിനീയറാണ് ഈ ഡാം നിർമ്മിച്ചത്. 50 വർഷത്തെ കാലാവധിയാണ് ഈ ഡാമിന് അന്ന് പറഞ്ഞത്. നിർമ്മാണഘട്ടത്തിൽ തന്നെ ഡാം രണ്ട് പ്രാവശ്യം തകർന്നുപോയി എന്നാണ് പറയുന്നത്. അന്നത്തെ പരമ്പരാഗത നിർമ്മാണ രീതിയനുസരിച്ച് സുർക്കിയും ചുണ്ണാമ്പും ശർക്കരയും മുട്ടയുടെ വെള്ളയും കരിങ്കല്ലുമൊക്കെ ഉപയോഗിച്ചുണ്ടാക്കിയ ഡാമാണിത്. 50 വർഷം കാലാവധി പറഞ്ഞ ഡാം ഇപ്പോൾ 119 വർഷം കഴിയുകയാണ്. ലോകത്ത് ഇതുപോലുള്ള നാല് ഡാമുകൾ മാത്രമേയുള്ളൂ എന്നാണ് പറയപ്പെടുന്നത്. അതിൽ 3 ഡാമുകളും തകർന്നുപോയിട്ടില്ലെങ്കിലും അതിന്റെ ശേഷി 50 ശതമാനമായി കുറയ്ക്കപ്പെട്ടിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ മാത്രം ഇത്രയും ഗുരുതരമായ സുരക്ഷാ പ്രശ്നമുണ്ടായിട്ടും കോടതികളിലെ വിദഗ്ദ്ധ സമിതിക്കുമുമ്പാകെ അത് സ്ഥാപിച്ചെടുക്കാൻ നമുക്ക് കഴിയാത്തതെന്തുകൊണ്ടാണ്? ഭരണഘടനാപരമായ കാര്യങ്ങൾ നമ്മൾ പറഞ്ഞു. ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട് വന്നതിനു ശേഷം അതുപ്രകാരം ഈ കരാർ നിലനിൽക്കുന്നതാണോയെന്ന ചോദ്യവും 1970-ൽ ഉണ്ടാക്കിയ കരാറിനെപ്പറ്റിയും നാം പറയുകയുണ്ടായി. റൂർക്കി, മദ്രാസ് ഐ.ഐ.റ്റി കളുടെ പഠന റിപ്പോർട്ടുകൾ വച്ചു. അവസാനം മിത്തൽ

എന്ന ചെയർമാന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി പറഞ്ഞത് മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം 152 അടിയായി ഉയർത്തിയാലും ഡാമിന് തകരാറുണ്ടാകില്ല എന്നാണ്. നമ്മൾ ഭരണഘടനാ വിദഗ്ദ്ധൻമാരായിട്ടുള്ള വക്കീലൻമാരെവച്ച് കേസ് വാദിച്ചു. 2008-ൽ പ്രത്യേകമായ ടീമിനെ നിയമിച്ചു. എന്നിട്ടും നമ്മുടെ കേരളത്തിന്റെ ഏറ്റവും ജീവത്തായ വിഷയത്തിൽ എന്തുകൊണ്ട് നാം പരാജയപ്പെടുന്നു എന്ന ആലോചന നാം നടത്തേണ്ടതാണ്. ഡാമിന്റെ സുരക്ഷയേക്കാളുപരിയായി കേരളത്തിനിതെങ്ങനെ സംഭവിച്ചു എന്ന കാര്യത്തെക്കുറിച്ചുള്ള വളരെ ഗൗരവമായ ആലോചന നമുക്ക് നടത്തേണ്ടതായിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം 136 അടിയിൽനിന്നും 142 അടിയായി ഉയർത്തുമ്പോഴുണ്ടാകുന്ന ഏറ്റവും വലിയ പ്രത്യാഘാതം പാരിസ്ഥിതികമായ പ്രത്യാഘാതമാണ്. ഇത് പെരിയാർ കടുവാ സങ്കേതവുമായി ബന്ധപ്പെട്ട പ്രദേശമാണ്. മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം കൂട്ടിയാൽ ആ പ്രദേശത്തുള്ള സസ്യജീവജാലങ്ങൾ, അത്യപൂർവമായ പക്ഷിമൃഗാദികൾ, ആവാസ വ്യവസ്ഥ, ആദിവാസികളുടെ ജീവനോപാധിയുൾപ്പെടെയുള്ള വളരെ ഗൗരവായ പാരിസ്ഥിതിക വിഷയങ്ങളാണുണ്ടാകുന്നത്. ഈ പ്രശ്നത്തെക്കുറിച്ചുള്ള പാരിസ്ഥിതിക ആഘാത പഠനം നടത്താതെ 136 അടിയിൽ നിന്നും 142 അടിയിലേക്ക് ഉയർത്താൻ പാടില്ലെന്ന ശക്തമായ നിലപാട് ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുമോ; ഈ വിഷയം ഗ്രീൻ ട്രൈബ്യൂണലടക്കമുള്ള സംവിധാനത്തിനുമുമ്പാകെ അവതരിപ്പിക്കാൻ നമുക്ക് സാധിക്കുമോ; അതിനെക്കാളുപരിയായി ഇതിന് രാഷ്ട്രീയമായ പരിഹാരമുണ്ടാക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റിന് ഏതൊക്കെ രീതിയിലുള്ള നടപടിയുമായി മുന്നോട്ടുപോകാൻ കഴിയും എന്നീ ദിശകളിലേക്ക് നമ്മുടെ ചർച്ചകൾ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. തമിഴ്നാട് ഡാം സുരക്ഷയ്ക്കുവേണ്ടി ചെയ്ത എല്ലാ

കാര്യങ്ങളും വീഡിയോ റിക്കോർഡിംഗ് ഉൾപ്പെടെയുള്ള തെളിവുകൾ സഹിതം അവിടെ സമർപ്പിച്ചു. എന്നാൽ കേരളം ഡാം പൊട്ടുമെന്ന് കൊട്ടി ഘോഷിച്ച് ജനങ്ങൾക്കിടയിൽ ഭീതിയുണ്ടാക്കി. കോടതിക്കുമുമ്പാകെ ഡാം പൊട്ടുമെന്നോ, പൊട്ടിയാൽ എന്ത് സംഭവിക്കുമെന്നോ, എങ്ങനെ പൊട്ടു മെന്നോ സംബന്ധിച്ച വ്യക്തമായ തെളിവുകൾ ബോധ്യപ്പെടുത്താൻ നമ്മുടെ ഗവൺമെന്റിന് സാധിച്ചിട്ടില്ല. എന്നാൽ തമിഴ്നാട് അതിനുവേണ്ടി വളരെ വിദ ഗ്ദ്ധൻമാരായ ആളുകളുടെ നേതൃത്വത്തിൽ ആത്മാർത്ഥമായി ഗൃഹപാഠം ചെയ്ത് അവരുടെ കാര്യങ്ങൾ ചെയ്യുകയാണ്. ഇങ്ങനെയുള്ള സാഹചര്യ ത്തിൽ ഇതിനെ മറികടക്കാനാവശ്യമായ കാര്യങ്ങളെക്കുറിച്ചാണ് നിയമസഭ യിൽ തുറന്ന ചർച്ച നടക്കേണ്ടത്. അതുകൊണ്ട് ഇതിനൊരു രാഷ്ട്രീയമായ പരിഹാരമുണ്ടാക്കാനും പാരിസ്ഥിതികമായ പ്രത്യാഘാതങ്ങൾ സുപ്രീംകോട തിയുടെ വിദഗ്ദ്ധ സമിതിയെയും ഗ്രീൻ ട്രൈബ്യൂണലിനെയും ബോധ്യപ്പെടു ത്തിക്കൊണ്ട് ഒരു കാരണവശാലും മുല്ലപ്പെരിയാറിന്റെ ജലനിരപ്പ് 136 അടി യിൽനിന്ന് ഉയർത്താൻ പാടില്ലെന്ന നിലയിലേയ്ക്ക് എത്തിക്കാൻ കഴിയുന്ന കാര്യത്തെക്കുറിച്ചുകൂടി ആലോചിക്കണം എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുകയാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, നിയമസഭയിൽ പല പ്രാവശ്യം ചർച്ച ചെയ്യപ്പെട്ട വിഷയമാണിത്. കഴിഞ്ഞ ചർച്ചയിൽ തമിഴ്നാടിന് വെള്ളവും കേരളത്തിന് സുരക്ഷയും എന്ന നിലയിലാണ് ചർച്ച ചെയ്തത്. ഇന്ന് തമിഴ്നാടിന് വെള്ളവും കേരളത്തിന് ഭീതിയും എന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുകയാണ്. ഈ വിഷയത്തിന് എങ്ങനെ പരിഹാരമു ണ്ടാക്കാൻ കഴിയുമെന്നതിനെക്കുറിച്ച് വളരെ ബുദ്ധിപരമായി തീരുമാനങ്ങളെ

ടുക്കാൻ സാധിച്ചില്ലെങ്കിൽ ഒരുപക്ഷേ നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന ഒരു വലിയ ദുരന്തമായി ഇത് മാറും. ജലനിരപ്പ് ഉയർത്തുന്നതിൽ മാത്രമേ കേരളത്തിന് ആശങ്കയുള്ളൂ എന്ന രീതിയിലാണ് സുപ്രീം കോടതിയിൽ ചർച്ച ചെയ്തിട്ടുള്ളത്. നമ്മൾ ഉന്നയിക്കുന്ന വാദവും അതാണ്. ജലനിരപ്പ് ഉയർന്നില്ലെങ്കിലും വിഷയങ്ങളൊന്നുമില്ല എന്ന രീതിയിലാണ് നമ്മൾ പറയുന്നത്. അതുമാത്രമല്ല ഒരു ഭാഗത്ത് ഭൂകമ്പബാധിത പ്രദേശമാണെന്ന് നിരന്തരമായി പറയുകയും പ്രസ്താവനയിറക്കുകയും ചെയ്യുകയും അതേസമയംതന്നെ പുതിയ ഡാം പണിയണമെന്നുള്ള വാദമുയർത്തുകയും ചെയ്യുന്നു. ഭൂകമ്പ ബാധിത പ്രദേശത്ത് പുതിയ ഡാം പണിയാമോ അതോ നിലവിലുള്ള ഡാം തന്നെ നിലനിർത്തണോ എന്നത് വളരെ പ്രധാനപ്പെട്ട വിഷയമാണ്.

ഏറെ ആശങ്കയുണ്ടാക്കുന്ന രീതിയിലാണ് നാം ഇക്കാര്യങ്ങൾ പല തവണയും ചർച്ച ചെയ്തിട്ടുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഇത്തരം ഡാമുകൾക്കുണ്ടാകുന്ന ദുരന്തങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ ബോദ്ധ്യപ്പെടുത്തുകയാണ് ചെയ്യേണ്ടത്. ഒരുപക്ഷേ, ഇത് അറം പറ്റുന്ന വാക്കാകുമോ എന്നുപോലും ഭയക്കുകയാണ്. അങ്ങനെ സംഭവിക്കാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. കാരണം 'എന്റെ ഹൃദയ രക്തത്തിൽ എഴുതിയ കരാർ' എന്നാണ് വിശാഖം തിരുനാൾ മഹാരാജാവ് ഇതിനെ വിശേഷിപ്പിച്ചത്. ഇതുപോലുള്ള ഡാമുകൾ തകർന്നിട്ടുണ്ട്. നിരന്തരമായി ജനകീയ സമിതികളിൽ ചർച്ചചെയ്യപ്പെട്ട വിഷയമാണ് 1975 –ലെ ചൈനയിലെ ദുരന്തം. ഇത് സമൂഹത്തിന് മുമ്പിൽ ബോദ്ധ്യപ്പെടുത്താൻ കഴിയണം. ചൈനയിലെ ഹെനാൻ പ്രൊവിൻസിലെ ബാൻകിയോ റിസർവോയർ ദുരന്തത്തിൽ 1,71,000 ആളുകൾ മരണപ്പെടുകയും 11

ദശലക്ഷം ഭവനങ്ങൾ നഷ്ടപ്പെടുകയും ചെയ്തു. അതൊരു വലിയ ദുരന്തമായി മാറി. കാരണം ഇതുപോലെ അവിടത്തെ ജനപ്രതിനിധികളും മറ്റും ഒരു കാലഘട്ടത്തിൽ ചർച്ച ചെയ്ത ഒരു വിഷയം വലിയ പ്രളയമായി മാറിയപ്പോൾ മഹാദുരന്തമായി മാറുകയായിരുന്നു. കാലിഫോർണിയയിൽ ഇത്തരത്തിലുള്ള ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ വിഷയങ്ങൾ ബഹുമാനപ്പെട്ട നീതിന്യായ കോടതിയുടെ മുമ്പിൽ ബോദ്ധ്യപ്പെടുത്തുന്നതിലാണ് നമ്മൾ പരാജയപ്പെടുന്നത്. അണക്കെട്ടിനെ സംബന്ധിച്ചിടത്തോളം വലിയ പ്രളയമായിരുന്നു 1943-ൽ ഉണ്ടായത്. അതിനു സമാനമായ ഒരു പ്രളയം ഇനിയും ഉണ്ടായാൽ തീർച്ചയായും മുല്ലപ്പെരിയാറിൽ അപകടമുണ്ടാകുമെന്നാണ് കണ്ടെത്തുന്നത്. 45 മിനിറ്റിനകം 36 കിലോമീറ്റർ ദൂരം വെള്ളമെത്തി ഇടുക്കി അണക്കെട്ടിൽ എന്ത് മഹാദുരന്തവും സംഭവിക്കാമെന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. ഈ കാര്യങ്ങളാണ് ബോദ്ധ്യപ്പെടുത്തേണ്ടത്. തമിഴ്നാട് ഇക്കാര്യത്തിൽ ഹോംവർക്ക് ചെയ്താണ് വരുന്നതെന്ന് ഇവിടെ പറയുകയുണ്ടായി. അതിനെക്കാൾ ഉപരി തമിഴ്നാടിന്റെ ഐക്യമാണ്. കാരണം ഇത്തരം വിഷയങ്ങളിൽ തമിഴ്നാടിന് ആവശ്യമായ വെള്ളം, വിഭവങ്ങൾ, അവരുടെ നിലനിൽപ്പ് തുടങ്ങിയ കാര്യങ്ങളിൽ ആ സംസ്ഥാനത്ത് ഉണ്ടായതു പോലുള്ള ഒന്നിച്ചുള്ള മൂവ്മെന്റ് ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിയുന്നുണ്ടോയെന്ന കാര്യം സംശയമാണ്. ഇവിടെ രാഷ്ട്രീയമായ സാഹചര്യങ്ങളുണ്ട്. 2006-ൽ ശ്രീ. ടി.കെ. മിത്തൽ അദ്ധ്യക്ഷനായ സമിതി ജലനിരപ്പ് ഉയർത്താൻ അനുകൂലിക്കുകയാണ് ചെയ്തത്. അന്ന് ശ്രീ. എം. കെ. പരമേശ്വരൻ നായർ കേരളത്തിന്റെ പ്രതിനിധിയായിരുന്നപ്പോഴും

ജലനിരപ്പ് ഉയർത്തുന്നതിന് വിരോധമില്ലെന്ന നിലപാടാണ് എടുത്തത്. ആ കോടതി വിധിയുടെ അടിസ്ഥാനത്തിൽ റിവ്യൂ നൽകാമായിരുന്നു. എന്നാൽ അന്ന് നിയമമുണ്ടാക്കി. ആ നിയമം ഉണ്ടാക്കുമ്പോൾ കൂടുതൽ പരിരക്ഷ കിട്ടുമെന്നാണ് കരുതിയത്. 2004 ജൂൺ നാലിലെ സുപ്രീം കോടതി വിധി മറികടക്കാൻ വേണ്ടി പഞ്ചാബ് നിയമസഭയിൽ പാസ്സാക്കിയ പഞ്ചാബ് ടെർമിനേഷൻ ഓഫ് എഗ്രിമെന്റ് ബിൽ, ഹരിയാനയ്ക്ക് വെള്ളം നൽകാൻ പഞ്ചാബിൽ സത്‌ലജ്-യമുനാ കനാൽ നിർമ്മിക്കണമെന്ന സാഹചര്യത്തിൽ ഉണ്ടായ നിയമമാണ്. പഞ്ചാബിന്റെ നിയമം സംരക്ഷിക്കപ്പെട്ടു. ഇവിടത്തെ പ്രത്യേകത അതാണ്. പഞ്ചാബ് ഉണ്ടാക്കിയ ബില്ലും നിയമവും സംരക്ഷിക്ക പ്പെടുകയാണുണ്ടായത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ആ ബില്ലിനെ ഒരിക്കലും ചോദ്യം ചെയ്തില്ല. കേരളം ഉണ്ടാക്കിയ ബില്ലിനെ ചോദ്യം ചെയ്യപ്പെട്ടപ്പോഴാണ് സുപ്രീം കോടതിയിൽ അവതരിപ്പിക്കപ്പെട്ടതിൽ എവിടെയാണ് വീഴ്ച പറ്റിയതെന്ന് നാം ചർച്ച ചെയ്യേണ്ടത്. ഇതുമാത്രമല്ല, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ഗുരുതരമായി കാണേണ്ടത്, 50 വർഷത്തേയ്ക്കാണ് ഡാം പണിഞ്ഞിട്ടുള്ളത് എന്നതാണ്. ഇപ്പോൾ 120 വർഷം പിന്നിട്ടിട്ടും ഈ നാട്ടിലെ ജനങ്ങൾക്ക് ഒരപകടം ഉണ്ടാവുമ്പോൾ ആ നാട്ടിലെ ജനങ്ങൾക്ക് വേണ്ടിയാണ് കോടതി എന്നുള്ള രീതിയിൽ ബോദ്ധ്യപ്പെടുത്താൻ സാധിക്കാതെ വന്നു. അതാണ് വലിയ പ്രശ്നമായി ട്ടുള്ളത്. മാത്രമല്ല, 1970-ൽ ഈ കരാർ ഉണ്ടാക്കുമ്പോഴും നമുക്ക് ചില പാളിച്ചകൾ ഉണ്ടായിട്ടുണ്ട്. 1970-ൽ പഴയ കരാറിൽ കേരള സർക്കാർ എടുത്ത തീരുമാനമെന്താണ്; കരാർ പുതുക്കുമ്പോഴും വിദഗ്ദ്ധർ പറയുന്നത് ഡാമില്ലെങ്കിൽ വലിയ പ്രളയം മുല്ലപ്പെരിയാറിൽ ഉണ്ടാകുമെന്നും കൊച്ചി

തുറമുഖത്ത് മണ്ണടിഞ്ഞ് വലിയ പ്രശ്നങ്ങൾ ഉണ്ടാകുമെന്നുമാണ്. ആ കരാർ പുതുക്കാനുള്ള ന്യായങ്ങൾ കണ്ടെത്താനാണ് ശ്രമിച്ചത്. അപ്പോഴും ഭാവിയിൽ ഉണ്ടാകുന്ന ദുരന്തത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടില്ല.

ശ്രീ. പി. സി. ജോർജ് : സർ, 1970-ൽ ബഹുമാനപ്പെട്ട അച്ചുതമേനോൻ ഒപ്പിട്ട എഗ്രിമെന്റിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, ഓരോ 30 കൊല്ലം കൂടുമ്പോഴും രണ്ട് സംസ്ഥാനങ്ങളും തമ്മിൽ ചർച്ചചെയ്ത് എഗ്രിമെന്റിൽ മാറ്റം വരുത്തേണ്ട കാര്യങ്ങൾ മാറ്റം വരുത്തണമെന്ന്. അതനുസരിച്ചാണ് തമിഴ്നാടുമായി 2000-ൽ ചർച്ച നടത്തിയത്. 14 വർഷമായിട്ടും ഇന്നുവരെ തമിഴ്നാട് അതിന് തയ്യാറായിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി, വിധി പറഞ്ഞപ്പോഴും 1970-ലെ എഗ്രിമെന്റിൽ 30 വർഷം കൂടുമ്പോൾ ചർച്ച ചെയ്യണമെന്ന് പറയുന്ന കാര്യം ബഹുമാനപ്പെട്ട ഭരണഘടന ബഞ്ചും മറന്നുപോയി. അത് ഈ സഭയിൽ ചർച്ച ചെയ്യേണ്ട കാര്യമല്ലേ. അങ്ങയുടെ പ്രസംഗത്തിൽ അതുംകൂടി വരണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, തീർച്ചയായും ആ വിഷയം തന്നെയാണ് ഞാൻ പറയുന്നത്. കാരണം 1970-ൽ ഉണ്ടാക്കിയ എഗ്രിമെന്റിൽ പറയുന്നത്, താൽക്കാലികമായ കുറച്ച് ന്യായങ്ങൾ മാത്രമാണ്. എന്നാൽ അതിനുശേഷം പിന്നീട് ഒരിക്കൽപ്പോലും റിവ്യൂ ചെയ്യാൻ തയ്യാറായില്ലെന്നു ള്ളത് ഏറ്റവും കൂടുതൽ പ്രയാസമുണ്ടാക്കുന്നു. കാരണം കേരളത്തെ പ്പോലെ പ്രബുദ്ധമായ ഒരു സംസ്ഥാനത്ത് ഇത്തരം ഒരു ഭീഷണി റിവ്യൂ ചെയ്യാൻ നമുക്ക് കഴിഞ്ഞില്ലെന്നുള്ളത് ചെറുതായി കാണേണ്ട വിഷയമല്ല. ശ്രീ. വി.എസ്. സുനിൽ കുമാർ സൂചിപ്പിച്ചതുപോലെ വളരെ പ്രധാനപ്പെട്ട വിഷയമാണ് പാരിസ്ഥിതികമായിട്ടുള്ളത്. ഏതുകാര്യങ്ങളിലും ബഹുമാനപ്പെട്ട

സുപ്രീംകോടതി പാരിസ്ഥിതികമായ വിഷയത്തിൽ വളരെ അലെർട്ട് ആണ്. കുറച്ചുകാലമായി കേരളത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയവും അതാണ്. എന്നാൽ ഈ കേസ്സിൽ പാരിസ്ഥിതിക വിഷയങ്ങൾ ഉണ്ടായില്ല. ജലനിരപ്പ് ഉയർത്തൽകൊണ്ട് 2772 ഏക്കർ വനഭൂമി വെള്ളത്തിനടിയിലാകുമെന്നും അവിടെ ധാരാളം പാരിസ്ഥിതികമായ വിഷയങ്ങൾ ഉണ്ടാകുമെന്നും അപൂർവ്വമായ ജീവജാലങ്ങളടക്കം നഷ്ടപ്പെട്ടുപോകുമെന്നുമുള്ള പഠന റിപ്പോർട്ടുകൾ വന്നിട്ടും ആ പഠന റിപ്പോർട്ടുകൾ കോടതിയുടെ മുമ്പിൽ കൊണ്ടുവരാനോ വേണ്ട രീതിയിൽ കോടതിയുടെ മുമ്പിൽ സമർത്ഥിക്കാനോ സാധിക്കാതെ വന്നിട്ടുണ്ട്. നമ്മുടെ മുമ്പിലുണ്ടാകേണ്ടത്, റൂർക്കി ഐ.ഐ.റ്റി.–യോ ഡൽഹി ഐ.ഐ.റ്റി.–യോ പോലുള്ള വലിയ സ്ഥാപന ങ്ങൾ എടുത്ത ബുദ്ധിപരമായ തീരുമാനങ്ങളാണ്. റൂർക്കി ഐ.ഐ.റ്റി. യുടെ വിദഗ്ദ്ധനെ പല തവണ കോടതി വിചാരണ ചെയ്യുകയും കോടതിയുടെ മുമ്പിൽ പലതവണ അദ്ദേഹം തെളിവുകൾ കൊടുക്കുകയും ചെയ്തു. ഒരിക്കലും ആ തെളിവുകളെ നിരാകരിക്കാൻ കോടതിക്ക് സാധിച്ചിട്ടില്ല. ഇതൊക്കെ കോടതിയുടെ രേഖകൾ പരിശോധിച്ചാൽ അറിയാം. എന്നാൽ അതിനനുസൃതമായി വിധി ഉണ്ടായിട്ടില്ല. വലിയ വിദഗ്ദ്ധന്മാരായ ആളുകളുടെ റിപ്പോർട്ട്, ജനങ്ങളെ ബാധിക്കുന്ന ഗുരുതരമായ വിഷയം തുടങ്ങിയ കാര്യങ്ങൾ വേണ്ട രീതിയിൽ സുപ്രീം കോടതിയിൽ എത്തിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. അതുകൊണ്ട് തമിഴ്നാടിന് 900 കോടി രൂപയുടെ വൈദ്യുതി കിട്ടുന്നുണ്ടോ എന്നുള്ളത് മാത്രമായി ചർച്ച ചെയ്യാതെ ഗൗരവമായി കണ്ടുകൊണ്ട് ഒരു വിശാല ബഞ്ചിന് മുമ്പിലാണിത് എത്തേണ്ടത്. പലപ്പോഴും ഇത്തരം വിഷയങ്ങൾ റിവ്യൂ പെറ്റീഷൻ

പോയാൽ അത് ചേംബറിൽ വച്ച് തീരുമാനമെടുക്കുന്നതിനു പകരം ഓപ്പൺ ക്വാർട്ടിൽ ചർച്ച ചെയ്ത്, വിശാല ബഞ്ചിന് മുമ്പിൽ കൊണ്ടുവന്ന് ചർച്ച ചെയ്ത് തീരുമാനിക്കാൻ കഴിയുന്ന തലത്തിലേയ്ക്കുള്ള തീരുമാനത്തിലേയ്ക്ക് സഭയുടെ ഇന്നത്തെ ചർച്ച എത്തണമെന്ന് അറിയിച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം : സർ, പ്രതിപക്ഷ നേതാവ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. സഭ ഇന്നിവിടെ ചർച്ച ചെയ്തതിൽ പൊതുവികാരമുണ്ട്. അത് നിരാശ ജനകമാണ്, ഈ വിധി ദു:ഖകരമാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഭാഗത്ത് നിന്ന് ഇത്തരത്തിലൊരു വിധി കേരളം ഒരിക്കലും പ്രതീക്ഷിച്ചില്ല. ഇപ്പോൾ വെള്ളവും വൈദ്യുതിയുമെല്ലാം തമിഴ്നാടിനായി. അണക്കെട്ടുംകൂടി തമിഴ്നാടിന് പോകുമെന്ന അവസ്ഥയിലേയ്ക്കാണ് പോകുന്നത്. തമിഴ്നാട്ടിലെ തീവ്രവാദിയായ നേതാവ് ശ്രീ. വൈക്കോ പറഞ്ഞത് ഇടുക്കി ജില്ലകൂടി തമിഴ്നാടിന് കൊടുക്കണമെന്നാണ്. ഈ നിലയിലാണ് തമിഴ്നാട്ടിലെ ചർച്ചകൾ പോകുന്നത്. തമിഴ്നാടുമായി നമുക്ക് യോജിച്ചുപോകണം; അവർ നമ്മുടെ സഹോദരങ്ങളാണ്. മുല്ലപ്പെരിയാറിന്റെ വിഷയത്തിൽ വൈകാരികമായി കേരളത്തിൽ സമരം നടന്നപ്പോൾ അവർ എടുത്ത സമീപനം നമ്മൾ കാണേണ്ടതാണ്. കേരളത്തിലെ ആളുകളുടെ സ്വത്തും ജീവനും അപകടത്തിൽ ആകുന്ന തരത്തിലേയ്ക്കുള്ള കലാപങ്ങളിലേയ്ക്ക് തമിഴ്നാട് ആ സന്ദർഭത്തിൽ പോയി എന്നുള്ളത് നാം കാണേണ്ടതാണ്. ഇത്തരം കാര്യത്തിൽ കേരളത്തിന്റെ സമീപനം ആത്മാർത്ഥത ഉള്ളതാണോ എന്നുകൂടി നമുക്ക് ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ പരിശോധിച്ച് പോകുന്നത്

നല്ലതാണ്. ഉദാഹരണത്തിന് എ.ജി. ഒരു നിലപാട് സ്വീകരിച്ചു. എ.ജി. എടുത്ത നിലപാടാണ് സുപ്രീം കോടതി വിധി നമുക്ക് എതിരായി വന്നത്. വേണമെങ്കിൽ അന്തിമവിധിയെന്ന് പറയാം.

ഒരുപക്ഷെ, പുനഃപരിശോധനയ്ക്കുള്ള സാദ്ധ്യതയുണ്ട്, ഞാൻ സമ്മതിക്കുന്നു. അത്തരത്തിൽ കേരളത്തിന്റെ എല്ലാ താൽപ്പര്യങ്ങൾക്കും വിരുദ്ധമായി ഒരു വിധിയുണ്ടാകാനുള്ള നിലപാട് പരസ്യമായി സ്വീകരിച്ച ആ എ.ജി.-യുടെ പേരിൽ എന്തെങ്കിലുമൊരു നടപടി സ്വീകരിക്കാൻ കേരള ഗവൺമെന്റ് തയ്യാറായോ? കേരളത്തിലെ ഗവൺമെന്റിന്റെ അനുമതിയോടു കൂടിയാണ് എ.ജി. ഈ സ്റ്റേറ്റ്മെന്റ് നടത്തിയത് എന്നുള്ളതാണോ വാസ്തവമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അപ്പോൾ ഗവൺമെന്റ് ഇക്കാര്യത്തിലെടുത്ത നിലപാട് എന്താണ്? 2006-ലാണ് ജലനിരപ്പ് 152 അടിയാക്കാമെന്നുള്ള വിധി വന്നത്. 2001 മുതൽ 2006 വരെയുള്ള സമയത്ത് നടന്ന കേസിനാണ് ഇങ്ങനെ വിധയുണ്ടായത്. അന്ന് സുപ്രീംകോടതിയിൽ കാര്യങ്ങൾ അവതരിപ്പിക്കുന്ന കാര്യത്തിൽ കേരളം സമ്പൂർണ്ണമായി പരാജയപ്പെട്ടിരുന്നു. കേന്ദ്ര ജല കമ്മിറ്റിയുടെ ചെയർമാനായിരുന്ന ശ്രീ. തട്ടെ ഉൾപ്പെടെയുള്ള ആളുകൾ കൊടുത്ത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സുപ്രീംകോടതിയുടെ വിധിയുണ്ടായത്. ഇവിടെ ഒരു ആത്മാർത്ഥതയുടെ പ്രശ്നമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻതന്നെ മോണിറ്റർ ചെയ്തുകൊണ്ട് 2006-നുശേഷം തമിഴ്നാട് സുപ്രീംകോടതിയിൽ കൊടുത്ത ഹർജിയിന്മേലുള്ള കേസുകൾ ഭംഗിയായി നടത്തിക്കൊണ്ടിരുന്നപ്പോഴാണ് അത് ഒരു കമ്മിറ്റിക്ക് വിടാനുള്ള തീരുമാനമെങ്കിലും എടുക്കാൻ കഴിഞ്ഞത്. കേരളത്തിനത് ആശ്വാസകരമായി

രുന്നു. പക്ഷേ ആ എംപവേർഡ് കമ്മിറ്റി എടുത്ത സമീപനം നമ്മൾ വളരെയധികം ചർച്ച ചെയ്ത ഒന്നാണ്. അക്കാര്യത്തിൽ ജസ്റ്റിസ് കെ. റ്റി. തോമസ് കേരളത്തിന്റെ പ്രതിനിധിയല്ല രാജ്യത്തിന്റെ പ്രതിനിധിയാണെന്നാണ് പറഞ്ഞിരുന്നതെങ്കിൽപ്പോലും കേരളത്തിൽ നിന്നുള്ള ആളെന്നുള്ള നിലയിലാണ് ജസ്റ്റിസ് കെ.റ്റി. തോമസിനെ സുപ്രീംകോടതി അവിടെ നിയമിച്ചത്. പക്ഷെ, ജസ്റ്റിസ് കെ. റ്റി. തോമസ് എക്സ്പ്ലനേറ്ററി നോട്ടിൽ ഇടുക്കിയുടെ കപ്പാസിറ്റി, ഇടുക്കി ഡാമിന്റെ കപ്പാസിറ്റി, പ്രളയ ജലത്തിന്റെ കപ്പാസിറ്റി എന്നിവയടക്കം അദ്ദേഹം പറഞ്ഞിട്ടുള്ള 90 ശതമാനവും തെറ്റായ കാര്യങ്ങളാണ്.

ശ്രീ. പി. സി. ജോർജ്: സർ, ജസ്റ്റിസ് കെ. റ്റി. തോമസ് കേരളത്തിന്റെ ഭാഗമാണെന്നുപറഞ്ഞാലും അദ്ദേഹം അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ നമ്മുടെ പുതിയ ഡാമിനെ അനുകൂലിച്ചിട്ടുണ്ട്. കേരളത്തിലെ 35 ലക്ഷം വരുന്ന ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കണമെന്ന ബോദ്ധ്യത്തോടുകൂടി കേരള നിയമസഭയിലെ 141 അംഗങ്ങളും ഒന്നിച്ചെടുത്ത തീരുമാനപ്രകാരം നടത്തിയ നിയനിർമ്മാണം ക്യാൻസൽ ചെയ്യാൻ കേരളവുമായി ബന്ധമില്ലാത്ത 5 ജഡ്ജിമാർക്ക് അധികാരമുണ്ടോയെന്നാണ് ചർച്ച ചെയ്യേണ്ടത് എന്നതാണ് എന്റെ അഭിപ്രായം. അതിവിടെ ചർച്ചചെയ്യാൻ ആരുമില്ല. അത് പറയണം. അത് പറഞ്ഞാലേ ശരിയാവുകയുള്ളൂ.

ശ്രീ. രാജു എബ്രഹാം: സർ, സുപ്രീംകോടതി എടുക്കുന്ന തീരുമാനങ്ങൾ അനുസരിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. കേരളത്തിലെ ജനങ്ങളുടെ ജീവൻ പണയംവച്ചുകൊണ്ട് സുപ്രീംകോടതി വിധിക്ക് കീഴടങ്ങി കേരളത്തിൽ വലിയൊരു ദുരന്തമുണ്ടാകുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ

പോകുമ്പോൾ ഈ നിലപാടാണോ നമ്മൾ സ്വീകരിക്കേണ്ടത്? തമിഴ്നാട് ഇത്തരമൊരു വിഷയത്തിലെടുക്കുന്ന വൈകാരികമായ നിലപാട് കേരളമെടുക്കുന്നില്ല. അത് വളരെ പ്രധാനമായി കാണണം. 30 വർഷത്തിലൊരിക്കൽ ഇവിടത്തെ കരാർ പുതുക്കണമെന്നുള്ള കാര്യം ചീഫ് വിപ്പ് ഇവിടെ നേരത്തെ പറഞ്ഞു. സുപ്രീംകോടതിയിൽ വാദിച്ച നമ്മുടെ അഭിഭാഷകർക്ക് എന്ത് തകരാറാണ് പറ്റിയത്; അത്തരത്തിലൊരു പോയിന്റുണ്ടെങ്കിൽ ആ പോയിന്റ് സുപ്രീംകോടതിയുടെ ശ്രദ്ധയിൽകൊണ്ടു വരാൻ നമുക്ക് കഴിഞ്ഞോ? റൂർക്കി ഐ.ഐ.റ്റി.-യുടെയും ഡൽഹി ഐ.ഐ.റ്റി.-യുടെയും പഠനങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ആ പഠന ങ്ങൾ സുപ്രീംകോടതിയുടെ അനുമതിയോടെ നടത്തിയ പഠനങ്ങളാക്കി മാറ്റു വാൻ നമുക്ക് കഴിയാതെപോയത് ഒരു വലിയ വീഴ്ചയാണ്. സ്വാഭാവിക മായും അടുത്ത ഘട്ടത്തിൽ ഗൗരവ്വമായി പരിഗണിക്കുകയും പരിശോധിക്കു കയും ചെയ്യേണ്ട ഒരു പ്രശ്നംതന്നെയാണിത്. അത്തരത്തിലുള്ള ഗൗരവമായ സമീപനം ഇപ്പോൾത്തന്നെ തമിഴ്നാട് ഇക്കാര്യത്തിലെടുക്കുന്നുണ്ട്. സുപ്രീം കോടതിയിൽ അവിടത്തെ അഡീഷണൽ എ.ജി. ഗുരുകൃഷ്ണയെ ഇക്കാര്യത്തിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുകയാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഒരു പാനലാണ് അഭിഭാഷകരെ സഹായിക്കുന്നത്. എന്നു മാത്രമല്ല അവിടെ മുല്ലപ്പെരിയാർ സെൽ ഉണ്ടാക്കിയിരിക്കുന്നു. നമുക്ക് അത്തരത്തിലൊരു സെൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അവിടെ ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ പോസ്റ്റ് ചെയ്യാൻ പോലും കഴിഞ്ഞിട്ടുണ്ടോ? ഞാനുൾപ്പെടെയുള്ള നിയമസഭാ കമ്മിറ്റിയാണ് അവിടെ ആദ്യംപോയി ഇക്കാര്യങ്ങൾ കണ്ടെത്തി കേരള സർക്കാരിന്റെ മുമ്പിൽ കൊണ്ടുവന്നത്.

അന്ന് ആ സമിതി ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ പോസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടതാണ്. അതിനുപോലും കഴിയാത്ത കേരളത്തിന്റെ ഒരു വിലാപമായി ഇനിയും ഇത്തരമൊരു ചർച്ച ഉണ്ടാകരുത്. ഇപ്പോൾ ആറാമത്തെയോ ഏഴാമത്തെയോ ചർച്ചയ്ക്കാണ് നമ്മുടെ കേരള നിയമസഭ വേദിയാകുന്നത്. ഇനിയും അത്തരമൊരു ചർച്ച കേൾക്കാൻ പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം എന്നിങ്ങനെയുള്ള ജില്ലകളിൽ ആരുണ്ടാകും? എറണാകുളം എന്നുപറയുന്ന പട്ടണംതന്നെ ഉണ്ടാവുകയില്ല. അങ്ങനെയുള്ള ഗുരുതരമായ അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഇവിടെ വനം നിയമം അതിശക്തമാണ്. ഇവിടെ ചർച്ചയിൽ ഗ്രീൻ ട്രിബ്യൂണലിന്റെ കാര്യമൊക്കെ പറഞ്ഞു. 1980–ലെ ഫോറസ്റ്റ് ആക്ടിനുമുമ്പുതന്നെ 1972–ൽ വൈൽഡ് ലൈഫ് ആക്ട് ഇവിടെ നിലവിലുണ്ട്. അതിനുശേഷം 1986–ലെ പരിസ്ഥിതി സംരക്ഷണ നിയമമുണ്ട്. ഇതെല്ലാം സുപ്രീംകോടതിയും കേന്ദ്രഗവൺമെന്റുമെല്ലാം പാസ്സാക്കിയ ഉത്തരവുകളും നിയമങ്ങളുമൊക്കെയാണ്. ഇതിന്റെയെല്ലാം പരസ്യമായ ലംഘനമല്ലേ ഈ വിധി. ഇതിനെപ്പോലും നമുക്ക് ചോദ്യം ചെയ്യാൻ കഴിയുകയില്ലേ? കഴിഞ്ഞ ഗവൺമെന്റ് അവിടെ ആദ്യം ഒരുകോടി രൂപ സർവ്വേയ്ക്കുവേണ്ടി വച്ചു, 10 കോടി രൂപ ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റിൽ ഉൾപ്പെടുത്തി, തുടർന്ന് ഡീറ്റയിൽഡ് റിപ്പോർട്ട് തയ്യാറാക്കി മറ്റു നടപടികളിലേയ്ക്ക് ചെന്നപ്പോൾ അവിടെ കയറാൻ പാടില്ലായെന്ന് പറഞ്ഞ് വനംവകുപ്പ് തടഞ്ഞു. ഈ നിയമമനുസരിച്ച് മുന്നോട്ടുപോകാൻ സാധിക്കില്ല. പക്ഷെ, തമിഴ്നാടിനുവേണ്ടി ഈ വനനിയമങ്ങളും സുപ്രീംകോടതി

വിധിയുമെല്ലാം കാൽക്കീഴിൽ പണയംവയ്ക്കുന്ന നിലയിലേയ്ക്ക് സുപ്രീം കോടതി പോയിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് നമുക്ക് വിമർശിച്ചുകൂടാ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട രാജു എബ്രഹാം, അങ്ങ് പറഞ്ഞത് ശരിയാണ്, അങ്ങ് ഏഴാമത്തെ തവണയാണ് ഏറ്റവും ആവേശകരമായി ആത്മാർത്ഥമായി വാദിക്കുന്നത്. എന്നാൽ ഇതിനെല്ലാം നേതൃത്വം കൊടുക്കേണ്ട മുഖ്യമന്ത്രിയുടെ പാർട്ടിയിലെ ഏഴുപേരാണ് ഇപ്പോൾ ഈ സഭയിൽ ഇരിക്കുന്നതെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ, പക്ഷെ പ്രതിപക്ഷത്തുള്ള അസുഖമുള്ളവരൊഴികെ മഹാഭൂരിപക്ഷംപേരും ഇത് ശ്രദ്ധിക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ നമുക്ക് രാഷ്ട്രീയമായ ഒരു പരിഹാരത്തിന് ശ്രമിക്കാമായിരുന്നു. ഈ ഗവൺമെന്റിനെ അനുകൂലിക്കുന്ന ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരുന്ന ഘട്ടത്തിൽ നമുക്ക് 8 കേന്ദ്രമന്ത്രിമാരും എം.പി.-മാരുമുണ്ടായിരുന്നു. അവരെയെല്ലാം ഉപയോഗിച്ചു കൊണ്ട് അത്തരത്തിലുള്ള ഒരു നീക്കം നടത്തിയതായി കണ്ടില്ല. അതേ സമയം ഏപ്രിൽ മാസത്തിൽ ഇവിടത്തെ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം വരുന്നതിനുമുമ്പ് മാർച്ച് മാസം കേന്ദ്ര ധനകാര്യമന്ത്രിയായിരുന്ന ശ്രീ. പി. ചിദംബരം പരസ്യമായി എംപവേർഡ് കമ്മിറ്റിയുടെ തീരുമാനവും സുപ്രീംകോടതിയുടെ വിധിയും തമഴ്നാടിന് അനുകൂലമായിരിക്കുമെന്ന് പറഞ്ഞു. അപ്പോൾ ജസ്റ്റിസ് കെ. റ്റി. തോമസിന്റെ ആത്മാർത്ഥത നമുക്ക് നൂറുശതമാനവും അംഗീകരിക്കാൻ കഴിയുമോ? എങ്ങനെയാണ് ശ്രീ. പി. ചിദംബരത്തിന് ആ വിവരം കിട്ടിയത്? ആ നിലയിലേയ്ക്ക് നമ്മുടെ അടിയൊഴുക്കുകൾ മാറി. തമിഴ്നാടിൽ മുല്ലപ്പെരിയാർ ബഡ്ജറ്റിൽ ഒരു

പ്രധാന ഹെഡ് ആണ്. കോടികണക്കിന് രൂപയാണ് ഈ ഹെഡിൽ വകയിരുത്തുന്നത്. കേരളത്തിൽ തുക നീക്കിവയ്ക്കുകയോ ഒരു ഓഫീസുപോലും പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. അവിടെ ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന കോടി കണക്കിന് രൂപ എവിടേയ്ക്ക് പോകുന്നു; എന്നതിനെപ്പറ്റിയെങ്കിലും നമ്മൾ ആലോചിക്കണ്ടേ? ആരൊക്കെ മറുകണ്ടം ചാടുന്നു? അത്തരത്തിലേയ്ക്കുള്ള ഒരു പ്രധാന പ്രശ്നമായിതന്നെ ഇത് മാറി. തമിഴ്നാടിൽ പല ആളുകൾക്കും വൻകിട എസ്റ്റേറ്റുണ്ടെന്നുള്ള പ്രചരണം നേരത്തെയുണ്ടായിരുന്നു. വസ്തുതാപരമാണോയെന്ന് അറിയില്ല, എങ്കിൽപ്പോലും വളരെ ഗൗരവമായി പരിഗണിക്കേണ്ടത് തമിഴ്നാടിന്റെ ബഡ്ജറ്റ് അടക്കമുള്ള കാര്യങ്ങളെയാണ്. ഇപ്പോൾ സുപ്രീംകോടതിയുടെ വിധിയെ ഞാൻ ആക്ഷേപിക്കുന്നില്ലെങ്കിൽപ്പോലും സുപ്രീംകോടതി വിധിയുമായി ബന്ധപ്പെട്ടും ചില ചർച്ചകൾ പല കോണുകളിലും നടക്കുന്നുണ്ടെന്ന് ഒന്ന് സൂചിപ്പിക്കാൻകൂടി ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. ഞാൻ അതിനെ വിമർശിക്കുന്നൊന്നുമില്ല. പക്ഷെ ഇത്തരത്തിലുള്ള നടപടികൾ വളരെ ഗൗരവമായി കാണണമെന്നാണ് സൂചിപ്പിക്കാനുള്ളത്. മറ്റൊന്നുള്ളത് ഇന്റർ സറ്റേറ്റ് നദിയെന്ന വാദമാണല്ലോ ഇവിടെ വന്നിരിക്കുന്നത്. അതിനെ ഖണ്ഡിക്കാൻ നമുക്കെന്തുകൊണ്ട് കഴിഞ്ഞില്ല; അത് കഴിയണ്ടേ? അന്തർസംസ്ഥാന നദിതർക്കത്തിനകത്ത് രണ്ട് വിധികളുണ്ട്. ഒന്ന് കർണ്ണാടക-കാവേരി നദിയുമായി ബന്ധപ്പെട്ട് കർണ്ണാടക ഗവൺമെന്റ് നടത്തിയ നിയമനിർമ്മാണം സുപ്രീംകോടതി റദ്ദാക്കി. യമുനാ-സത്‌ലജ് നദികളെ സംബന്ധിച്ച് പഞ്ചാബ് ഗവൺമെന്റ് ഉണ്ടാക്കിയ നിയമത്തിനെതിരായി ഇപ്പോൾ സുപ്രീംകോടതി അഭിപ്രായങ്ങൾ പറഞ്ഞിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ അത്

പരിഗണിക്കാൻ പോകുകയാണ്. സ്വാഭാവികമായും പഞ്ചാബിന്റെ നിയമ നിർമ്മാണത്തിനും ഇതേ ഗതിയുണ്ടാകും. 2006–ലെ നിയമനിർമ്മാണവും ഇന്റർസ്റ്റേറ്റിന്റെ അടിസ്ഥാനത്തിൽ നമുക്ക് സംഭവിച്ചതും ഏതാണ്ട് ഇതേ അടിസ്ഥാനത്തിലാണ്. അവിടെ ഇന്റർസ്റ്റേറ്റ് എന്നുള്ള വാദത്തെ നമ്മൾ നിരാകരിക്കണമായിരുന്നു. തെളിയിക്കണമായിരുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഇത് ഇന്റർസ്റ്റേറ്റ് നദിയാണെന്ന് കേരള സർക്കാർതന്നെ പറഞ്ഞതാണ്, അതിന് സുപ്രീംകോടതിയെ പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. രാജു എബ്രഹാം: സർ, അതെ. ഇത് വളരെ ഗൗരവമേറിയ പ്രശ്നമാണ്. അതെല്ലാംകൂടി പരിഗണിക്കണം. ഒന്ന്, കേരളത്തിനുവേണ്ടി ഗവൺമെന്റ് ആത്മാർത്ഥമായ നിലപാട് സ്വീകരിക്കുമോ? ഇത്തരം വിഷയങ്ങളിൽ കേരളത്തിനുവേണ്ടി, കേരളത്തിന്റെ താൽപ്പര്യങ്ങൾക്കു വേണ്ടി, കേരളത്തിലെ ജനങ്ങൾക്കും സ്വത്തിനുംവേണ്ടി കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ ഗവൺമെന്റ് ആത്മാർത്ഥമായി തയ്യാറാകുമോ എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ട് ഇനിയുള്ള പുനഃപരിശോധന ഹർജി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഈ നിലയിലുള്ള നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോയില്ലെങ്കിൽ സ്വാഭാവികമായും കേരളത്തിൽ വലിയ ജനരോക്ഷമുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഇതിനെ അനുകൂലിക്കുകയാണ്.

ശ്രീ. ബെന്നി ബെഹനാൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ഈ വിഷയം പലവട്ടം സഭ ചർച്ച ചെയ്തതാണ്. ഒരിക്കൽകൂടി ഈ സഭയിൽ ഈ വിഷയം നിയമസഭാ സമ്മേളനത്തിന്റെ ആദ്യ ദിവസംതന്നെ ചർച്ചയ്ക്കെടുക്കാനിടയായ സാഹചര്യത്തെക്കുറിച്ച് പരസ്പരമുള്ള ആരോപണങ്ങളും ആക്ഷേപങ്ങളും മാറ്റിവച്ച് ചിന്തിക്കാനുള്ള സന്മനസ്സ് കാണിക്കണമെന്ന് അപേക്ഷിക്കുകയാണ്. ആരെയെങ്കിലും കുറ്റപ്പെടുത്തി സുപ്രീംകോടതി വിധി നമുക്ക് അനുകൂലമായി വാങ്ങിയില്ലായെന്നു പറയുന്നതിനേക്കാൾ നല്ലത് സുപ്രീംകോടതി വിധി മറികടക്കാൻ നിയമസഭ ഒറ്റക്കെട്ടായി നിന്നാൽ സാധിക്കുമോ, അതിനുള്ള സാധ്യത ആരായാൻ കഴിയുമോ; ഏകപക്ഷീയമായ ഒരു വിധിയുടെ ഇരകളെ വീണ്ടും ശിക്ഷിക്കുന്നതാണ് സുപ്രീംകോടതി വിധി എന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് കഴിഞ്ഞ കാലഘട്ടങ്ങളിൽ ചരിത്രപരമായ ധാരാളം അബദ്ധങ്ങൾ കേരളത്തിന് പറ്റിയിട്ടുണ്ട് എന്ന വസ്തുത ഞാൻ നിഷേധിക്കുന്നില്ല. 1886 –ൽ അന്നത്തെ രാജാവും ബ്രിട്ടീഷ് ഗവൺമെന്റും നദികളുൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ തലമുറകൾക്കുവേണ്ടി സംരക്ഷിച്ചു പരിപാലിക്കേണ്ട സൂക്ഷിപ്പുകാരാണ് ഭരണകൂടങ്ങൾ എന്ന കാഴ്ചപ്പാടിന് വ്യത്യസ്തമായിട്ടാണ് കരാറുവച്ചത്. അണക്കെട്ടിന് താഴെയുള്ള പുഴയെ പൂർണ്ണമായും ഇല്ലാതാക്കിക്കൊണ്ട് കരാറുണ്ടാക്കാൻ സർക്കാരിന് അധികാരമുണ്ടോ എന്ന കാര്യം അന്ന് ആലോചിക്കേണ്ടതായിരുന്നു. പാരിസ്ഥിതിക നീരൊഴുക്കെന്ന പുഴയുടെ ഏറ്റവും ചുരുങ്ങിയ അവകാശങ്ങൾപോലും നിഷേധിച്ചുകൊണ്ട് 1886–ൽ

വേറൊരു രാജ്യമായിരുന്ന കൊച്ചിക്ക് ലഭിക്കേണ്ട വെള്ളം കൊടുക്കാതെ തിരുവിതാംകൂർ രാജാവും ബ്രിട്ടീഷ് ഗവണ്മെന്റും തമ്മിൽ ഒരു കരാറുണ്ടാക്കി. ആ കരാർ പുനഃപരിശോധിക്കാൻ നമുക്ക് അവസരം കിട്ടിയത് 1957-ലാണ്. എന്നാൽ നമുക്കതിന് സാധിച്ചില്ല. 1970-ൽ കരാറിനെക്കുറിച്ച് ചില പുനഃപരിശോധന നടത്തി. അച്ച്യുതമേനോനെപ്പോലെ വളരെ പ്രഗത്ഭനായ, രാജ്യത്തോട് താല്പര്യമുള്ള ഒരു മുഖ്യമന്ത്രി ഭരിച്ച കാലഘട്ടത്തിലും ആ കരാർ പുതുക്കിയപ്പോഴും ഇന്ന് നമ്മൾ മാറിനിന്ന് ആലോചിക്കുമ്പോൾ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടാൻ കഴിയാതെപോയി എന്ന പരമാർത്ഥം നമുക്ക് അംഗീകരിക്കേണ്ടിവരും. അതുകൊണ്ട് അന്നത്തെ ഗവണ്മെന്റിനെയോ അന്നത്തെ മുഖ്യമന്ത്രിയെയോ ആക്ഷേപിക്കാൻ ഞാൻ തയ്യാറല്ല. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ടുകൊണ്ട് വിവാദങ്ങളുണ്ടായതും..... 1920 മുതൽ അണക്കെട്ടിന്റെ ബലത്തെക്കുറിച്ചും അണക്കെട്ടിന്റെ ചോർച്ചയെക്കുറിച്ചും ചർച്ച വന്നു. 1998-ൽ ഇതു സംബന്ധിച്ച് നിയമ പോരാട്ടം നടന്നു. 2001-ൽ സുപ്രീംകോടതി നിയോഗിച്ച വിദഗ്ദ്ധ സമിതി അണക്കെട്ട് സുരക്ഷിതമാണെന്ന് വിലയിരുത്തി. അന്ന് കേരളത്തിന്റെ പ്രതിനിധിയായ ശ്രീ. എം.കെ. പരമേശ്വരൻ അതിനോട് വിയോജിപ്പ് രേഖപ്പെടുത്തി. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജലനിരപ്പ് 136 അടിയിൽ നിന്നും 142 ആക്കി ഉയർത്തണമെന്നും കൂടുതൽ ബലപ്പെടുത്തലിനുശേഷം 152 അടിയാക്കി ഉയർത്തണമെന്നും സുപ്രീംകോടതി പറഞ്ഞ സാഹചര്യത്തിലാണ് നമ്മൾ നിയമസഭ വിളിച്ചുകൂട്ടി ഒരു തീരുമാനമെടുത്തത്. ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി ഊന്നൽ നല്കിയിരിക്കുന്നത് അഞ്ച് കാര്യങ്ങളിലാണ്. ഒന്ന്, നിയമസഭ

കൊണ്ടുവന്ന നിയമനിർമ്മാണ ഭേദഗതി നിലനിൽക്കുന്നതാണോ; രണ്ട്, പെരിയാർ അന്തർ സംസ്ഥാന നദിയാണോ; മൂന്ന്, അണക്കെട്ട് സുരക്ഷിതമാണോ; നാല്, പുതിയ അണക്കെട്ട് – പുതിയ ടണൽ എന്ന നിർദ്ദേശം; അഞ്ച്, ജലനിരപ്പ് താഴ്ത്തിയതിൽ തമിഴ്നാടിന് നഷ്ടമുണ്ടായിട്ടുണ്ടോ? തമിഴ്നാടിന് വെള്ളം കൊടുക്കാനാണ് മുല്ലപ്പരിയാർ ഡാം ഉണ്ടായത്. കേരളം എല്ലാ കാലഘട്ടത്തിൽ എടുത്തുപോന്നതും ഇപ്പോൾ ആവർത്തിക്കുന്നതും അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾക്ക് പരാതിയില്ലാത്തതുമായ ഒരു കാര്യമുണ്ട്. തമിഴ്നാടിന് വെള്ളം, കേരളത്തിന് സുരക്ഷ– ഇതിൽ സുപ്രീംകോടതി പരിഗണിച്ചത് തമിഴ്നാടിന് വെള്ളം എന്ന ആവശ്യമാണ്. നമ്മുടെ സുരക്ഷയെക്കുറിച്ച് സുപ്രീംകോടതി പരിഗണിച്ചില്ല. അതാണ് നമ്മുടെ പരാതി, നമ്മുടെ ആവശ്യം. അത് സുപ്രീംകോടതിയെ ബോധ്യപ്പെടുത്താൻ നമുക്ക് കഴിഞ്ഞോ. അതിനെക്കുറിച്ചൊക്കെ വിവാദങ്ങളുണ്ടാകാം. പക്ഷെ സുപ്രീംകോടതി വിധിയുണ്ടായി. ഈ വിധിയിൽ ഏറ്റവും പ്രബലമായിട്ടുള്ളത് തമിഴ്നാടിന് വെള്ളം കിട്ടണം എന്നതാണ്. ജലനിരപ്പ് 152 അടി ആയിരുന്നപ്പോൾ തമിഴ്നാടിന് ലഭിച്ചതിനേക്കാൾ കൂടുതൽ വെള്ളം 136 അടിയായി ജലനിരപ്പ് താഴ്ത്തിയപ്പോഴും തമിഴ്നാടിന് ലഭിക്കുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ ജലനിരപ്പ് 152 അയിരുന്നപ്പോൾ ഒരുലക്ഷത്തി എഴുപതിനായിരം ഏക്കർ സ്ഥലത്ത് വെള്ളം ഉപയോഗിച്ചു. ഇന്ന് അത് രണ്ടുലക്ഷത്തി മുപ്പത്തിയൊന്നായിരം ഏക്കറായി മാറ്റിയിരിക്കുന്നു. അതിനു ശേഷം 140 മെഗാ വാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ 1970–ലെ കരാർ മുഖേന തമിഴ്നാടിന് അനുവാദം ലഭിച്ചു. 1979–നു മുമ്പ് ശരാശരി 19.277 റ്റി.എം.സി.

ഫീറ്റ് വെള്ളമാണ് കൊണ്ടുപോയിരുന്നതെങ്കിൽ 1976-നു ശേഷം ജലനിരപ്പ് താഴ്ത്തിയതിനുശേഷം 21.434 റ്റി.എം.സി. ഫീറ്റ് വെള്ളം തമിഴ്നാട് ഉപയോഗിക്കുന്നുണ്ട്. സുപ്രീംകോടതി ഇത് പരിഗണിച്ചില്ല. അതിൽ നമുക്ക് പരാതിയുണ്ട്. അതെങ്ങനെ സുപ്രീംകോടതിയെ ബോധ്യപ്പെടുത്താൻ നമുക്ക് കഴിയും എന്നാണ് നമ്മൾ ആലോചിക്കേണ്ടത്. കേരള നിയമസഭ ഒരു നിയമം പാസ്സാക്കി. കേരള നിയമസഭയ്ക്ക് അത്തരത്തിൽ ഒരു നിയമം പാസ്സാക്കാൻ സാധിക്കുമോ എന്ന് സുപ്രീംകോടതി ചോദിച്ചു. എത് സാഹചര്യത്തിലാണ് കേരള നിയമസഭ ആ നിയമം പാസ്സാക്കിയത്; ഒരു അണക്കെട്ട് പൊട്ടാൻപോകുന്നു എന്ന ഭീതിയിൽ, അണക്കെട്ട് സുരക്ഷിതമല്ലായെന്ന് നമ്മൾ നടത്തിയ പഠനത്തിലൂടെ മനസ്സിലാക്കിയപ്പോൾ സ്വാഭാവികമായും ഒരു ജനതയുടെ ഭീതി അകറ്റുകയെന്ന ഭരണകൂടത്തിന്റെ ഉത്തരവാദിത്തം നിറവേറ്റുന്നതിനുവേണ്ടി നമ്മൾ നിയമസഭ വിളിച്ചുകൂട്ടി ഒരു നിയമം കൊണ്ടുവന്നു. അതിനെ സുപ്രീംകോടതി ചോദ്യം ചെയ്തു. സുപ്രീംകോടതി ചോദ്യം ചെയ്തതിനെക്കുറിച്ച് ഞാൻ പരാതി പറയുന്നില്ല. പക്ഷെ സുപ്രീംകോടതി ഇപ്പോൾ ജലനിരപ്പ് 136 അടിയിൽ നിന്നും 142-ഉം പിന്നീട് അത് 152-ഉം ആയി ഉയർത്തണമെന്ന് പറയുമ്പോൾ ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ നമുക്ക് ഇനിയും സുപ്രീംകോടതിയുടെ മുന്നിൽ പറയാൻ അല്ലെങ്കിൽ വേണ്ട രീതിയിൽ അഭിപ്രായ രൂപീകരണം ഉണ്ടാക്കാൻ കഴിയും. കാരണം കേരള നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിന്റെ സാധുതയെ സുപ്രീംകോടതി ചോദ്യം ചെയ്തു. പക്ഷെ 1972 -ൽ പാർലമെന്റ് പാസ്സാക്കിയ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട്, 1976 -ലെ ഫോറസ്റ്റ് ആക്ട് എന്നിവ സുപ്രീംകോടതി പരിഗണിക്കേണ്ടതായി

രുന്നു. ഈ ആധുനിക ലോകത്ത് ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്കാണ്. സുപ്രീംകോടതി വിധിയനുസരിച്ച് ജലനിരപ്പ് 142-ഉം പിന്നീട് 152 അടിയും ആക്കി ഉയർത്തുമ്പോൾ ലോകത്തിലെതന്നെ എറ്റവും വലിയ കടുവാ സങ്കേതമായ മുല്ലപ്പെരിയാർ പ്രദേശത്തെ കടുവാ സങ്കേതം ഇല്ലാതായിപ്പോകും. അത് നമുക്ക് ഇനി സുപ്രീംകോടതിയെ ബോധ്യപ്പെടുത്താൻ കഴിയുമോ? ജലനിരപ്പ് 146 അടിയിൽ നിന്നും 136 അടിയാക്കി താഴ്ത്തിയത് 35 വർഷങ്ങൾക്ക് മുമ്പാണ്. ആ 35 വർഷത്തിനുള്ളിൽ ജലനിരപ്പ് താഴ്ത്തിയ പ്പോൾ അവിടെ കരയായിട്ടുവന്ന ഭൂമിയിൽ ധാരാളം മരങ്ങൾ നട്ടു. അവിടെയിന്ന് നിബിഡമായ വനമാണ്. 35 വർഷം പഴക്കമുള്ള തേക്കുകളും മറ്റ് മരങ്ങളും ഈ കരയായിവന്ന ഭൂമിയിലുണ്ട്. ഇപ്പോൾ ജലനിരപ്പ് ഉയർത്തിയാൽ ഈ ഫോറസ്റ്റ് നഷ്ടപ്പെടും. ഇത് പാരിസ്ഥിതിക പ്രശ്നമായി ഫോറസ്റ്റ് പ്രൊട്ടക്ഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിക്ക് കാണാൻ കഴിഞ്ഞില്ലായെന്നത് നമുക്ക് ബോധ്യപ്പെടുത്താൻ കഴിയുമോ. ഇവിടെ ഡാമിന്റെ സുരക്ഷയെക്കുറിച്ച് പറഞ്ഞു. ഞാൻ സുപ്രീംകോടതിയെ വിമർശിക്കുന്നതല്ല. ജസ്റ്റിസ് കെ. റ്റി. തോമസിനെ നമ്മൾ നമ്മുടെ എക്സ്പെർട്ട് കമ്മിറ്റിയിൽ വച്ചു. പക്ഷെ നമ്മൾ പ്രതീക്ഷിച്ചതുപോലെ പ്രവർത്തിക്കാൻ ജസ്റ്റിസ് കെ.ടി.തോമസിന് കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ തീരുമാനം ഏകപക്ഷീയമായിപ്പോയി. അതിൽ ജസ്റ്റിസുമാരായ ആനന്ദും കെ. റ്റി. തോമസും വാട്ടർ കമ്മീഷന്റെ പ്രതിനിധിയായിട്ടുള്ള ഡോ. ചന്ദ്രകാന്ത് ഡി. തട്ടെയും ഈ എക്സ്പെർട്ട് കമ്മിറ്റിയിലെ അംഗങ്ങളായിരുന്നു. അന്ന് ഡോ. ചന്ദ്രകാന്ത് ഡി. തട്ടെയെന്നുപറയുന്ന ഒരു

മെമ്പറെ ആ കമ്മിറ്റിയിൽ നിയോഗിച്ചപ്പോൾ അതിനെ എതിർക്കാൻ നമുക്ക് കഴിഞ്ഞില്ല. അത് ആരുടെയും കുറ്റംകൊണ്ടാണെന്നു ഞാൻ പറയില്ല. സദുദ്ദേശ്യത്തോടുകൂടി അന്ന് ജസ്റ്റിസ് കെ.ടി. തോമസിനെ വച്ചു. ഈ ഡാമിന്റെ സുരക്ഷയെക്കുറിച്ച് കേരളാ ഗവണ്മെന്റ് നടത്തിയ പഠന റിപ്പോർട്ട് അംഗീകരിക്കാൻ ജസ്റ്റിസ് കെ.ടി. തോമസ് തയ്യാറായില്ല എന്നൊരു ബുദ്ധിമുട്ട് നമുക്കുണ്ടായി. സ്ട്രക്ച്ചറലി, ജിയോഗ്രാഫിക്കലി, സ്പെസി ഫിക്കലി ആയി നമ്മൾ ഒരു പഠനം നടത്തി. സ്ട്രക്ച്ചറലി പഠനം നടത്തി യത് ഐ.ഐ.ടി. ഡൽഹിയാണ്. ആ റിപ്പോർട്ടിൽ ഈ ഡാം സുരക്ഷിതമാ ണെന്ന് പറയുന്നില്ല. ഹൈഡ്രോളജിക്കൽ ആസ്പെക്ട് അനുസരിച്ച് റൂർക്കി നടത്തിയ പഠന റിപ്പോർട്ടിൽ ഈ ഡാമിന്റെ സുരക്ഷയെക്കുറിച്ച് സംശയമുണ്ടെന്നു പറഞ്ഞു. സ്പെസിഫിക്കലി നടത്തിയ പഠനത്തിൽ ഭൂകമ്പം ഉൾപ്പെടെയുള്ള സോണിലാണ് ഈ ഡാം നിലനില്ക്കുന്നതെന്ന് ചൂണ്ടിക്കാണിച്ചു. കേരളം നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്തിയ വാദങ്ങളൊന്നും സുപ്രീംകോടതി കണക്കിലെടുത്തില്ല. സ്വാഭാവികമായും നീതി നിഷേധമാണ് നടന്നത്. ഡാം സുരക്ഷിതമാ ണെന്നും അല്ലെന്നുമുള്ള രണ്ട് അഭിപ്രായങ്ങളുണ്ടാകുമ്പോൾ 40 ലക്ഷം ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നത്തിനെ കുറച്ചുകൂടി ഗൗരവമായി കണ്ട് മൂന്നാമതൊരു അഭിപ്രായ രൂപീകരണം നടത്തുന്നതിൽ സുപ്രീംകോടതിക്ക് വീഴ്ചയുണ്ടായത് നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും

40 ലക്ഷം ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നത്തെ കുറച്ചുകൂടി ഗൗരവ മായി കണ്ട് മൂന്നാമതൊരു അഭിപ്രായ രൂപീകരണം നടത്തുന്നതിൽ ബഹുമാ നപ്പെട്ട സുപ്രീംകോടതിക്ക് വീഴ്ചയുണ്ടായി. നമുക്ക് ഇനി അതെങ്ങനെ ചൂണ്ടിക്കാണിക്കാൻ കഴിയും. നമ്മുടെ രാജ്യത്ത് കോടതിയുണ്ട്. കോടതി

വിധി വന്നു, നമ്മൾ അത് അംഗീകരിക്കില്ലെന്നു പറഞ്ഞിട്ട് കാര്യമില്ല. അവിടെയാണ് നമ്മൾ ബുദ്ധി ഉപയോഗിക്കേണ്ടത്. അന്തർസംസ്ഥാന നദിയാണോ ഇത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു, പണ്ട് ഉണ്ടായിരുന്ന ഏതോ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് അന്തർസംസ്ഥാന നദിയാണെന്ന്. പണ്ട് ഉണ്ടായ റിപ്പോർട്ടല്ല. 1958–ൽ ഉണ്ടായ പി.ഡബ്ല്യു.ഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അന്തർസംസ്ഥാന നദിയായത്. അന്നത്തെ ഭരണകൂടത്തെ കുറ്റപ്പെടുത്തി മുല്ലപ്പെരിയാർ ഡാമിന്റെ ഉത്തരവാദികൾ നിങ്ങളാണെന്ന് പറയുവാനുള്ള മൗഢ്യം ഞങ്ങൾ കാണിക്കുന്നില്ല. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് ചരിത്രപരമായി ഉണ്ടായ മണ്ടത്തരങ്ങൾ– തിരുവിതാംകൂർ രാജാവും, ബ്രിട്ടീഷ് ഗവൺമെന്റും തമ്മിലുണ്ടാക്കിയ കരാർ 1957 ന് ശേഷം പുന:പരിശോധിക്കാമായിരുന്നു, ആ അവസരം നമ്മൾ നഷ്ടപ്പെടുത്തി. 1970ൽ നമ്മൾ പുന:പരിശോധിച്ചു. നമ്മുടെ സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ പിന്നീട് ദീർഘവീക്ഷണത്തോടെ കണ്ട് അത് സംരക്ഷിക്കാൻ കഴിഞ്ഞില്ല. നമ്മൾ ഒരു എക്സ്പെർട്ട് കമ്മിറ്റിയുണ്ടാക്കി. ആ എക്സ്പെർട്ട് കമ്മിറ്റിയിൽ നമ്മൾ അംഗങ്ങളെ തീരുമാനിച്ചു. ആ അംഗങ്ങൾ കേരളത്തിന്റെ താത്പര്യങ്ങൾ സംരക്ഷിച്ചില്ല. ഇതൊന്നും മന:പൂർവ്വമല്ല. നമുക്ക് പറ്റിയ മണ്ടത്തരമാണ്. അത്തരം മണ്ടത്തരങ്ങളിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കണം. റിവ്യൂ പെറ്റീഷന് ചില പരിമിതികളുണ്ട്. റിവ്യൂ പെറ്റീഷൻ എന്ന് പറയുന്നത് error apparent on the face of judgment ആണ്. അത് ചേമ്പറിൽ പോയി വാദിക്കാനേ കഴിയൂ. അതുകൊണ്ട് റിവ്യൂ പെറ്റീഷൻ കൊണ്ട് പരിഹാരമുണ്ടാക്കാൻ കഴിയില്ല. എന്റെ അഭിപ്രായത്തിൽ റിവ്യൂ പെറ്റീഷനുശേഷം ഒരു ക്യൂറേറ്റീവ് പെറ്റീഷനും കൊടുക്കണം. ക്യൂറേറ്റീവ്

പെറ്റീഷനാണ് ഓപ്പൺ കോർട്ടിൽ വാദിക്കാനുള്ള അവസരം നമുക്കുണ്ടാക്കുന്നത്. ക്യൂറേറ്റീവ് പെറ്റീഷൻ ഫ്രെഷ് ബുക്കാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ അങ്ങനെയൊരു വാദഗതി നടക്കുമ്പോൾ കേരളത്തിൽ മാത്രമല്ല ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും ജനാധിപത്യ മാർഗ്ഗത്തിൽ നമുക്ക് അനുകൂലമായ അഭിപ്രായ പ്രകടനത്തിന്റെ സ്വാധീനമുണ്ടാക്കാൻ നമ്മൾ ശ്രമിക്കണം. ബഹുജനാഭിപ്രായമുണ്ടായാൽ ഏത് ഭരണാധികാരികളുടെയും ഏത് കോടതിയുടെയും ഏത് ഏകാധിപതിയുടെയും തീരുമാനത്തെ മാറ്റാൻ കഴിയും. ആ ബഹുജനാഭിപ്രായം കേരളത്തിന് വേണ്ടി സ്വരൂപിക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടു. ഇടുക്കിയിൽ ബന്ദ് നടത്തിയതുകൊണ്ടു മാത്രം മുല്ലപ്പെരിയാർ വിഷയത്തിൽ സ്വാധീനമുണ്ടാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നില്ല. നമുക്ക് ദേശീയവും അന്തർദ്ദേശീയവുമായ തലത്തിലും യു.എൻ പോലുള്ള അന്താരാഷ്ട്ര സംഘടനാ തലത്തിൽ പോലും ഈ വിഷയം ഉന്നയിക്കാനും അവിടെ ഒരു അഭിപ്രായ രൂപീകരണം നടത്തി ഒരു പൊതു അഭിപ്രായമുണ്ടാക്കുകയും വേണം. കേരളത്തിലെ 40 ലക്ഷം ആളുകളെയും 5 ജില്ലകളെയും ബാധിക്കുന്ന ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിക്ക് തീരുമാനിക്കാൻ അധികാരമുണ്ടെങ്കിലും സുപ്രീം കോടതി വിധി പുന:പരിശോധിക്കണമെന്ന ബഹുജനാഭിപ്രായ രൂപീകരണം നടത്താനുള്ള അവസരം കേരളം കളഞ്ഞുകുളിക്കരുത്. രാഷ്ട്രീയത്തിനതീതമായി ഈ സഭ എല്ലാക്കാലത്തും മുല്ലപ്പെരിയാർ പ്രശ്നത്തിൽ എടുക്കുന്നത് യോജിച്ച നിലപാടാണ്. പരസ്പരം പഴിചാരാതെ പരസ്പരം കുറ്റപ്പെടുത്താതെ........... നിയമസഭ, സുപ്രീം കോടതിയേയോ ജസ്റ്റീസ് കെ.റ്റി. തോമസിനെയോ വിമർശിച്ചതുകൊണ്ട് തെറ്റില്ല. അതുകൊണ്ട് മാത്രം പ്രശ്ന

പരിഹാരമുണ്ടാവുകയില്ല. പ്രശ്ന പരിഹാരത്തിന് വേണ്ടിയുള്ള ഒരു സംയുക്ത നീക്കം ഈ സഭയുടെ ഭാഗത്തു നിന്നുണ്ടാകണം. നമുക്ക് രാഷ്ട്രീയ പ്രബുദ്ധതയുണ്ട്. കേരളത്തിന്റെ രാഷ്ട്രീയ പ്രബുദ്ധത വളരെ വലുതാണ്. ആ രാഷ്ട്രീയ പ്രബുദ്ധത ഇക്കാര്യത്തിനുവേണ്ടി ഉപയോഗിക്കാൻ തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പൂർണ്ണമായി പിന്താങ്ങുകയാണ്. ഇവിടെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള പ്രമുഖരായ നേതാക്കൻമാർ ഈ വിഷയത്തെ സംബന്ധിച്ച് ഒരേ കാഴ്ച്ചപ്പാടാണ് സ്വീകരിച്ചിട്ടുള്ളത്. സുപ്രീംകോടതി വിധി ഏകപക്ഷീയമാണ്. കേരളം ഉന്നയിച്ചുവരുന്ന എല്ലാ വാദഗതികളുടെയും പഴുതടച്ചുകൊണ്ടുള്ള ഒരു വിധിയാണ് സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് പുറപ്പെടുവിച്ചിട്ടുള്ളത്. ഇങ്ങനെയൊരു വിധി എന്തുകൊണ്ടു വന്നു എന്നാണ് നാം ഇനി പരിശോധിക്കേണ്ടത്. നമ്മൾ ഉന്നയിച്ച കാര്യം കേരളത്തിന്റെ സുരക്ഷ, തമിഴ്നാടിന് വെള്ളം എന്നതാണ്. ഇത് കേരളം അംഗീകരിച്ച കാര്യമാണ്. തമിഴ്നാടിന് വെള്ളം കൊടുക്കണമെന്ന് മുൻകാല ഭരണകൂടങ്ങൾ എടുത്തിട്ടുള്ള തീരുമാനം റദ്ദാക്കേണ്ടതില്ലെന്ന മനോഭാവമാണ് നമ്മൾ സ്വീകരിക്കുന്നത്. അയൽ സംസ്ഥാനത്തെ നമ്മുടെ സഹോദരങ്ങൾ, അവരുടെ കാര്യത്തിലും ഒരു ശരിയായ നിലപാടെടുത്തുകൊണ്ടാണ് കേരളം എല്ലാ കാലത്തും പ്രവർത്തിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ തമിഴ്നാടിന് വെള്ളം കൊടുക്കുന്ന കാര്യത്തിൽ എതിരായ ഒരു നിലപാട് ഒരിക്കലും കേരളം എടുത്തിരുന്നില്ല. എന്നാൽ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷാ പ്രശ്നമാണ് നമ്മെ അങ്ങേയറ്റം

ഉത്കണ്ഠപ്പെടുത്തുന്ന ഒരു വിഷയമായിരിക്കുന്നത്. അണക്കെട്ട് സുരക്ഷിത മല്ല എന്ന കാര്യം ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച ഉന്നതാധി കാര കമ്മിറ്റിയെ ബോധ്യപ്പെടുത്തുന്നതിൽ നമ്മൾ പരാജയപ്പെട്ടിരിക്കുക യാണ്. നമുക്ക് പറ്റിയ പ്രധാനപ്പെട്ട ഒരു വീഴ്ചയാണത്. നമ്മുടെ പ്രതിനിധി യായ ജസ്റ്റീസ് കെ. റ്റി. തോമസിനെപ്പോലും ഇക്കാര്യങ്ങൾ ബോധ്യപ്പെടു ത്താൻ നമുക്ക് സാധിച്ചില്ല. കേരളത്തിന്റെ നിഷേധാത്മകമായ നിലപാടാണ് 2006 ൽ ഇങ്ങനെയൊരു നിയമമുണ്ടാക്കാൻ തയ്യാറായതെന്ന നിലയിലാണ് സുപ്രീം കോടതി എത്തിച്ചേർന്നത്. 2006 ൽ കേരളം പാസ്സാക്കിയിട്ടുള്ള നിയമം സുപ്രീം കോടതി റദ്ദാക്കി. ഈ സന്ദർഭത്തിൽ മറ്റൊരുകാര്യം ആലോചിക്കേണ്ടത് സമാന രൂപത്തിൽ ഒരു നിയമം പഞ്ചാബ് നിയമസഭ ഉണ്ടാക്കി. 2004, ജൂൺ 4–ലെ സുപ്രീം കോടതിയുടെ വിധി മറികടക്കുന്നതിനു വേണ്ടി പഞ്ചാബ് നിയമസഭ പാസ്സാക്കിയ നിയമം, ഹരിയാനയ്ക്ക് വെള്ളം നൽകാൻ പഞ്ചാബിലെ സത്ലജ്–യമുനാ കനാൽ നിർമ്മിക്കണമെന്ന വിധി യാണ് നിയമം വഴി മാറ്റി വയ്ക്കാൻ 2004 ജൂലായ് 12–ന് പഞ്ചാബ് നിയമസഭ ഒരു ബിൽ പാസ്സാക്കിയത്. Punjab Termination of Agreement Bill –എന്ന ബില്ലാണ് പഞ്ചാബ് നിയമസഭ പാസ്സാക്കി.യത്. അതിന്റെ അടിസ്ഥാനത്തിൽ 1981–ലെ കരാർ പഞ്ചാബ് നിയമസഭ റദ്ദാക്കി. പഞ്ചാബിലൂടെ ഒഴുകുന്ന രവി, ബിയാസ് നദികളിൽ നിന്ന് ഹരിയാനക്ക് വെള്ളം നൽകണമെന്ന 1981–ലെ കരാർ ആണ് റദ്ദാക്കിയത്. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ സാന്നിദ്ധ്യത്തിൽ പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ എന്നീ സംസ്ഥാ നങ്ങളിലെ മുഖ്യമന്ത്രിമാരാണ് 1981–ൽ കരാർ ഉണ്ടാക്കിയത്. ആ മൂന്ന് സംസ്ഥാനങ്ങളിലും അന്ന് കോൺഗ്രസ്സ് മുഖ്യമന്ത്രിമാരായിരുന്നു. ആ കരാർ

23 വർഷത്തിനുശേഷം പാലിക്കപ്പെട്ടില്ല എന്ന് കണ്ടെത്തിക്കൊണ്ടാണ് സുപ്രീം കോടതി ഇടപെട്ടത്. ഈ പ്രശ്നത്തിൽ പഞ്ചാബ് നിയമസഭ, അന്നത്തെ മുഖ്യമന്ത്രി ക്യാപ്റ്റൻ അമരേന്ദ്ര സിംഗ് സർക്കാർ ഒരു പ്രമേയം അവതരിപ്പിച്ചു. അന്നത്തെ അവിടുത്തെ പ്രതിപക്ഷ നേതാവ് പ്രകാശ് സിംഗ് ബാദൽ ഇതിനെ പിന്താങ്ങി. പഞ്ചാബ് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ ആ ബിൽ നമ്മുടെ 2006 ലെ ആക്ടിന് സമാനമാണ്. ആ നിയമം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അത് സുപ്രീം കോടതി റദ്ദാക്കിയിട്ടില്ല. ഒരു സംസ്ഥാനത്തിന് നിയമനിർമ്മാണാധികാരം ഉണ്ട് എന്നുള്ളതിന്റെ തെളിവാണ് പഞ്ചാബ് നിയമസഭ പാസ്സാക്കിയ നിയമം ഇപ്പോഴും നിലനിൽക്കുന്നത്. കേരളം എടുത്ത നിലപാടിന് സുപ്രീം കോടതിയിൽ അംഗീകാരം വാങ്ങുന്നതിന് സാധിക്കാതെപ്പോയതെന്താണെന്നതിനെ സംബന്ധിച്ച് നാം സ്വയം പരിശോധന നടത്തേണ്ടതായിട്ടുണ്ട്.

ഈ ജലനിരപ്പ് 136 അടിയിൽ നിന്ന് 142 അടിയായി ഉയർത്തുമ്പോൾ വരാൻ പോകുന്ന പ്രശ്നം, കുറച്ചു കഴിയുമ്പോൾ ഇത് 155 ആകും. ബേബി ഡാമിന്റെ സംരക്ഷണം കൊടുത്തു കഴിഞ്ഞാൽ ജലനിരപ്പ് 155 അടി എന്ന നിലയിലേയ്ക്ക് എത്തും. ഇങ്ങനെ ഇത് ഉയർത്തിക്കഴിഞ്ഞാലുണ്ടാകുന്ന പ്രശ്നം വേണ്ടത്ര പരിശോധിച്ചുകൊണ്ടുള്ള വിധിയല്ല, സുപ്രീം കോടതിയുടെ ഭാഗത്ത് നിന്നുണ്ടായിരിക്കുന്നത്. 50 വർഷത്തേയ്ക്ക് കണക്കാക്കി തയ്യാറാക്കിയ ഒരു ഡാം ഇപ്പോൾ 119 വർഷമായി. 119 വർഷമായിരിക്കുന്ന ഈ ഡാം ഇനി എത്ര കാലം ഇങ്ങനെ നിർത്തും? 999 വർഷത്തേയ്ക്കുള്ള ഈ കരാർ നടപ്പാക്കാൻ ഈ ഡാം ഇതേപടി നിലനിർത്തിക്കൊണ്ടുപോകാൻ

സാധിക്കുമോ? ഈ പ്രശ്നമാണ് നമ്മൾ പരിശോധിച്ചുകൊണ്ടിരിക്കുന്നത്. ഈ ഡാം നിർമ്മിക്കുന്ന കാലത്ത് ഇതേ സാങ്കേതികവിദ്യ ഉപയോഗിച്ചു കൊണ്ട് ലോകത്ത് നിർമ്മിച്ചിട്ടുള്ള നാലു ഡാമുകളിൽ ബാക്കി മൂന്നു ഡാമുകളുടെയും സ്ഥാപിതശേഷി 50%-മാക്കി കുറച്ചു. ആ ഡാമുകൾ ഇപ്പോൾ നിലനിർത്തിയിരിക്കുന്നത് ഒരു ഹെറിറ്റേജ് വസ്തുവെന്ന നിലയിലാണ്, അതിനാലാണ് ആ ഡാമുകൾ ഡീ-കമ്മിഷൻ ചെയ്യാത്തത്. ഇവിടെ ജലനിരപ്പ് 136 അടി എന്നത് കുറയ്ക്കാൻ തയ്യാറാകുന്നില്ല എന്നുമാത്രമല്ല അത് ഉയർത്താനാണ് സുപ്രീം കോടതി അനുമതി കൊടുത്തിരിക്കുന്നത്. 120 അടിയായി കുറയ്ക്കണമെന്ന നിലപാട് നമ്മൾ നേരത്തെ എടുത്തതാണ് എന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞിരുന്നു. അത് അംഗീകരിച്ചില്ലെന്നു മാത്രമല്ല, ജലനിരപ്പ് ഉയർത്തുന്നതോടു കൂടി ഉണ്ടാകാൻ പോകുന്ന പ്രശ്നം ഇവിടെയെല്ലാവരും ചൂണ്ടിക്കാണിച്ചു. 588 ഹെക്ടർ സ്ഥലം വെള്ളത്തിനടിയിലാകും, അവിടെയുള്ള സസ്യജീവജാലങ്ങളുടെ നിലനിൽപ്പിനെ തന്നെ അത് ദോഷകരമായി ബാധിക്കും. പാരിസ്ഥിതിക പ്രത്യാഘാതമുണ്ടാക്കുന്ന ഒരു പ്രശ്നമാണ് അവിടെ സംഭവിക്കാൻ പോകുന്നത്. ഇത് നമ്മുടെ നിലവിലുള്ള നിയമങ്ങൾ - കേന്ദ്ര വനസംരക്ഷണ നിയമം, പെരിയാർ കടുവാ സങ്കേതമേഖലയിലെ സംരക്ഷണ നിയമം, 1972-ലെ വന്യജീവി സംരക്ഷണ നിയമം ഇതൊക്കെ കണക്കിലെടുത്താൽ എങ്ങനെ ഈ ഡാമിലെ ജലനിരപ്പ് ഉയർത്താനാകും? ഇതെല്ലാം സംഭവിക്കുന്നതോടുകൂടി അവിടത്തെ വന്യജീവി സംരക്ഷണം അസാധ്യമായി തീരും. പെരിയാറിലെ ജൈവ സമ്പത്ത് മുഴുവൻ നശിക്കും. പുറത്ത് വന്ന കണക്കു പ്രകാരം 323 ഇനം പക്ഷികൾ, 166 ഇനം പൂമ്പാറ്റകൾ, 45 ഇനം മത്സ്യങ്ങൾ, 66 ഇനം സസ്തനികൾ, 48 ഇനം ഉരഗങ്ങൾ ഇതൊക്കെ

അവിടെയുണ്ട്. സിംഹവാലൻ കുരങ്ങിന്റെ പ്രശ്നം പറഞ്ഞിട്ടാണ് സൈലന്റ് വാലി പദ്ധതി വേണ്ടെന്നു വച്ചത്. അപ്പോൾ അതിനെക്കാൾ വലിയ പാരിസ്ഥിതിക പ്രത്യാഘാതമുണ്ടാക്കുന്ന ഒരു കാര്യം, ഈ ജലനിരപ്പ് ഉയർത്തുന്നത് മൂലമുണ്ടാകുന്ന പ്രശ്നം എന്തുകൊണ്ട് വേണ്ടത്ര പരിഹരിച്ചില്ല. ബഹുമാനപ്പെട്ട സി.കെ. നാണു ചൂണ്ടിക്കാണിച്ചതുപോലെ അവിടെയുള്ള ആദിവാസി സമൂഹത്തിന്റെ നിലനിൽപ്പ് തന്നെയില്ലാതാകും. അവർ അവിടെ നിന്ന് എവിടേയ്ക്ക് പോകും? ആദിവാസി സങ്കേതങ്ങൾ മുഴുവൻ തകർക്കുന്ന വിധത്തിൽ ഒരു വിധി വന്നപ്പോൾ ഇതിന്റെ പ്രത്യേകതകൾ സംബന്ധിച്ച് പരിശോധിച്ച് നിലപാടെടുക്കുന്നതിനുവേണ്ടിയാണ് ഇത്തരം ഒരു ചർച്ച ഇവിടെ വേണമെന്ന് പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി നേരത്തെ സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടി. ആ സർവ്വകക്ഷി യോഗത്തിൽ വന്ന ഏറ്റവും പ്രധാനപ്പെട്ട ആവശ്യം, ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിനെ സമീപിക്കണമെന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ രണ്ടു സംസ്ഥാനങ്ങൾ സംബന്ധിച്ച് കൂടിയാലോചിച്ച് പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കണം. ഇതിന്റെ ഭാഗമായി ഈ അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റെ മുമ്പിൽ തന്നെ റിവ്യൂ ഹർജി കൊടുത്താൽ എന്ത് സംഭവിക്കും എന്നുള്ള ഉത്കണ്ഠ സർവ്വകക്ഷി യോഗത്തിൽ എല്ലാവരും പ്രകടിപ്പിച്ചു. അതുകൊണ്ട് വിപുലീകൃതമായിട്ടുള്ള ഒരു ഭരണഘടനാ ബെഞ്ച്, അതിന്റെ മുമ്പിൽ ഇത് പുനഃപരിശോധിക്കാൻ വേണ്ടി ആവശ്യപ്പെടണം. നിലവിലുള്ള ഈ അഞ്ചുപേർ തന്നെ പരിശോധിച്ചാൽ ഇതിൽ നിന്നും വ്യത്യസ്തമായ ഒരു വിധിയുണ്ടാകുമെന്ന് പ്രതീക്ഷിക്കാൻ സാധ്യമല്ല. വിപുലീകൃതമായ ഒരു ബെഞ്ചിനു മുമ്പിൽ ഇത് വരണമെങ്കിൽ രാഷ്ട്രപതിക്ക് മാത്രമേ അത് സാധ്യമാകുകയുള്ളൂ. രാഷ്ട്രപതിയുടെ

മുമ്പിൽ ഈ പ്രശ്നമെത്തിച്ച് രാഷ്ട്രപതി ഈ പ്രശ്നത്തിൽ ഭരണഘടനാനുസൃതമായി ഇടപെട്ട് ഒരു തീരുമാനമുണ്ടാക്കുകയാണ് ഇനി നമുക്ക് ചെയ്യാൻ സാധിക്കുന്നത്. സാങ്കേതികമായും യുക്തിസഹമായും നിയമപരമായുമെല്ലാം നമ്മൾ ഈ പ്രശ്നത്തിൽ ഇടപെടണം. ഇത് സംബന്ധിച്ച് ധാരാളം അഭിപ്രായങ്ങൾ പുറത്തുവന്നപ്പോൾ അഡ്വ: കാളീശ്വരം രാജ് എന്നൊരു അഭിഭാഷകൻ എഴുതിയ ഒരു അഭിപ്രായം ഞാൻ ശ്രദ്ധിച്ചു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നിരക്ഷനനായ ഒരു വ്യവഹാരിയെപ്പോലെയല്ല, മികച്ച സ്റ്റേറ്റ്മാൻഷിപ്പ് കൈമുതലായിട്ടുള്ള ഒരു നേതാവിനെപ്പോലെ പെരുമാറണമെന്നാണ് അദ്ദേഹം പറഞ്ഞത്. നമ്മൾ വികാരപ്രകടനം നടത്തിയതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകില്ല. വികാരപരമായി നമ്മൾ പ്രശ്നങ്ങളെ സമീപിച്ച് തമിഴ്നാടുമായി യുദ്ധം ചെയ്ത് പരിഹരിക്കാൻ സാധിക്കുന്ന ഒരു പ്രശ്നമല്ല ഇത്. അതുകൊണ്ട് ഇരുസംസ്ഥാനങ്ങളും തമ്മിൽ കൂടിയാലോചിച്ചുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തണം. അതിന് ഇനി ആർക്ക് സാധിക്കും? കേന്ദ്ര ഗവൺമെന്റിനേ സാധിക്കുകയുള്ളൂ. കേരളത്തിലെ 20 എം.പി. മാർ, രാജ്യസഭയിലെ എം.പി. മാർ ഇവരെ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കൂടി വിളിക്കണം. കേരളത്തിലെ മുഴുവൻ എം.പി. മാരും ഒന്നിച്ചു നിന്നുകൊണ്ട് ഈ പ്രശ്നത്തിൽ ഒരു നിലപാട് എടുക്കണം. കേരളത്തിന്റെ ശബ്ദം ഒറ്റക്കെട്ടാണ് എന്ന് വരുത്തി പാർലമെന്റിൽ ഈ പ്രശ്നം ഉന്നയിക്കണം. തമിഴ്നാട് സ്വാഭാവികമായി ഒറ്റക്കെട്ടായി നിൽക്കും. അങ്ങനെ വരുമ്പോൾ കേരളം ഇക്കാര്യത്തിൽ ഒറ്റക്കെട്ടാണ് എന്ന് സ്ഥാപിച്ച് കേന്ദ്ര ഗവൺമെന്റിനെ കൊണ്ട് രണ്ടു സംസ്ഥാനങ്ങളെയും സംബന്ധിച്ച് ഒരു തീരുമാനമുണ്ടാക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കണം. 2012–ൽ

അന്ന് കേന്ദ്രമന്ത്രിയായിരുന്ന ചിദംബരം നടത്തിയ പ്രസ്താവന ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. ഈ സുപ്രീം കോടതി വിധി തമിഴ്നാടിന് അനുകൂലമായിരിക്കുമെന്ന് അന്ന് അദ്ദേഹം പറഞ്ഞു. സുപ്രീം കോടതി വിധി ഇങ്ങനെയായിരിക്കുമെന്ന് അന്നത്തെ കേന്ദ്ര ധനകാര്യ മന്ത്രിക്ക് എങ്ങനെ യാണ് മുൻകൂട്ടി പറയാൻ സാധിച്ചത്. കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രി മാർ, എം.പി. മാർ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ട് ഇടപെടേണ്ട കാര്യ ത്തിൽ നമുക്ക് പരാജയം സംഭവിച്ചു. ഈ ഘട്ടത്തിൽ തമിഴ്നാട് ഇടപെട്ടു, അവിടെ എല്ലാ രാഷ്ട്രീയപാർട്ടികളും ഒന്നിച്ചുചേർന്ന് ഇടപെട്ടു. കേന്ദ്ര ഭര ണത്തിലുള്ളയാളുകളെ ഉപയോഗിച്ചു. അതാണ് തമിഴ്നാടിൽ നിന്നും മന്ത്രി യായിരുന്ന ചിദംബരം എടുത്ത അന്നത്തെ നിലപാട്. അതിനെക്കാൾ വലിയ പ്രമുഖന്മാർ കേന്ദ്രമന്ത്രിസഭയിൽ നമുക്കുണ്ടായിരുന്നു. എന്നാൽ നമുക്ക് അതിൽ ഇടപെടാൻ സാധിച്ചില്ല. മുല്ലപ്പെരിയാർ ഡാം തകർന്നാൽ അതിലെ വെള്ളം ഇടുക്കി ഡാം താങ്ങിക്കൊള്ളുമെന്ന് ഹൈക്കോടതിയിൽ അഫിഡ വിറ്റ് കൊടുത്തത് നമ്മുടെ അഡ്വക്കേറ്റ് ജനറലാണ്. ഗവൺമെന്റിന്റെ ഒപ്പിനി യൻ തേടാതെ അഡ്വക്കേറ്റ് ജനറലിന് അങ്ങനെയൊരു സത്യവാങ്മൂലം ഹൈക്കോടതിയിൽ കൊടുക്കുമോ? ഹൈക്കോടതിയിൽ കൊടുത്ത സത്യ വാങ്മൂലം സംസ്ഥാന താല്പര്യത്തിന് വിരുദ്ധമാണെങ്കിൽ ആ അഡ്വക്കേറ്റ് ജനറലിനെ ആ നിമിഷം മാറ്റണ്ടേ? ഈ സന്ദർഭം വരെയും നിങ്ങൾ ആ അഡ്വക്കേറ്റ് ജനറലിനെ മാറ്റിയില്ല. അപ്പോൾ അഡ്വക്കേറ്റ് ജനറൽ അഫിഡ വിറ്റ് കൊടുത്തത് ഗവൺമെന്റിന്റെ അനുമതിയോടു കൂടിയാണ്. അന്നത്തെ റവന്യൂ വകുപ്പിന്റെ അനുമതിയില്ലാതെ കൊടുക്കാൻ സാധിക്കുമോ? റവന്യൂ വകുപ്പിന്റെ അനുമതിയില്ലാതെയാണ് കൊടുത്തതെങ്കിൽ അതിൽ ഗവൺമെന്റ് ഇടപെടേണ്ടേ? അഡ്വക്കേറ്റ് ജനറൽ എന്നു പറഞ്ഞാൽ ഗവൺമെന്റിനു മുക

ളിലാണോ? സംസ്ഥാന ഗവൺമെന്റിന്റെ നയം കോടതിയിൽ അവതരിപ്പിക്കാനുള്ള ബാദ്ധ്യത അഡ്വക്കേറ്റ് ജനറലിനാണ്. അവിടെ കൊടുത്ത സത്യവാങ്മൂലമാണ് സുപ്രീം കോടതിയിൽ നമുക്കെതിരായിട്ട് ഉപയോഗിച്ചത്. സുപ്രീം കോടതിയിൽ നടന്ന പ്രധാനപ്പെട്ട വാദം, ഈ ഡാം തകർന്നാൽ കുഴപ്പമൊന്നുമില്ല. കേരള അഡ്വക്കേറ്റ് ജനറൽ തന്നെ കൊടുത്ത അഫിഡവിറ്റ് ഇതാണ്, ഒന്നും സംഭവിക്കാൻ പോകുന്നില്ല. അഥവാ പൊട്ടിപ്പോയാൽ അവിടെ നിന്ന് ഒഴുകുന്ന വെള്ളം ഇടുക്കി ഡാം താങ്ങിക്കൊള്ളും. പിന്നെ ചെറുതോണിയിലാണെങ്കിൽ അവിടെയും താങ്ങാം. 58 ആളുകളെ മാറ്റി താമസിപ്പിച്ചാൽ മതി. നമ്മൾ ഇവിടെ പറഞ്ഞത് 40 ലക്ഷം ആളുകളുടെ പ്രശ്നമാണ്. അഡ്വക്കേറ്റ് ജനറൽ പറഞ്ഞത് 58 ആളുകളെ മാറ്റി താമസിപ്പിച്ചാൽ മതിയെന്നാണ്. 40 ലക്ഷം ആളുകളുടെ പ്രശ്നം സുപ്രീം കോടതിയിൽ അവതരിപ്പിക്കുന്നതിനു പകരം അഡ്വക്കേറ്റ് ജനറൽ കൊടുത്ത ഈ നോട്ടും വച്ച് നമുക്കെതിരായി വാദിച്ചപ്പോൾ നമുക്ക് തടയാൻ സാധിച്ചോ? നമ്മൾ തന്നെ വാദിച്ച് വാദിച്ച് കേസ് തോറ്റു? ഇതല്ലേ സംഭവിച്ചത്. ഈ കോടതി വിധിയിൽ ഏറ്റവും പ്രത്യാഘാതമായ ഘടകം പെരിയാർ ഒരു അന്തർസംസ്ഥാന നദിയാണ് എന്ന് സുപ്രീം കോടതി പൂർണ്ണമായി പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്. അത് ഒരു അന്തർസംസ്ഥാന നദിയല്ല, കേരളത്തിന്റെ നദിയാണ് എന്ന് വാദിക്കാൻ എന്തുകൊണ്ട് നമുക്ക് സാധിച്ചില്ല? അതിന് ഉപോത്ബലകമായ തെളിവുകൾ കോടതിയുടെ മുമ്പിൽ കൊണ്ടുവന്നില്ല. മുല്ലപ്പെരിയാർ അപകടഭീഷണിയുടെ ആഴവും വ്യാപ്തിയും കോടതിയെ ബോദ്ധ്യപ്പെടുത്തിയോ? ഇതിന്റെ ആഴവും വ്യാപ്തിയും കോടതിയെ ബോദ്ധ്യപ്പെടുത്തുന്ന കാര്യത്തിൽ......, നമ്മൾ ഇവിടെ ഇതൊക്കെ സംസാരിക്കുന്നുണ്ട്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, അങ്ങ് വളരെ പ്രസക്തിയുള്ള കാര്യമാണ് പറഞ്ഞത്. 1958-ൽ അധികാരത്തിലിരുന്ന ഗവൺമെന്റാണ് പെരിയാർ അന്തർ സംസ്ഥാന നദിയാണെന്ന കാര്യം സമ്മതിച്ചത്. ഇക്കാര്യത്തിൽ നമുക്കെല്ലാവർക്കും അബദ്ധം പറ്റിയിട്ടുണ്ട്, അക്കാര്യം ശ്രീ. കോടിയേരി ബാലകൃഷ്ണൻ മറന്നുപോകണ്ടാ. ഇനിയെങ്കിലും ഈ അബദ്ധത്തിൽ നിന്നും രക്ഷ നേടാനുള്ള മാർഗ്ഗം ചർച്ച ചെയ്യണമെന്നാണ് ഞാൻ പറയുന്നത്. ഇത് മന: പൂർവ്വം ചെയ്തതല്ല. അന്ന് വെള്ളത്തെ പറ്റി അത്രയേ കണക്കാക്കിയിരുന്നുള്ളൂ. തമിഴ്നാട് രക്ഷപ്പെട്ടോട്ടെ നമുക്ക് വിരോധമില്ലായെന്നുള്ള മാനസികാവസ്ഥയായിരുന്നു. ഞാൻ ഉണ്ടായിരുന്നുവെങ്കിൽ എനിക്കും കോടിയേരി ബാലകൃഷ്ണനാണെങ്കിൽ അങ്ങേയ്ക്കും ഇതേ മാനസികാവസ്ഥ ആയിരിക്കും. നമ്മൾ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അത് സംഭവിച്ചുപോയി.

ശ്രീ. സി. കെ. നാണു: സർ, ഇത് ഏത് ഗവൺമെന്റ്, ആര് ചെയ്തുവെന്നുള്ളതല്ല വിഷയം. ഭൂമിശാസ്ത്രപരമായി ഈ നദി കേരളത്തിന്റെ നദിയാണെന്ന് ബോദ്ധ്യപ്പെടുത്താൻ ആര് ഏത് കാലത്ത് പറഞ്ഞാലും തെളിയിക്കാൻ ഇന്നും ബുദ്ധിമുട്ടില്ലല്ലോ. ഇക്കാര്യം കോടതിയിൽ ശാസ്ത്രീയമായി നദി ഒഴുകുന്നതിന്റെ വസ്തുതകൾ വച്ചുകൊണ്ട്, ഫോട്ടോ വച്ചുകൊണ്ട് പറയാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? വസ്തുത എന്താണെന്നുള്ളത് ഏത് കാലത്തും ബോദ്ധ്യപ്പെടുത്താൻ സാധിക്കാത്തത് എന്തുകൊണ്ടാണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മൾ പല ഘട്ടങ്ങളിലും ശ്രദ്ധിക്കാതെ എടുത്തിട്ടുള്ള നിലപാടുകൾ നമുക്ക് ദോഷം ചെയ്തു. അതാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. അത് ഏത് വർഷമാണെന്ന് നോക്കി, ഏത് ഗവൺമെന്റാണെന്ന് നോക്കിയിട്ടല്ല ഇപ്പോൾ എടുക്കുന്നത്. ഞാൻ എടു

ക്കുന്ന സമീപനം അങ്ങനെയല്ല. ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര അവധാനത നമുക്കില്ല. കഴിഞ്ഞ കാലങ്ങളിൽ വിവിധ ഡോക്യുമെന്റുകളിൽ നടത്തിയ പരാമർശങ്ങൾ നമുക്ക് എതിരായി ഉപയോഗിച്ചു. ഇതാണ് ഇപ്പോൾ അവിടെ സംഭവിച്ചത്. ഭൂകമ്പ ഭീഷണി തുടങ്ങിയ കാര്യങ്ങളെല്ലാം ഇവിടെ നമ്മൾ പറഞ്ഞു. ഇതെല്ലാം അവിടെ വേണ്ട രീതിയിൽ ബോദ്ധ്യപ്പെടുത്താൻ സാധിക്കാഞ്ഞത് എന്തുകൊണ്ടാണ്? തമിഴ്നാടിനുവേണ്ടി അവിടത്തെ ജലവിഭവ വകുപ്പുമന്ത്രി നേരിട്ട് കേസ് നടത്തിപ്പിന്റെ കാര്യത്തെ നിയന്ത്രിച്ചുവെന്ന വാർത്തയുണ്ട്. അതുപോലെ നമുക്കിടപെടാൻ കഴിഞ്ഞിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കണ്ടേ? ഡാമിന്റെ ബലക്ഷയവും അത് തകർന്നാലുണ്ടാകുന്ന ഭവിഷ്യത്തുകളെ സംബന്ധിച്ചും റൂർക്കി ഐ.ഐ.ടി.യുടെ കണ്ടെത്തൽ......... റൂർക്കി ഐ.ഐ.ടി.യുടെ റിപ്പോർട്ട് കിട്ടിയപ്പോൾ നമ്മൾ രക്ഷപ്പെട്ടുവെന്നും നമുക്ക് നല്ലൊരു റിപ്പോർട്ട് കിട്ടിയെന്നുമാണ് ജലസേചന വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. റൂർക്കി ഐ.ഐ.ടി. യുടെ കണ്ടെത്തലുകൾ ഫലപ്രദമായി ഉപയോഗിച്ച് ഇക്കാര്യങ്ങളിൽ ഇടപെടുന്നതിൽ പരാജയം സംഭവിച്ചിട്ടുണ്ടോയെന്ന കാര്യം നമ്മൾ പരിശോധിക്കണം. ഡാമിന്റെ ബലക്ഷയവും തകർന്നാലുണ്ടാകുന്ന മറ്റ് പ്രശ്നങ്ങളും സംബന്ധിച്ചാണ് റൂർക്കി ഐ.ഐ.ടി. യുടെ കണ്ടെത്തലുകൾ. അതു വളരെ പ്രധാനപ്പെട്ട റിപ്പോർട്ടായിരുന്നു. 2006–ലെ കേന്ദ്ര ജലകമ്മീഷൻ റിപ്പോർട്ടിലെ പരമാവധി നീരൊഴുക്ക് തെറ്റാണെന്ന് ബോദ്ധ്യപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടില്ല. ഈ റിപ്പോർട്ടും ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടും മാത്രമേ സുപ്രീംകോടതി കണക്കിലെടുത്തിട്ടുള്ളൂ. പുതിയ അണക്കെട്ട് മാത്രമേ പരിഹാരമുള്ളൂവെന്ന കേന്ദ്ര ജല കമ്മീഷന്റെ 1973–ലെ

റിപ്പോർട്ട് ഫലപ്രദമായി സുപ്രീംകോടതിയുടെ മുമ്പിൽ വന്നിട്ടുണ്ടോ? ജഡ്ജ്മെന്റ് വായിച്ചുനോക്കിയാൽ ഇക്കാര്യങ്ങളൊന്നുംതന്നെ വ്യക്തമല്ല. സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കേണ്ടത് ഭരണകൂടത്തിന്റെ പ്രാഥമികമായ ഉത്തരവാദിത്വമാണ്. അതുകൊണ്ടാണ് ഈ നിയമസഭ ഒരു നിയമനിർമ്മാണം നടത്തിയത്. ആ നിയമനിർമ്മാണം നടന്ന സന്ദർഭത്തിൽ ലീഗൽ സ്ക്രൂട്ടിനി ചെയ്തിട്ടാണ് നിയമനിർമ്മാണത്തിലേയ്ക്ക് പോയത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനാണ് അന്ന് പ്രമേയം അവതരിപ്പിച്ചത്. നമ്മൾ ആ പ്രമേയത്തെ ഇവിടെ നിന്ന് പിന്താങ്ങിയതുമാണ്. അതിനുവേണ്ടി മാത്രമായാണ് അന്ന് നിമയസഭാ സമ്മേളനം ചേർന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അന്നത്തെ നിയമത്തിന്റെ അകത്ത് മുല്ലപ്പെരിയാർ അടക്കമുള്ള ഷെഡ്യൂൾഡ് ഡാമുകളായി 11 ഡാമുകളെ ചേർത്തു. ഈ കോടതി വിധിക്കകത്തും കാണുന്ന സംശയം, അതിൽ മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ച് മാത്രമേ പറയുന്നുള്ളൂ. മറ്റ് ഡാമിനെക്കുറിച്ച് ആ നിയമത്തിൽ ഏത് എഫക്ട് വരെ വരുമെന്നുള്ളതിനെക്കുറിച്ച് പറയുന്നില്ല. അതാണ് ഇതിന്റെയകത്തെ രീിൃേമറശരശേീി. നമ്മൾ പാസ്സാക്കിയ നിയമത്തെ അവർ റദ്ദാക്കി. ആ നിയമം റദ്ദാക്കുമ്പോൾ മുല്ലപ്പെരിയാർ ഡാമിനെ ബാധിക്കുന്ന ഒറ്റ ഇഷ്യൂവിനെ സംബന്ധിച്ചാണ് അവർ പറയുന്നത്. നമ്മൾ 40 വർഷക്കാലത്തിനപ്പുറത്ത് പഴക്കമുള്ള എല്ലാ ഡാമുകളെയും ഷെഡ്യൂൾഡ് ഡാമുകളാക്കി മാറ്റി, ആ ഷെഡ്യൂൾഡ് ഡാമുകൾക്ക് ഡാം സേഫ്റ്റി അതോറിറ്റിക്ക് അതിന്മേലുള്ള ഡയറക്ഷൻ കൊടുക്കാനുള്ള അധികാരം കൊടുത്തു. അവർ മുല്ലപ്പെരിയാർ

ഡാമിനെ മാത്രം പ്ലക്ക് ചെയ്തെടുത്ത് മാറ്റി വിധി വന്നു. അവിടെയാണ് സംശയം നിൽക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, യഥാർത്ഥത്തിൽ മുല്ലപ്പെരി യാർ എന്ന് മാത്രം പറയാതെ 11 ഡാമുകളുടെ സുരക്ഷ കണക്കിലെടുത്ത് ഉണ്ടാക്കിയ നിയമമാണത്. നിമയപരമായി നിലനിൽക്കുമെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ നിയമനിർമ്മാണം നടത്തിയത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അന്ന് അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ള ആളുകൾ നിയമസഭയിൽ വന്നിരുന്നാണ് ആ നിയമം പാസ്സാക്കുന്നത്. നിയമപരമായ എല്ലാ പ്രൊട്ടക്ഷനുകളും എല്ലാ വിധത്തിലുള്ള സഹായങ്ങളും അന്ന് ഉണ്ടായിരുന്നു. ഈ സഭയുടെ ചരിത്രത്തിലെ സുപ്രധാന നിമിഷം എന്നുള്ള നിലയിൽ അഡ്വക്കേറ്റ് ജനറലും സഭയിൽ ഹാജരുണ്ടായിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അഡ്വക്കേറ്റ് ജനറൽ അന്ന് ഇവിടെ വന്നിരുന്നു. ഇപ്പോഴത്തെ അഡ്വക്കേറ്റ് ജനറലിനെ വിളിപ്പിക്കേണ്ടതായിരുന്നു. എന്നാൽ നമുക്ക് ഇക്കാര്യത്തിൽ കുറച്ചുകൂടുതൽ വെളിച്ചം കിട്ടുമായിരുന്നു. അദ്ദേഹത്തോട് ചോദിക്കേണ്ട കുറേ പ്രശ്നങ്ങളുണ്ടായിരുന്നു. അദ്ദേഹത്തോട് ചോദിക്കേണ്ടത് മുഖ്യമന്ത്രിയോട് ചോദിച്ചിട്ട് കാര്യമില്ലല്ലോ. അഡ്വക്കേറ്റ് ജനറലുംകൂടിയുള്ള സാഹചര്യത്തിൽ വേണമായിരുന്നു ഈ പ്രശ്നം ചർച്ച ചെയ്യേണ്ടിയിരുന്നത്. അക്കാര്യം നിങ്ങൾതന്നെ ഉറപ്പുവരുത്തേണ്ടതായിരുന്നു. ഇനി എന്ത് ചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ചാണ് നമുക്ക് ആലോചിക്കേണ്ടത്. ഇപ്പോൾ മൂന്നംഗ കമ്മിറ്റിയെ സുപ്രീംകോടതി നിയോഗിച്ചിട്ടുണ്ട്. ആ മൂന്നംഗ കമ്മിറ്റിക്ക് ഒരു അധികാരവുമില്ല. The

committee shall supervise the restoration of FRL in the Mullaperiyar Dam in the elevation of 142 feet എന്നാണ് പറയുന്നത്. അണക്കെട്ടിന്റെ ജലനിരപ്പ് 142 അടി ആയി ഉയർത്തുന്ന സന്ദർഭത്തിൽ അവിടെ മേൽനോട്ടം വഹിക്കാൻ നമ്മുടെ പ്രതിനിധിയെവച്ചുകൊണ്ട് കമ്മിറ്റി രൂപീകരിച്ചിരിക്കുക യാണ്. ഈ കമ്മിറ്റി കൊണ്ട് എന്താണ് കാര്യം; അവിടെ പോകുന്ന നമ്മുടെ പ്രതിനിധിക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? യഥാർത്ഥത്തിൽ വെറുതെ ഒരു കമ്മിറ്റി രൂപീകരിച്ചുവെന്ന് മാത്രമേയുള്ളൂ. ഏകപക്ഷീയമായി നമുക്കെതിരായി വന്നിട്ടുള്ള വിധിയാണ്. ഇനി ഇതിന് പരിഹാരം കാണാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ട്....... നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട രണ്ട് സംസ്ഥാനത്തെ, ഒരു നദിയുമായി ബന്ധപ്പെട്ട പ്രശ്നമെന്ന് പറയുന്നത് സുരക്ഷയുടെ പ്രശ്നമാണ്. ഡാം പൊട്ടിക്കഴിഞ്ഞാൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? ഡാം പൊട്ടിപ്പോയി നിങ്ങൾ അനുഭവിച്ചോ എന്നുപറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ?. 40 ലക്ഷം ജനങ്ങൾ ഒലിച്ചുപോയാൽ സുപ്രീംകോടതിയുടെ അഞ്ചംഗ ബഞ്ചിന് എന്തെങ്കിലും സാംഗത്യമുണ്ടോ? നിങ്ങൾക്ക് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ പിന്നെ കോടതിയെ സമീപിക്കു മെന്ന് പറഞ്ഞാൽ ഡാം പൊട്ടിക്കഴിഞ്ഞിട്ട് കോടതിയിൽ പോയിട്ട് എന്തെ ങ്കിലും കാര്യമുണ്ടോ? ഈ പ്രശ്നം അങ്ങ് കൂടി അംഗീകരിച്ചുകഴിഞ്ഞു. അതുകൊണ്ടാണ് നമ്മൾ ഒന്നിച്ചുചേർന്ന് നിയമസഭ ഇങ്ങനെയൊരു നിലപാട് എടുത്തത്. ഇതിൽ ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസമില്ല. ഇക്കാര്യത്തിൽ നമ്മൾ ഒറ്റക്കെട്ടാണ്. നമ്മൾ അങ്ങോട്ടുമിങ്ങോട്ടും ചില വിമർശനങ്ങളൊക്കെ നടത്തുന്നുണ്ട്. ആ വിമർശനങ്ങളൊക്കെ ഭാവിയിൽ ഇത്തരത്തിലുള്ള ദോഷ ങ്ങൾ സംഭവിക്കാതിരിക്കാനാണ് നടത്തുന്നത്. എന്തെങ്കിലും അപാകതകൾ

സംഭവിക്കാതിരിക്കാനാണ്. ഇപ്പോഴെങ്കിലും വെള്ളത്തിന്റെ പ്രശ്നം ഗൗരവ മായി ചർച്ച ചെയ്യാൻ തുടങ്ങിയെന്നത് കേരളത്തിൽ വന്നിട്ടുള്ള നദീ-ജല ബോധമാണ്. ഡാം സംരക്ഷണം സംബന്ധിച്ച് വന്നിട്ടുള്ള കാര്യമാണ്. ഇതുപ യോഗിച്ചുകൊണ്ട് പഴുതുകളില്ലാതെ ഈ പ്രശ്നത്തിലിടപെടാൻ കേരളം ഒറ്റക്കെട്ടായി നിൽക്കണം. അതിന് ഈ സംസ്ഥാനം ഒന്നിച്ചുനിൽക്കാനുള്ള സൻമനസ്സാണ് ഈ പ്രമേയത്തിലൂടെ വരുന്നത്. അതിന് കേന്ദ്ര ഗവൺമെന്റിനെ കൊണ്ട് ഇടപെടൽ നടത്തണം. ഈ പ്രശ്നത്തിൽ ബഹുമാ നപ്പെട്ട മുഖ്യമന്ത്രി കേന്ദ്രത്തെ കൊണ്ട് ഇടപെടൽ നടത്തുന്നതിനുവേണ്ടി പ്രത്യേകമായ ശ്രദ്ധ ചെലുത്തണം. കേന്ദ്ര ഗവൺമെന്റുകൾ ഇടപെട്ട് രണ്ട് സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ചുകൊണ്ട് ഇപ്പോൾ വന്നിട്ടുള്ള ഈ കോടതിവിധി നടപ്പിലാക്കുന്നത് തൽക്കാലത്തേയ്ക്ക് നിർത്തിവയ്ക്കാനുള്ള ഇടപെടലുകൾ ഉണ്ടാകണം. ഡാമിലെ ജലനിരപ്പ് 142 അടിയായി പെട്ടെന്ന് ഉയർത്തുമ്പോൾ..... ഇതുകണക്കിലെടുത്തുകൊണ്ട് ഒരു പ്രശ്നം ഉണ്ടാ ക്കുന്നത് ഒഴിവാക്കാൻ കേന്ദ്ര ഗവൺമെന്റ് തൽക്കാലം ഈ വിധി നടപ്പിലാ ക്കുന്നത് മാറ്റിവയ്ക്കാൻ ഇടപെടണം. അതിന് കൂടിയാലോചനകളും ചർച്ച കളും നടത്തിക്കൊണ്ട് പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ വേണ്ടിയുള്ള അന്തരീക്ഷം ഉണ്ടാകാൻ കേരളം തന്നെ മാതൃകാപരമായ നിലപാട് സ്വീകരി ക്കണമെന്നാണ് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>) : സർ, 1887-1895 കാലഘട്ടത്തിൽ നിർമ്മിച്ചതാണ് മുല്ലപ്പെരിയാർ ഡാം. ഡാമിന് 152 അടി പരമാ വധി സംഭരണ ശേഷിയും 15.6 ടി.എം.സി. ഡാമിന്റെ മുൻഭാഗവും പിൻഭാ

ഗവും ചുണ്ണാമ്പ് മിശ്രിതത്തിന്റെ സഹായത്താൽ കരിങ്കല്ലിലാണ് നിർമ്മിച്ചിരിക്കുന്നത്. ഡാമിന്റെ ഉൾഭാഗം ചുണ്ണാമ്പ്-സുർക്കി കോൺക്രീറ്റിനാലാണ് നിർമ്മിച്ചിരിക്കുന്നത്. 1979-ൽ ഡാമിന് ബലക്ഷയമുണ്ടെന്ന് റിപ്പോർട്ട് ചെയ്തത് കേരളമല്ല, കേന്ദ്ര ജലകമ്മീഷനാണ്. അവരുടെതന്നെ നിർദ്ദേശപ്രകാരം ജലനിരപ്പ് 136 അടിയായി താഴ്ത്തി. അതിനുശേഷം ജലനിരപ്പുമായി ബന്ധപ്പെട്ട് നിരവധി റിട്ട് ഹർജികൾ കേരളത്തിലെയും തമിഴ്നാട്ടിലെയും ഹൈക്കോടതികളിൽ ഫയൽ ചെയ്തു. 1998-ൽ ഇവയെല്ലാം ട്രാൻസ്ഫർ പെറ്റീഷനായി ബഹുമാനപ്പെട്ട ഹൈക്കോടതിയിലേയ്ക്ക് മാറ്റി. 2000-ൽ ഇരു സംസ്ഥാനത്തെ മുഖ്യമന്ത്രിമാർ കോവളത്തിരുന്ന് ചർച്ചകൾ നടത്തിയെങ്കിലും ഫലമുണ്ടായില്ല. തുടർന്ന് ഈ പ്രശ്നം പരമോന്നത കോടതിയിൽ ഉന്നയിക്കപ്പെട്ടു. 2006-ലെ വിധിക്കെതിരെ കേരള നിമയസഭ നിയമം പാസ്സാക്കി. അതിനെ ചോദ്യം ചെയ്തുകൊണ്ട് തമിഴ്നാട് സുപ്രീംകോടതിയിൽ ഒറിജിനൽ പെറ്റീഷൻ ഫയൽ ചെയ്തു. 2009-ൽ സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ചിലേയ്ക്ക് കേസ് മാറി. അതിനെത്തുടർന്ന് സുപ്രീംകോടതി 2010-ൽ എംപവേർഡ് കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റിയിൽ കേരളത്തിന്റെയും തമിഴ്നാടിന്റെയും പ്രതിനിധികളുണ്ടായിരുന്നു. കേരളത്തിന്റെ പ്രതിനിധിയായി ജസ്റ്റിസ് കെ.ടി. തോമസും തമിഴ്നാടിന്റെ പ്രതിനിധിയായി ശ്രീ. ലക്ഷ്മണയും വന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, സുപ്രീംകോടതിയുടെ വിധിക്കെതിരായിട്ടല്ല നിയമം പാസ്സാക്കിയത്. കേരളത്തിലെ ജനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടിയുള്ള മുൻകരുതലുകൾ എടുക്കുന്നതിനുവേണ്ടിയാണ്.

<u>ശ്രീ. പി.ജെ. ജോസഫ്</u>: സർ, സുപ്രീം കോടതി വിധിക്ക് എതിരായി നിയമം പാസ്സാക്കി എന്നല്ല സുപ്രീം കോടതി വിധിയെത്തുടർന്ന് ഒരു നിയമം പാസ്സാക്കി എന്നാണ് ഞാൻ പറഞ്ഞത്. അത് കേരളത്തിലെ ജനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടിയായിരുന്നെന്ന കാര്യത്തിൽ സംശയമില്ല. ഹൈഡ്രോളജിക്കൽ സേഫ്റ്റി, സീസ്മിക് സേഫ്റ്റി, സ്ട്രക്ച്ചറൽ സേഫ്റ്റി എന്നീ മൂന്ന് കാര്യങ്ങളാണ് ഡാമിന്റെ സുരക്ഷ സംബന്ധിച്ച് ഉന്നതാധികാര സമിതിയോട് പരിശോധിക്കാൻ പറഞ്ഞത്. ഈ മൂന്ന് കാര്യത്തിൽ കേരളം എടുത്ത ഒരു പ്രധാനപ്പെട്ട തീരുമാനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ എടുത്തതാണ്. ഹൈഡ്രോളജിക്കൽ സേഫ്റ്റി – അതിവൃഷ്ടിയുണ്ടായി വെള്ളമുയർന്ന് ഡാം കവിഞ്ഞൊഴുകിയാൽ ഏത് ഡാമും തകരും – അതുസംബന്ധിച്ച് പഠനം നടത്താൻ പൊതുവെ അംഗീകരിക്കപ്പെടുന്ന, ഏറ്റവും യോജ്യമായ ഏജൻസി ഡൽഹി ഐ.ഐ.ടി.യാണ്. അതിലെ ഡോ. ഗൊസെൻ ലോകവ്യാപകമായി അറിയപ്പെടുന്ന ഒരാളാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പഠനം നടത്തി. ആ പഠനത്തിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജ്യീയമയഹല ങമഃശാൗാ എഹീീറ എന്നുള്ള ഒരു വിഷയത്തെ സംബന്ധിച്ച് പഠനം നടത്തി പറഞ്ഞത്, മുല്ലപ്പെരിയാറിന്റെ വൃഷ്ടിപ്രദേശങ്ങളിൽ രണ്ട് ദിവസം തുടർച്ചയായി 61 സെ.മീറ്റർ മഴ പെയ്താൽ ഡാമിന്റെ ജലനിരപ്പ് 152 അടിക്ക് മുകളിൽപ്പോകും. അങ്ങനെ വെള്ളം കവിഞ്ഞൊഴുകുന്ന ഒരു സ്ഥിതിയുണ്ടാകും. അതിനുള്ള വ്യക്തമായ കണക്കുകൾ അദ്ദേഹം അവതരിപ്പിച്ചു. അതിനെതിരെ അന്ന് സുപ്രീം കോടതിയിൽ കേസ് വന്നപ്പോൾ ഡോ. ഗൊസെനെ വരുത്തി വിസ്തരിക്കുകയും അദ്ദേഹം പറയുന്നത് ശരിയാണെന്ന് അന്ന് സുപ്രീം കോടതി അംഗീകരിച്ചതുമാണ്. ആ നിലയ്ക്ക് കേരളത്തിന് അവതരിപ്പിക്കാവുന്ന എറ്റവും പ്രധാന

പ്പെട്ട ഒരു തെളിവായിരുന്നു അത്. അവിടെ മാക്സിമം ഫ്ളെഡ് ഉണ്ടായി ഡാം തകരാനുള്ള സാദ്ധ്യതയുണ്ട്. അതുപോലെ, സീസ്മിക് സുരക്ഷയെപ്പറ്റി റൂർക്കി ഐ.ഐ.ടി.യാണ് പഠനം നടത്തിയത്. അവിടെ റിക്ടർ സ്കെയിലിൽ 6 മുതൽ 6.5 വരെ തീവ്രത രേഖപ്പെടുത്താവുന്ന ഭൂചലനത്തിന് സാദ്ധ്യതയുണ്ട്. തേക്കടി – കടയനല്ലൂർ എന്ന സ്ഥലത്ത് ഭൂചലനത്തിന് ഏറ്റവും സാദ്ധ്യതയുള്ള ഒരു ഫാൾട്ട് 16 കി.മീറ്റർ അടുത്ത് സ്ഥിതിചെയ്യുന്നു. അവിടെ ഒരു ഭൂചലനമുണ്ടായാൽ ഡാം തീർച്ചയായും തകരുമെന്ന് വ്യക്തമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ രണ്ട് വിദഗ്ദ്ധ സമിതികളെയും കേൾക്കുകയും ഇവരുടെ റിപ്പോർട്ടുകൾ പരിശോധിക്കുകയും ഇവരെ വരുത്തി വിസ്തരിക്കുകയും ചെയ്യണമെന്ന് നമ്മുടെ ഉന്നതാധികാര സമിതിയോട് ഞങ്ങൾ അഭ്യർത്ഥിച്ചു. ഇവരെ വിസ്തരിച്ചാൽ അത് അംഗീകരിക്കേണ്ടിവരുമെന്നുള്ളതുകൊണ്ട് അവർ അതിന് തയ്യാറായില്ല. സെൻട്രൽ വാട്ടർ കമ്മീഷന്റെ റിപ്പോർട്ട് തെറ്റാണെന്ന് വന്നതാണ്. എന്നിട്ടും അത് സ്വീകരിച്ചു. തമിഴ്നാട്ടിലെ മറ്റൊരു സമിതിയുടെ റിപ്പോർട്ടും സ്വീകരിച്ചു. ഇത് രണ്ടും സ്വീകരിച്ചുകൊണ്ടാണ് ഈ രണ്ട് കാര്യങ്ങളും അംഗീകരിച്ചത്. സ്ട്രക്ച്ചറൽ സേഫ്റ്റിയെ സംബന്ധിച്ചും പറയാവുന്ന കാര്യങ്ങളൊക്കെ നമ്മൾ കോടതിയിൽ പറഞ്ഞു. ഒരിക്കൽ ബലഹീനമായ ഒരു ഡാമിലേക്ക് കുറെ കോൺക്രീറ്റ് നിറച്ചതുകൊണ്ടുമാത്രം ആ ഡാം നിലനിൽക്കുകയില്ല എന്നുള്ള ഒരു നിലപാട് സ്വീകരിച്ചു. 142 അടിയിൽനിന്ന് 136 അടിയാക്കാൻ പറയുന്നതോടൊപ്പം പുതിയ ഡാം വേണമെന്ന് അന്ന് സെൻട്രൽ വാട്ടർ കമ്മീഷൻ പറഞ്ഞു. അന്ന് താൽക്കാലികമായി മാത്രമാണ് സ്ട്രെങ്ത്തനിംഗ് പറഞ്ഞിരുന്നത്. പക്ഷേ ഇതുമുഴുവൻ സ്ഥിരമായി നിൽക്കുന്നതാണെന്നുള്ള നിഗമനത്തിൽ എത്തിക്കൊണ്ട് മുന്നോട്ടുപോകുകയും ഏറ്റവും ഒടുവിൽ നിയമിക്കപ്പെട്ട

എംപവേർഡ് കമ്മിറ്റി വളരെ ഏകപക്ഷീയമായി നമ്മൾ പറയുന്ന ആളുകളെ കേൾക്കാൻ തയ്യാറാകാതെ തീരുമാനങ്ങളിലേയ്ക്ക് മാറുകയുമാണ് ചെയ്തത്. അതുപോലെ ഈ എംപവേർഡ് കമ്മിറ്റിയിൽ ശ്രീ. കെ.ടി. തോമസ് ഒരു വിയോജനക്കുറിപ്പ് എഴുതിയിട്ടുണ്ടെങ്കിലും ആ വിയോജനക്കുറിപ്പിൽ അദ്ദേഹം ചേർത്തിരിക്കുന്ന ഒരു ഭാഗം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. Idukki dam has a capacity of 75 TMC. But FRL in Idukki dam has never gone beyond 54 TMC. എന്താണ് വസ്തുത; 1981-ലും 1992-ലും 75 TMC ആകുന്ന ആ ഘട്ടം കഴിഞ്ഞ് പൂർണ്ണ ജലനിരപ്പ് എത്തിയതിനെത്തുടർന്ന് ഡാം തുറന്നുവിട്ടിട്ടുണ്ട്. 54 TMC-ക്കുമുകളിൽ ഒരിക്കലും പോയിട്ടില്ലായെന്ന് അതിൽ എഴുതിവച്ചിരിക്കുകയാണ്. മുല്ലപ്പെരിയാർ ഡാം തകർന്നാലും 75 TMCക്ക് മുകളിൽ വരുകയില്ലെന്ന് വരരുത്താനാണ് ഇങ്ങനെ എഴുതിവച്ചിരിക്കുന്നത്. കാരണം 136 അടിയിക്കുമുകളിലേയ്ക്ക് നിൽക്കുമ്പോൾ ഡാം തകർന്നാലും 65 TMC-യെ വരികയുള്ളൂ, 75 TMCക്ക് മുകളിൽ വരില്ലായെന്ന് വരുത്താൻവേണ്ടി മനഃപൂർവ്വം എഴുതിവച്ചിരിക്കുകയാണ്. ഇതൊക്കെ വസ്തുതയല്ലേ; കേരളത്തിൽ രണ്ട് പ്രാവശ്യം ഡാം തുറന്നുവിട്ടത് എല്ലാവർക്കും അറിയാവുന്നതല്ലേ? ഇടുക്കി അണക്കെട്ട് 1976-ൽ കമ്മീഷൻ ചെയ്തതിനുശേഷം 2011 വരെയുള്ള 32 വർഷങ്ങളിൽ 28 വർഷങ്ങളിലും ജലനിരപ്പ് 54 TMC -ക്ക് മുകളിൽ പോയിട്ടുണ്ട്. അങ്ങനെയുണ്ടായിട്ടpw it has never gone beyond 54 TMC എന്ന് എഴുതിവച്ചിരിക്കുകയാണ്. അതായത് ഇതിന് തകരാറൊന്നും വരില്ലെന്ന് വരുത്തണം. അതുപോലെയുള്ള നിലപാട് സ്വീകരിച്ച ഈ എംപവേർഡ് കമ്മിറ്റി ഡാം സുരക്ഷിത

മാണ്, ഒരു കുഴപ്പവുമില്ല എന്ന നിഗമനത്തിലെത്തിയതോടെ നമ്മുടെ കേസ് 90 ശതമാനവും നമുക്ക് ബലഹീനമായി.

ശ്രീ. രാജു എബ്രഹാം: സർ, കെ.ടി. തോമസ് വിയോജനക്കുറിപ്പ് എഴുതിയിട്ടില്ല. എക്സ്പ്ലനേറ്ററി നോട്ടാണ് എഴുതിയത്.

ശ്രീ. പി.ജെ. ജോസഫ്: സർ, അദ്ദേഹം ഒരു Alternative suggestion എന്നുംപറഞ്ഞ് കൊടുത്തതിനകത്താണ് ഇത് എഴുതിയിരിക്കുന്നത്. അദ്ദേഹം വിയോജനക്കുറിപ്പ് എഴുതിയില്ലെന്നുമാത്രമല്ല I am in general agreement with the report and conclusions എന്നാണ് എഴുതിവച്ചിരിക്കുന്നത്. ഈ ഒരു സ്ഥിതിവിശേഷം വന്നപ്പോൾ എങ്ങനെ ഇതിനെ ഫേയ്സ് ചെയ്യാൻ കഴിയും എന്നുള്ളതിനെ സംബന്ധിച്ച് ഞാൻ പല പ്രാവശ്യം ഡൽഹിയിൽപോയി ശ്രീ. സാൽവെയുമായും മറ്റ് അഭിഭാഷകരുമായും ചർച്ച ചെയ്തു. സുപ്രീം കോടതിയിൽ ഈ കേസ് വിസ്താരം നടന്ന ദിവസങ്ങളിലെല്ലാംതന്നെ ഞാൻ അവിടെയുണ്ടായിരുന്നു. നമ്മുടെ പ്രധാനപ്പെട്ട വാദഗതികൾ എംപവേർഡ് കമ്മിറ്റി പരിഗണിക്കാത്തത് സുപ്രീംകോടതിയിൽ വളരെ വിശദമായി ചർച്ച ചെയ്തു. ഡൽഹി ഐ.ഐ.റ്റി.യുടെ ചർച്ച ഏതാണ്ട് രണ്ട് ദിവസം കേൾക്കുകയും നമ്മുടെ വക്കീൽ പറയുന്നത് ശരിയാണെന്നും തമിഴ്നാട് വക്കീൽ പറയുന്നത് തെറ്റാണന്ന് സുപ്രീം കോടതി പറയുകയും ചെയ്തത് പത്രങ്ങളിൽ റിപ്പോർട്ട് വന്നതാണ്. പക്ഷെ അതൊന്നും വിധിയിൽ വന്നില്ല. ഡാം സുരക്ഷിതമല്ലെന്നുള്ളതാണ് നമ്മുടെ നിലപാട്. 999 കൊല്ലവും ഈ ഡാം ഇങ്ങനെ നിൽക്കുകയില്ല. ഈ ഒരു പരിതസ്ഥിതിയിൽ ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം പ്രസക്തിയുള്ളതുതന്നെയാണ്. അന്തർ സംസ്ഥാന നദിയാണോ എന്നുള്ള വിഷയം സുപ്രീം കോടതിയിൽ വന്നപ്പോൾ അല്ല എന്ന് ശ്രീ. പരമേ

ശ്വരൻ നായർ പറഞ്ഞു. 1958–ലെ റിപ്പോർട്ടിൽ ഇങ്ങനെ ഒരു ഭാഗമില്ലേയെന്ന് ചോദിച്ചപ്പോൾ ഉണ്ട് എന്ന് പറഞ്ഞു. അദ്ദേഹം ഇതിനുമുമ്പ് അന്തർ സംസ്ഥാന നദിയല്ലായെന്നുള്ള നിലപാട് അവിടെ പറഞ്ഞതാണ്.

സുപ്രീംകോടതി അവർക്ക് ആവശ്യമുള്ള ഭാഗം എടുത്തുവെന്നുള്ളതാണ്. അന്തർ സംസ്ഥാന നദിയാണെങ്കിൽ സുപ്രീംകോടതിക്ക് അതിനെപ്പറ്റി വിധി പറയാൻ അവകാശമില്ല, ട്രിബ്യൂണലിൽ പോകണം. അന്തർ സംസ്ഥാന നദി എന്ന വിഷയത്തിലല്ല വിധി വന്നിരിക്കുന്നത്. സുപ്രീംകോടതിയുടെ വിധിയെ മറികടക്കാൻവേണ്ടി നിയമം കൊണ്ടുവന്നിരിക്കുന്നു എന്നുള്ള നിലപാടിലാണ്. കരാറിനെ സംബന്ധിച്ചെല്ലാം രണ്ടു മൂന്നു ദിവസം നീണ്ടുനിൽക്കുന്ന വാദഗതികൾ നാം മുന്നോട്ടു വച്ചു. അതിന്റെ ബലഹീനതകളെപ്പറ്റിയെല്ലാം ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പരാമർശിച്ചു. 1970 –ൽ കരാർ പുതുക്കിയപ്പോൾ അതിൽ ബലഹീനതയുണ്ടായിയെന്നുള്ളത് ഒരു വസ്തുതയാണ്. ഇവിടെ വളരെ പ്രസക്തമായ ഒട്ടേറെ അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ വിഷയങ്ങളെ സംബന്ധിച്ച് കേരള ജനതയ്ക്ക് അറിയാം. ഈ ഡാം ഉയർത്തുന്ന ഭീഷണി മറികടക്കാൻ സുപ്രീംകോടതിയുടെ ഫുൾ ബഞ്ചിന്റെ മുന്നിലേയ്ക്ക് ഈ വിഷയം കൊണ്ടുവരാൻ കഴിയുമോയെന്നുള്ള കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചു. തീർച്ചയായും അങ്ങനെയൊരു നീക്കം നടത്തണമെന്നു തന്നെയാണ് എന്റെയും അഭിപ്രായം. ഇതിനായി നമുക്ക് രാഷ്ട്രപതിയെ സമീപിക്കാവുന്നതാണ്. അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റും ഇതിൽ ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. കേന്ദ്ര ഗവൺമെന്റ് ഇതിൽ മധ്യസ്ഥത വഹിക്കണമെന്ന് നമ്മൾ ഇതിനുമുൻപും ആവശ്യപ്പെട്ടിട്ടുണ്ട്.

റോഷി അഗസ്റ്റിൻ പറഞ്ഞതുപോലെ, കരാറുണ്ടാക്കുമ്പോൾ ജനങ്ങളുടെ സുരക്ഷയെക്കരുതി ചില വിട്ടുവീഴ്ചകൾക്ക് കേരളം തയ്യാറായാലും കുഴപ്പ മില്ല. ആ നിലയിലുള്ള നീക്കങ്ങൾ നടത്തണം. അഡ്വക്കേറ്റ് ജനറൽ പറഞ്ഞ അഭിപ്രായം അദ്ദേഹം തിരുത്തുകയുണ്ടായി. ഇത് ഇടുക്കി ഡാമിനെയും ബാധിക്കുമെന്നുള്ള സ്റ്റേറ്റുമെന്റുകളെല്ലാം നമ്മൾ തുടർച്ചയായി കൊടുത്തു കൊണ്ടിരിക്കുന്ന ഘട്ടത്തിൽ തന്നെയാണ് അദ്ദേഹം ആ അഭിപ്രായം പറഞ്ഞത്. കേരളഗവൺമെന്റ് അതിൽ ശക്തമായ എതിർപ്പു പ്രകടി പ്പിക്കുകയും അദ്ദേഹം തന്റെ അഭിപ്രായം തിരുത്തുകയും ചെയ്തു. സുപ്രീം കോടതി വിധിയിൽ അഡ്വക്കേറ്റ് ജനറൽ പറഞ്ഞതൊന്നും വന്നിട്ടില്ല, അതൊന്നും റഫർ ചെയ്തിട്ടില്ല. ഇപ്പോൾ മൂന്നംഗസമിതിയെ നിയമിച്ചിട്ടുണ്ട്. അതുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ല, ഒരു സൂപ്പർവിഷൻ എന്നു മാത്ര മേയുള്ളൂ. എങ്കിലും കാലാകാലങ്ങളിൽ അവിടെയുണ്ടാകുന്ന തകരാറുകൾ ചൂണ്ടിക്കാണിക്കാൻ അവർക്ക് അവകാശമുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. തീർച്ച യായും കേരളത്തിന്റെ പ്രതിനിധി ആ നിലയിൽ പ്രവർത്തിക്കും, കിട്ടാവുന്ന പ്രയോജനം ലഭ്യമാക്കാൻ ശ്രമിക്കും. ഇവിടെ ഉയർന്നുവന്ന മറ്റൊരഭിപ്രായം ഇത്രയും പഴക്കമുള്ളൊരു ഡാം ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ലൊക്കേഷനിൽ സ്ഥിതി ചെയ്യുന്നു എന്നുള്ളത്. യു.എൻ. പോലെയുള്ള മനു ഷ്യാവകാശ സമിതികളുടെയും അന്താരാഷ്ട്ര ഏജൻസികളുടെയും മുമ്പിൽ ഈ വിഷയം കൊണ്ടുവരികയും ഒരു പൊതുജനാഭിപ്രായം വളർത്തിയെടു ക്കുകയും ചെയ്യുക എന്നുള്ളതാണ് ഇനി ചെയ്യേണ്ടുന്നത്. ഗൗരവമായി ആ ലോചിക്കേണ്ട മറ്റൊരുകാര്യം സർവ്വകക്ഷിയോഗത്തിൽ പരാമർശിക്കപ്പെട്ടു. ലോകത്തിലെ പല രാജ്യങ്ങളിലുമുള്ളതുപോലെ ഇൻഡ്യയിലും ഒരു ഡാം സേഫ്റ്റി നിയമം പാസ്സാക്കണം. അങ്ങനെയൊരു നീക്കം കേന്ദ്രത്തിലുണ്ടായ

താണ്, പക്ഷേ അത് പാസ്സായില്ല. ഇത്ര വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഡാമുകൾ ഡീകമ്മീഷൻ ചെയ്യണം എന്നുള്ള വ്യവസ്ഥയോടുകൂടി ഒരു ഡാം സേഫ്റ്റി നിയമം പാസ്സാക്കണം എന്ന ആവശ്യം കേരള നിയമസഭയും, കേരളത്തിലെ എം.പി. മാരും ഒറ്റക്കെട്ടായി ആവശ്യപ്പെടുന്നത് ഗുണകരമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ആ നിലയിലുള്ള ചില നീക്കങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ഇന്നത്തെ ചർച്ചയിൽ മുല്ലപ്പെരിയാർ ഡാം മുതൽ ഇടുക്കി വരെയുള്ള പ്രദേശങ്ങളിൽ അധിവസിക്കുന്ന ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കുറെ നിർദ്ദേശങ്ങൾ ഉയർന്നുവന്നു. ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ ഉണ്ടാകണം. പ്രധാനമായും റവന്യൂ വകുപ്പാണ് അതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടത്. ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളും ഏകോപിച്ച് കൂട്ടുത്തരവാദിത്വത്തോടുകൂടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഞാൻ ഈ വിഷയത്തെ സംബന്ധിച്ച് കൂടുതൽ സംസാരിച്ച് ജനങ്ങളിൽ ആശങ്കയുണ്ടാക്കുന്നു എന്നുള്ള .............

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അവിടത്തെ ജനങ്ങളുടെ ആശങ്ക നിലനിൽക്കുകയാണ്. സംസ്ഥാനഗവൺമെന്റിന് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ എല്ലാകാലത്തും ചെയ്തിട്ടുണ്ട്. കാലവർഷം ശക്തമാകുമ്പോൾ, ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത്, ഈ ചർച്ചയുടെ സ്പിരിറ്റുകൂടി ഉൾക്കൊണ്ടുകൊണ്ട്, കഴിയുമെങ്കിൽ ഈ ആഴ്ചതന്നെ അവിടത്തെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും വിളിച്ച് തിരുവനന്തപുരത്ത് വച്ചാണെങ്കിലും ഇമ്മീഡിയേറ്റായി ഒരു മീറ്റിംഗ് ചേരാൻ തയ്യാറാകണം.

ശ്രീ. പി.ജെ. ജോസഫ്: സർ, തീർച്ചയായും റവന്യൂ വകുപ്പുമന്ത്രിയുമായി അക്കാര്യം അടിയന്തരമായി ആലോചിക്കുന്നതാണ്. റവന്യൂ വകുപ്പിലെ ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗമാണ് ഇക്കാര്യത്തിൽ മുൻകൈ

എടുക്കേണ്ടത്. ഇന്നിവിടെ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ പ്രമേയം പാസ്സാക്കിയതിനുശേഷം കേന്ദ്ര ഗവൺമെന്റിന്റെയും ഇൻഡ്യൻ പ്രസിഡന്റിന്റെയും ലോകമന:സാക്ഷിയുടെയും മുമ്പിൽ ഈ വിഷയം കൊണ്ടുവരാൻ കഴിയത്തക്ക നിലയിൽ നമുക്ക് മുന്നോട്ട് നീങ്ങാം. കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ ഒരു പരിഹാരം ഉണ്ടാകുന്നതിന് കൂട്ടായ ശ്രമം നടത്താം.

ശ്രീമതി. ഇ.എസ് ബിജിമോൾ: സർ, സംസ്ഥാന ദുരന്തനിവാരണ സെൽ അവിടെ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ താത്പര്യമുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് കുറെയധികം ജോലികൾ അവിടെ നിറവേറ്റിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗത്തിനും അക്കാര്യങ്ങളറിയാവുന്നതാണ്. ജനങ്ങളുടെ ഭീതി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഓരോ പഞ്ചായത്തുകളിലും യോഗങ്ങൾ സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അതനുസരിച്ചുള്ള കാര്യങ്ങൾ അവിടെ നടക്കുന്നുണ്ട്. വനം വകുപ്പിൽ നിന്ന് ചില തടസ്സങ്ങൾ ഇടക്കാലയളവിൽ ഉണ്ടായതുകൊണ്ടാണ് അതിന്റെ പൂർത്തീകരണത്തിലേയ്ക്ക് പോകാൻ കഴിയാതിരിക്കുന്നത്. വനം വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും അടിയന്തരമായി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ.ഉമ്മൻ ചാണ്ടി): സർ, മുല്ലപ്പെരിയാറിനെക്കുറിച്ചുള്ള ഈ ചർച്ച തുടങ്ങുന്നതിനുമുമ്പ് അങ്ങ് പ്രകടിപ്പിച്ച അഭിപ്രായം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ് ഈ ചർച്ചയിൽ പങ്കെടുത്തവരെല്ലാം സംസാരിച്ചത്. മാത്രവുമല്ല ഏറ്റവും ഉയർന്ന തലത്തിലുള്ള ഒരു ചർച്ചയുമായിരുന്നു. ഒരു വിധത്തിലും കോടതിക്കോ അല്ലെങ്കിൽ നമ്മുടെ അയൽ സംസ്ഥാനത്തിനോ ബുദ്ധിമിട്ടുണ്ടാക്കുന്ന വിധത്തിലേക്ക് അത് പോയില്ല എന്നതിൽ ഈ സഭയ്ക്ക് എന്നും അഭിമാനിക്കാം. ഇതിൽ പങ്കെടുത്ത എല്ലാവരോടും നന്ദി പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. കോടതിയോടുള്ള ബഹുമാനത്തോടുകൂടിത്തന്നെ പറയട്ടെ, കേരളത്തിലെ ജനങ്ങളുടെ മൊത്തം വികാരം ഉൾക്കൊള്ളുമ്പോൾ ഇത് വളരെ വേദനാജനകമായ ഒന്നാണ്. കേരളം ഉന്നയിച്ചിരുന്ന ഒരു കാര്യവും പരിഗണിച്ചില്ല. എന്നാൽ നിയമവാഴ്ച ആഗ്രഹിക്കുന്ന ഒരു ഗവൺമെന്റിന് കോടതി വിധിക്കപ്പുറത്തേയ്ക്ക് പോകാൻ കഴിയില്ല. അത് വീഴ്ചയാണ്, കാര്യങ്ങൾ കോടതിയെ ബോധ്യപ്പെടുത്തുന്നതിൽ പരാജയപ്പെട്ടു എന്നൊക്കെ പറഞ്ഞാൽ ആ ആക്ഷേപങ്ങളൊക്കെ കേൾക്കാൻ ഞാൻ തയ്യാറാണ്. നമ്മൾ ഉന്നയിച്ച കാര്യങ്ങൾ ഒന്നുംതന്നെ പരിഗണിക്കുകയോ അതിനെ ഗൗരവത്തോടുകൂടി കാണുകയോ ചെയ്തില്ല എന്നതാണ് വാസ്തവം. നമ്മൾ തമിഴ്നാടിന് വെള്ളം കൊടുക്കില്ല എന്ന നിലപാട് എടുത്തതുകൊണ്ടാണ് ഇങ്ങനെയൊരു സമീപനം സ്വീകരിച്ചതെങ്കിൽ മനസ്സിലാക്കാമായിരുന്നു. എന്നാൽ നമുക്ക് അങ്ങനെയൊരു വാദമേയില്ല. നമ്മുടെ നിലപാട് "Water for Tamilnadu, safety for Kerala' എന്നാണ്. വെള്ളം കൊടുക്കുന്നതിന് ഒരു തടസ്സവുമില്ലാതിരുന്നിട്ടും നമ്മുടെ ആശങ്ക പരിഗണിച്ചില്ല എന്നത് നമ്മളെയൊക്കെ വളരെയധികം ബുദ്ധിമുട്ടി

ക്കുന്ന ഒരു കാര്യമാണ്. ഇത് 999 വർഷക്കാലത്തേക്കുള്ള ഒരു എഗ്രിമെന്റാണ്. അത്രയും കാലം ഈ ഡാം നിൽക്കുകയില്ലല്ലോ. അതുകൊണ്ട് നാം ഉന്നയിക്കുന്നത് ഒരേയൊരു കാര്യമാണ്. – നമ്മുടെ സുരക്ഷയ്ക്കും തമിഴ്നാടിന് വെള്ളം കിട്ടുന്നതിനും വേണ്ടി ഈ ഡാം ഇന്ന് പണിയണം. നാളെ വേണമെന്ന് അവർ പറയുന്നു. പത്തോ ഇരുപത്തഞ്ചോ വർഷത്തേയ്ക്കുള്ള ഒരു എഗ്രിമെന്റാണെങ്കിൽ പുതിയൊരു ഡാം വേണമോ, അത് സുരക്ഷിതമല്ലേ എന്നൊക്കെ പറയാം. ഡാമിന്റെ കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ പുതിയ ഡാം എന്ന ആവശ്യം പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അത് അംഗീകരിച്ചില്ലെന്നു മാത്രമല്ല ജലനിരപ്പ് 136 അടിയിൽ നിന്നും 142 അടിയാക്കുന്നതിനുള്ള അനുമതിയും കൊടുത്തിരിക്കുകയാണ്. ഞാൻ മുൻകാലങ്ങളിലെ കണക്കെടുത്തുനോക്കിയപ്പോൾ എന്നെ അത്ഭുതപ്പെടുത്തിയ ഒരു വസ്തുത 136 അടി ജലനിരപ്പ് നിശ്ചയിച്ച വർഷങ്ങളിലാണ് തമിഴ്നാടിന് കൂടുതൽ വെള്ളം കിട്ടിയിരിക്കുന്നത് – 31.21 റ്റി.എം.സി. വരെ. 142 അടി ഉണ്ടായിരുന്ന സമയത്ത് 25.46 റ്റി.എം.സി. വെള്ളം മാത്രമേ തമിഴ്നാടിന് കിട്ടിയിരുന്നുള്ളൂ. പുതിയ ഡാം ഇല്ലെങ്കിലും തമിഴ്നാടിന് വെള്ളം കൊടുക്കാൻ നമ്മൾ തയ്യാറാണ്. പിന്നെ എന്തിന് ജലനിരപ്പ് ഉയർത്തി? ഇതേ ജലനിരപ്പ് വച്ചുകൊണ്ട് സർവ്വകാല റെക്കോർഡിൽ അവർക്ക് വെള്ളം കൊടുത്തിട്ടുള്ളതാണ്. ഇന്നിപ്പോൾ അവർ തേനിയിൽ ഡാം കെട്ടി വെള്ളം സംഭരിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കിയിട്ടുണ്ട്. പുതിയ ഡാം എന്നുള്ള ആവശ്യവും ജലനിരപ്പ് ഉയർത്തരുത് എന്ന വാദവും അവർ തള്ളിക്കളഞ്ഞു. ജലനിരപ്പ് ഉയർത്തിയാൽ ഇവിടെ ജൈവസമ്പത്തിനുണ്ടാകുന്ന നാശം വളരെ വലുതാണ്.. കഴിഞ്ഞ 35 വർഷമായി ജലനിരപ്പ് 136 അടിയായി നിലനിർത്തിയപ്പോൾ വളരെയേറെ വൃക്ഷങ്ങളും ജൈവസമ്പത്തുമെല്ലാം വർദ്ധിച്ചു. ജലനിരപ്പു

യർത്തിയാൽ അതെല്ലാം നശിക്കും. തലസ്ഥാന നഗരിയിലെ കുടിവെള്ള ത്തിനുവേണ്ടി പേപ്പാറ ഡാമിന്റെ ജലനിരപ്പ് 3 അടി വർദ്ധിപ്പിക്കണ മെന്നാവശ്യപ്പെട്ടിട്ട് അത് അനുവദിച്ചിട്ടില്ല. എന്തായാലും ഇക്കാര്യത്തിൽ കേരളം ഒന്നിച്ചു നീങ്ങുന്നുവെന്നുള്ളതിൽ വളരെയധികം സന്തോഷമുണ്ട്. ഈ പ്രശ്നം വന്നപ്പോൾത്തന്നെ ആൾ പാർട്ടി മീറ്റിംഗ് വിളിച്ചുകൂട്ടി. പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടി ചർച്ച ചെയ്യണമെന്നാണ് പ്രതിപക്ഷനേ താവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആവശ്യപ്പെട്ടത്. ഉടൻതന്നെ നിയമസഭ കൂടുമെന്നുള്ളതുകൊണ്ട് അന്ന് പ്രത്യേകമായി സഭചേരാതെ, പതിനൊന്നാം സമ്മേളനത്തിന്റെ ആദ്യ ദിവസംതന്നെ ഇതിന്റെ ചർച്ചവച്ചു. അഡ്വക്കേറ്റ് ജനറ ലിനെ സഭയിൽ വിളിക്കുന്നതുസംബന്ധിച്ച് ശ്രീ. എ. കെ.ബാലൻ ഇന്നിവിടെ പറഞ്ഞു. ഇക്കാര്യം നേരത്തെ പറഞ്ഞിരുന്നെങ്കിൽ നിശ്ചയമായും അദ്ദേഹ ത്തെയും വിളിക്കുമായിരുന്നു. അങ്ങനെ ഒരു നിർദ്ദേശം വരാതിരുന്ന സാഹ ചര്യത്തിൽ വിളിക്കാതെ പോയതാണ്.

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ അഡ്വക്കേറ്റ് ജനറലിന്റെ പല പരാ മർശങ്ങളും അംഗങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഗവൺമെന്റിന്റെ നിലപാടാണോ അഡ്വക്കേറ്റ് ജനറൽ കോടതിയിൽ പറഞ്ഞിട്ടുള്ളത്. അതിനെ അടിസ്ഥാനമാക്കിയാണ് കേരളത്തിനെതിരായിട്ടുള്ള പ്രധാനപ്പെട്ട വിധിക ളൊക്കെ വരുന്നത്. അങ്ങനെയെങ്കിൽ അദ്ദേഹത്തെ ഇംപീച്ച് ചെയ്യാനോ സ്ഥാനം മാറ്റാനോ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങനെയൊരു അഫിഡവിറ്റ് കൊടുത്തിട്ടില്ല. ഡിസാസ്റ്റർ മാനേജ്മെന്റിനെക്കുറിച്ചുള്ള വിവരണം നടക്കുന്നതിനിടയിൽ നിങ്ങൾ എന്തൊക്കെയാണ് പ്രിപ്പയർ ചെയ്തിരിക്കുന്നതെന്ന് ചോദിച്ചപ്പോൾ അന്നത്തെ ഇടുക്കി ഡാമിന്റെ വാട്ടർ ലെവൽ പറഞ്ഞു. ആ വാട്ടർ ലെവൽ

വച്ചുനോക്കിയാൽ ഈ വെള്ളവും ഉൾക്കൊള്ളാൻ സാധിക്കുമെന്ന് ഒരു പ്രത്യേക സാഹചര്യത്തിൽ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞതാണ്. സാഹചര്യം തികച്ചും വ്യത്യസ്തമാണ്. അഫിഡവിറ്റ് കൊടുത്തിട്ടില്ല. കോടതി ചോദിച്ച സമയത്ത് പറഞ്ഞ മറുപടിയുടെ കാര്യമാണ് ഞാനിവിടെ പറഞ്ഞത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇനി എന്ത് എന്നുള്ള ചോദ്യമുണ്ട്. റിവ്യൂ കൊടുക്കാനാണ് തിരുമാനിച്ചിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെല്ലാവർക്കും നല്ല മതിപ്പ് ഉളവാകത്തക്ക രീതിയിലാണ് ശ്രീ. ഹാരിഷ് സാൽവേ നമ്മുടെ കേസ് അവത രിപ്പിച്ചത്. അദ്ദേഹം സ്ഥലത്തില്ല, ഡൽഹിയിൽ നിന്നും തിരിച്ചെത്തിയാലുടൻ ഇത് സംബന്ധിച്ച ചർച്ച പൂർത്തിയാക്കി റിവ്യൂവിന് കൊടുക്കാനാണ് ഉദ്ദേശി ക്കുന്നത്. റിവ്യൂ കൊടുക്കാൻ ചില പോയിന്റുകൾ ശക്തമായിട്ടുണ്ട്. ഇന്ത്യൻ ഇൻഡിപെന്റൻസ് ആക്ട് നിലവിൽ വന്നതോടുകൂടി അതുവരെ നിലവിലുള്ള എല്ലാ എഗ്രിമെന്റുകളും ഇല്ലാതെയാകും എന്നുള്ളതാണ് നമ്മുടെ വാദം. പക്ഷെ സുപ്രീം കോടതി എടുത്ത നിലപാട് അത് പൊളിറ്റിക്കൽ എഗ്രി മെന്റിന് മാത്രമേയുള്ളൂ. ഇതൊരു പൊളിറ്റിക്കൽ എഗ്രിമെന്റല്ല. അതൊരു ലീസ് എഗ്രിമെന്റ് ഫോർ ഷെയറിംഗ് വാട്ടേഴ്സ് ആണ്. അതുകൊണ്ട് ഇതിനു ബാധകമല്ല എന്നൊരു നിലപാടാണ് എടുത്തിരിക്കുന്നത്. നമുക്ക് അക്കാര്യം ചൂണ്ടികാണിക്കേണ്ടി വരും. അതുപോലെ തന്നെ ഇതൊരു ഇന്റർ സ്റ്റേറ്റ് വാട്ടർ റിവർ അല്ല. നമ്മുടെ സംസ്ഥാനത്ത് ഉല്ഭവിച്ച് നമ്മുടെ സംസ്ഥാത്തു കൂടി ഒഴുകി കടലിൽ പതിക്കുന്ന നദിയാണ് പെരിയാർ. തമിഴ്നാടിന്റെ മുന്നൂറോ നാന്നൂറോ ഏക്കർ സ്ഥലത്തേയ്ക്ക് ഈ റിസർവ്വോയറിലെ വെള്ളം കയറി കിടക്കുന്നു. അത് ഒരിക്കലും ഇന്റർ സ്റ്റേറ്റ് റിവറായി കാണാൻ സാധി

ക്കുകയില്ല. ഇത് പ്രകടമായിട്ടുള്ള ഒരു തെറ്റ് തന്നെയാണ് വന്നിരിക്കുന്നത്. എംപവേർഡ് കമ്മിറ്റിയുടെ റിപ്പോർട്ട് നൽകുകയോ, നമുക്ക് അതിന്റെ വ്യൂസ് അറിയുന്നതിനുള്ള അവസരമോ ലഭിക്കുകയുണ്ടായില്ല. നമ്മൾ നടത്തിയയെക്കുറിച്ചൊക്കെ സ്റ്റഡി ശ്രീ. പി. ജെ. ജോസഫ് ഇവിടെ പറഞ്ഞു. ഐ.ഐ.റ്റി ഡൽഹി, ഐ.ഐ.റ്റി റൂർക്കിയുമൊക്കെ നടത്തിയിട്ടുള്ള സ്റ്റഡി സീരിയസായി എടുക്കുക പോലും ചെയ്യാത്ത സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ നമ്മുടെ ജനങ്ങളുടെ സുരക്ഷ ഏറ്റവും പ്രധാനപ്പെട്ടതാണ്. തമിഴ്നാടിന് വെള്ളം കൊടുക്കുന്ന കാര്യത്തിൽ നമുക്കൊരു റിസർവേഷനുമില്ല. അക്കാര്യത്തിൽ ഏത് വിധത്തിലുള്ള ചർച്ചയ്ക്കും നമ്മൾ തയ്യാറാണ്. പക്ഷെ ജനങ്ങളുടെ സേഫ്റ്റിയുടെ കാര്യത്തിൽ ഒരു കോംപ്രമൈസും ഉണ്ടാക്കാൻ സാധിക്കുകയില്ല. അതിനു വേണ്ടി പരമാവധി ഒത്തൊരുമിച്ച് പ്രവർത്തിക്കാം. എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണത്തോടെ നിശ്ചയമായും നമുക്കത് നേടിയെടുക്കാൻ സാധിക്കുമെന്ന വിശ്വാസമാണുള്ളത്.

<u>ചട്ടം 275 അനുസരിച്ചുള്ള സബ്സ്റ്റാന്റീവ് മോഷൻ</u>

സർ, ഇവിടെ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ടിട്ടുള്ള ഒരു പ്രമേയം ഞാൻ വായിക്കുകയാണ്. അത് ഐകകണ്ഠ്യേന പാസ്സാക്കണമെന്ന ഒരു അഭ്യർത്ഥനയുണ്ട്.

"119 കൊല്ലം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് കേരള ജനതയ്ക്കുള്ള ആശങ്ക ഇന്നും നിലനിൽക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് സുരക്ഷയും തമിഴ്നാടിന് വെള്ളവും ലഭ്യമാക്കുന്നതിന് ഒരു പുതിയ ഡാം നിർമ്മിക്കുകയെന്നതാണ് ആത്യന്തികമായ പരിഹാരം.

1979–ൽ കേന്ദ്ര ജല കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് പുതിയ ഡാമിനുവേണ്ടി കേരളവും തമിഴ്നാടും .യോജിച്ച് സ്ഥലം കണ്ടെത്തുകയുണ്ടായി. പുതിയ ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച് ഇരു സംസ്ഥാനങ്ങളും തമ്മിൽ ധാരണയുണ്ടാക്കുവാൻ കേന്ദ്ര ഗവൺമെന്റ് മദ്ധ്യസ്ഥം വഹിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു.

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്തിയാൽ സമീപ പ്രദേശത്തെ വനങ്ങളുടെയും വന്യ ജീവികളുടെയും അപൂർവ്വം സസ്യ ജാലങ്ങളുടെയും നാശത്തിന് കാരണമാകും. നിലവിലുള്ള വനം വന്യജീവി പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ അഭ്യർത്ഥിക്കുന്നു.

അതോടൊപ്പം മുല്ലപ്പെരിയാർ ഡാമിന്റെ താഴെ വസിക്കുന്ന നാൽപ്പത് ലക്ഷത്തോളം ജനങ്ങളുടെ ജീവനും സ്വത്തിനും ഉണ്ടാകാവുന്ന വിപത്തും ഇതുണ്ടാക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷവും പരിഗണിച്ച് ഈ വിഷയം ഭരണ ഘടനയുടെ 143–ാം അനുച്ഛേദം അനുസരിച്ച് ബഹുമാനപ്പെട്ട രാഷ്ട്രപതി സുപ്രീം കോടതിക്ക് റഫർ ചെയ്യണമെന്ന് ഈ സഭ ഏകകണ്ഠമായി അഭ്യർത്ഥിക്കുന്നു.”

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച സബ്സ്റ്റാന്റീവ് മോഷൻ അംഗീകരിക്കുന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

സബ്സ്റ്റാന്റീവ് മോഷൻ സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

******